# അരുണ



[illegible] 1954 4ണ

# അരുണ

## ഗാർഹികമാസിക

എഡിറ്റർ മിസ്സസ് എ. വി. കളത്തിൽ, മാനേജിംഗ് എഡിറ്റർ വറുഗീസ് കളത്തിൽ എം. എ.

| പുസ്തകം 3. | ഫെബ്രുവരി 1954 | ലക്കം 12 |
|---|---|---|

ഗദ്യകവിത

# പതറാത്ത തൂലിക

കെ. എൻ. കുടമാളൂർ

കേരളീയ നന്ദനോദ്യാനത്തിൽ വളമണ്ണിന്റെയും വിത്തിന്റെ പൂക്കളുടെയും മണമാസ്വദിച്ചും കൊണ്ട്, ആ വസന്തപ്പുലരികളുടെ മദ്ധ്യത്തിൽ അമ്പതു വർഷങ്ങളായി ആ യുവകേസരിയുടെ കരസരോജയിൽ ഒരു പൊൻതൂലിക കാണാൻ തുടങ്ങിയിട്ട്. ആ ഇലക്ട്രിക്ക് വിളക്കിന്റെ കീഴിൽനിന്നും നെടുവീർപ്പുകളുയരുകയാണിന്ന്....

പ്രതീക്ഷകൾ...
മധുരസ്മരണകൾ
ഗദ്ഗദങ്ങൾ.

പത്രപ്രവർത്തനചരിത്രത്തിൽ സുവർണ്ണമുദ്ര നേടിയ, അറിവിന്റെ വെള്ളിത്തോണിയിലേക്ക് നമ്മെ ഹഠാദാകർഷിച്ച ആ പണ്ഡിതവരേണ്യന്റെ വായനാഭണ്ഡാരമാണവിടം..

താളുകൾ മറിയുന്നു
വർഷവും വേനലും
കടന്നു പോവുന്നു
വ[illegible]...

പുരുഷാന്തരത്തിന്റെ ശംഖനാദം ആ മുറിയുടെ വാതുക്കൽ വന്നു മുട്ടി വിളിച്ചു ശക്തിയേറിയ ഭാഷയിൽ.... ആ വട്ടമുഖവും ചലിക്കുന്ന കണ്ണുകളും തേനൂറുന്ന പുഞ്ചിരിയുമുള്ള, കരളുറപ്പുള്ള ആ നല്ല മനുഷ്യൻ സംശയിച്ചില്ല. കാലടികൾ ഇടറിയില്ല. ആ ശബ്ദത്തിന്റെ കൈ പിടിച്ചുകൊണ്ട് എഴുന്നേറ്റു നടന്നു മറഞ്ഞു വിശാലതയിലേക്ക് ... അനന്തതയിലേക്ക്. .. ചക്രവാളത്തിന്റെ പരിധിക്കപ്പുറത്തേക്ക്....

ആ കരസരോജയിൽ
പുസ്തകങ്ങൾ
മാസികകൾ
ഡയറിക്കുറിപ്പുകൾ
മനുഷ്യനെ സ്നേഹിക്കുന്ന
തുരുമ്പില്ലാത്ത
ശക്തിയുള്ള

ആർത്തിരമ്പുന്ന അലറുന്ന കടലലകളോടങ്കം വെട്ടുന്ന, പൌരുഷത്തിന്റെ പര്യായമായ ആ പൊൻതൂലിക കരയുകയാണ്. ലോകത്തിലെ നല്ലതും ചീത്തയും വേർതിരിച്ചറിയാവുന്ന എല്ലാ മനുഷ്യസ്നേഹികളോടൊപ്പം...

മനുഷ്യർ
പതറാത്ത തൂലികകൾ
സാഹിത്യസുഹൃത്തുക്കൾ
പത്രമാസികകൾ
അനുശോചിക്കുകയാണ്".....

ആ സാഹിത്യഭക്തന്റെ മായാത്ത പുഞ്ചിരിയും നരച്ച മീശയും വെള്ളവസ്ത്രങ്ങളും ചൂരൽവടിയും കനത്ത കണ്ണടയും സൌഹൃദത്തിന്റേതായ ഹൃദയവും മറക്കാൻ കഴിയുന്നില്ല ...

ആ പതറാത്ത
തൂലിക
ഞങ്ങളെ
ആവേശഭരിതരാക്കുന്നുണ്ട്.
കർത്തവ്യത്തിലേക്ക്...
വെള്ളിവെളിച്ചത്തിലേക്ക്..
മലർവാടിയിലേക്ക്....
ആ കാല്പാടുകൾ
നയിക്കുകയാണ്'....!

(പൌരപ്രകാശം)

# കൽപ്പനകാർത്തിക്-ദേവ് ആനന്ദ്

ടാക്സി ഡ്രൈവർ എന്ന ചിത്രത്തിന്റെ അവസാനത്തെ രംഗങ്ങൾ അഭിനയിച്ചു കൊണ്ടിരുന്നപ്പോൾ ദേവ് ആനന്ദും മിസ്സ് കാർത്തികും പ്രേമബദ്ധരായി, ദമ്പതികളായി. അനേകം യുവതികളുടെ ഹൃദയങ്ങളെ അപഹരിച്ച ദേവ് ആനന്ദിന്റെ ഹൃദയത്തെ അപഹരിച്ച മോഹനിയാണ് കല്പന. അവരുടെ വിവാഹം നടന്നതു് 1954 ജനുവരി 3-ാംനു-ആണ്.

കല്പനയ്ക്കു 22 വയസ്സു പ്രായമേയുള്ളൂ. സിൻഹ എന്നു പേരായ ഒരു തഹസിൽദാരുടെ മകളാണ്. ജനനം ലാഹോറിലാണ്. ചെറുപ്പത്തിൽ ഇവളുടെ പേര് മോണാ എന്നായിരുന്നു. മോണാ എന്ന പേരിൽനിന്ന് അവൾ ഒരു ക്രിസ്ത്യാനിയാണെന്നു വ്യക്തമാണല്ലോ. സാധാരണ മററു താരങ്ങൾ ചെയ്യാറുള്ളതുപോലെ മോണാ ഒരു സിനിമാതാരമായപ്പോൾ കല്പന എന്നപേർ സ്വീകരിച്ചു.



കൽപ്പനകാർത്തിക്

സ്കൂൾ വിദ്യാഭ്യാസം ലാഹോറിലായിരുന്നു. കോളജിൽ കയറിപ്പോഴേക്ക് ഇൻഡ്യാ—പാകിസ്ഥാൻ വിഭജനം ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞു. അതിനാൽ മോണയുടെ കുടുംബം സിംലയിലേക്ക് മാറിത്താമസിച്ചു. മി. സിൻഹയുടെ ഏററവും ഇളയ മകളാണ് മോണ. ഇവർക്ക് അഞ്ചു സഹോദരന്മാരും രണ്ടു സഹോദരിമാരുമുണ്ട്. സിംലയിൽ പോയ ശേഷം സെൻറ് ബെദേസ് വിദ്യാലയത്തിൽ മോണ ചേർന്നു പഠിച്ചു. പഠനത്തിൽ മാത്രമല്ല കല്പനയുടെ ശ്രദ്ധ പതിച്ചിരുന്നത്. നാടകങ്ങളിലും മററും അഭിനയിക്കുന്നതു അവൾക്ക് ഏററവും ഹിതകരമായിരുന്നു. ഒരു ചിത്രം സംവിധാനം ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു കൂട്ടുകാരിയൊന്നിച്ച് സെററിൽ കടന്നു ചെല്ലുകയുണ്ടായി. രൂപ്ഷോറിയായിരുന്നു ഡയറക്ടർ. സിനിമായിൽ അഭിനയിക്കുന്നതു് അവൾക്കിഷ്ടമാണോ എന്നും മററും ഡയറക്ടർ കുശലം പറഞ്ഞ കൂട്ടത്തിൽ ചോദിച്ചു. ഡയറക്ടറുടെ നിർദ്ദേശം കല്പനയ്ക്കു ഹൃദ്യമായി തോന്നി. അദ്ദേഹം അവളുടെ കുറെ ഫോട്ടോകൾ എടുത്തു.

ചേതന ഉമാ ആനന്ദ്, ഇടക്കി

## വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | പതാത്ത ഇലിക (ഗദ്യകവിത)—കെ. എൻ. കുടമാളൂർ | 1 |
| 2. | കല്പനകാർത്തിക്—ദേവ് ആനന്ദ് | 2 |
| 3. | ജീവിതം ഒരു കടംകഥ (ചെറുകഥ)—ആനിക്കാട്ടു ററി. വി. നൈനാൻ | 4 |
| 4. | മരണവുമായുള്ള ഏററുമുട്ടൽ | 9 |
| 5. | കൂരിരുളിനെ തുളച്ചുകയറിവന്ന പ്രകാശരശ്മി—പണ്ഡിത ജവഹർലാൽനെഹ്റു | 12 |
| 6. | ദേഹം തളരുന്നു; ആശകൾ തളിർക്കുന്നു—കുമാരനെല്ലൂർ എ. വി. നമ്പൂതിരി | 13 |
| 7. | ജനനനിയന്ത്രണം—വൈദ്യഭൂഷണം എസ്. കാർത്തികേയൻ | 15 |
| 8. | ഹിപ്നോട്ടിസം—ടി. ആർ. നാരായണൻ | 20 |
| 9. | നിങ്ങൾക്കറിയാമോ? | 22 |
| 10. | അടുക്കളയിൽ | 24 |
| 11. | ആൽബർട്ട് ഐൻസ്റ്റീൻ | 25 |
| 12. | മോഡേൺ ലതികൾ (ഒരു ഭാവന)—ക്ലാപ്പന ജേസ് | 26 |
| 13. | കുട്ടികൾ ധൈര്യമുള്ളവരായിത്തീരുന്നതെങ്ങനെ?—ററി. ചാണ്ടി | 31 |


**മുഖചിത്രം**

**പരേതനായ ശ്രീ കെ. സി. മാമ്മൻ മാപ്പിള**

ടയ്യു അവളുടെ കുടുംബത്തിൽ സന്ദർശിക്കാറുണ്ടായിരുന്നു. "ഉമയുടെ അമ്മ എന്റെ ശേഷക്കാരിയാണ്. അതിനാൽ തലമുറക്കണക്കു നോക്കിയാൽ മിസ്സിസ് ചേതന്റെ കൊച്ചമ്മയാണ് ഞാൻ" എന്നു ചിലപ്പോൾ തമാശ പറയാറുണ്ടായിരുന്നു. ഒരു കോൺട്രാക്റ്റിൽ ഒപ്പുവയ്ക്കുന്ന പ്രശ്നം വന്നപ്പോൾ അവൾ ചേതന്റെ സഹായം അഭ്യർത്ഥിച്ചു. ഉടൻതന്നെ ചേതന്റെ നിയന്ത്രണത്തിലിരുന്ന നവ്കേതൻ എന്ന ചിത്രനിർമ്മാണ സ്ഥാപനത്തിലേക്ക് മോണയെ ചേതൻ ക്ഷണിക്കുകയും താമസിയാതെ മോണ ബോംബെയിൽ ചെന്ന് നവ്കേതനുമായി മൂന്നു വർഷത്തെ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. അന്നുമുതൽ കൽപ്പന കാർത്തിക്, എന്ന പേരിലാണ് അവൾ അറിയപ്പെടുന്നതു്: ബാസി, ആന്ധിയൻ, ഹംസഫർ എന്നീ പടങ്ങളിൽ അവൾ വിജയകരമായി അഭിനയിച്ചു. നവ്കേതന്റെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു വന്ന ടാക്സി ഡ്രൈവർ എന്ന ചിത്രത്തിലെ നായികയുടെ ഭാഗമാണ് കൽപന വഹിച്ചതു്. ഒരു കുമാരന്റെ മട്ടിൽ തുള്ളിച്ചാടി നടക്കുവാൻ പററിയ ചില ഭാഗങ്ങൾ അവൾക്കു് അഭിനയിക്കാനുണ്ടായിരുന്നുവെന്നും അതു് അവൾക്കു വളരെ ഇഷ്ടകരമായിരുന്നുവെന്നും പറയപ്പെടുന്നു. 1953 ആഗസ്റ്റ് മാസത്തിൽ നവ്കേതനുമായുള്ള ഉടമ്പടിയുടെ കാലാവധി കഴിഞ്ഞു. മററു പല കമ്പനികളുമായി ഉടമ്പടിയിലേർപ്പെടുവാൻ ആലോചിച്ചുകൊണ്ടിരുന്നപ്പോഴാണ് ടാക്സി ഡ്രൈവറിലെ നായകന്റെ ഭാഗം അഭിനയിച്ച ദേവ് ആനന്ദ് അവളുടെ ആത്മനാഥനായിത്തീർന്നതു്. അങ്ങിനെ കളി കാര്യമായി, അവൾ ഭരതനാട്യം അഭ്യസിക്കുന്നതിൽ വളരെ താൽപര്യം കാണിക്കുന്നു, സോമർസെററ് മോം, എച്ച്. ജി. വെൽസ്, കൃഷൻ ചന്ദർ, ഇസ്മത് ചഗ്തായ് എന്നിവരുടെ ഗ്രന്ഥങ്ങളാണ് അവൾ ഇഷ്ടപ്പെടുന്നതു്. പാചകവിദ്യയിൽ അവളുടെ സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. സ്വസഹോദരന്മാരോടൊന്നിച്ച് അവൾ ചിലപ്പോൾ നായാട്ടിനു പോകാറുണ്ട്. പക്ഷെ തനിക്കു് ശരിയ്ക്കു വെടിവെക്കാൻ അറിഞ്ഞുകൂടെന്നു് അവൾ കുണ്ഠിതപ്പെടുകയും ചെയ്യും. കുതിരസവാരിയിലും നീന്തലിലും അവൾ വിദഗ്ദ്ധയാണ്. അതിരില്ലാത്ത അഭിലാഷങ്ങളാണ് അവളുടെ ഹൃദയത്തിൽ മൊട്ടിട്ടു നിൽക്കുന്നതു്. അഭിനയത്തിൽ പൂർണ്ണത നേടണം, ചെറുകഥയെഴുതണം, ചൈനീസ് ഭക്ഷണം പാകം ചെയ്യണം, പേർഷ്യൻഭാഷയും ഫ്ര



ദേവ് ആനന്ദ്

# ജീവിതം ഒരു കടംകഥ

ആനിക്കാട്ടു റി. വി. നൈനാൻ

“എന്നെ കാർത്ത്യായനിയുടെ കേൾ നോക്കിക്കൊള്ളും.”

ഒരു വ്യാഴവട്ടത്തിനു മുമ്പു് ഈണത്തിൽ നീട്ടിപ്പറഞ്ഞ ആ വാക്കുകൾ ഓർത്തുകൊണ്ടാണു ഞാൻ പടി കടന്നതു്.

“പാറു സാറില്ലേ ഇവിടെ”

അല്പം ഉറക്കെ ഞാൻ വിളിച്ചു ചോദിച്ചു.

‘ആരാ അതു്’ ഉള്ളിൽനിന്നുവന്ന ഒരു പരുപരുത്ത ശബ്ദം എന്റെ കാതിൽ വന്നലച്ചു.

ഞാനാണു് ———— കുട്ടിയപ്പൻ

അടുക്കളയിൽനിന്നും ഒരു വൃദ്ധ ഇറങ്ങിവന്നു. ഞങ്ങൾ പരസ്പരം നോക്കി.

അയ്യോ ഇതാരു്. കുട്ടിയപ്പനോ. വയസ്സായില്ലേ എനിക്കു്. പേരു പറഞ്ഞില്ലാരുന്നെങ്കിൽ എനിക്കു മനസ്സിലാവത്തില്ലായിരുന്നു.

ഞാനൊന്നു ചിരിച്ചു.

‘ചാരന്ന ഇവിടെ കേറി ഇരിക്കു’ ഇളംതിണ്ണയുടെ താഴത്തെ കല്പടിയിൽ നിന്നിരുന്ന എന്നെ ഒരു വയസ്സൻ കസേര ചൂണ്ടിക്കാണിച്ചുകൊണ്ടു ക്ഷണിച്ചു.

‘ഇവിടിരിക്കു് ഞാനിത്തിരി കാപ്പി അനത്തിക്കൊണ്ടുവരട്ടെ.’

“അയ്യോ ഒന്നും വേണ്ടാ. ഞാനിച്ചിരെ മുമ്പു കാപ്പി കുടിച്ചതേയുള്ളു.”

“ഓ അതു സാരമില്ല” സാമാന്യത്തിൽ കവിഞ്ഞ വണ്ണമുള്ള ശരീരവും വഹിച്ചുകൊണ്ടു പാറു സാർ അകത്തേക്കു പോയി.

ഒരു നിശബ്ദത അവിടെ പരന്നു. ശൂന്യത നിറഞ്ഞ ഒരു നിശബ്ദത.

ഞാൻ നാലുപുറത്തേക്കും നോക്കി. പുകപിടിച്ചു് തുലാവർഷക്കാലത്തെ മേഘത്തെപ്പോലുള്ള ചുവരിൽ എന്റെ കണ്ണുകൾ തങ്ങിനിന്നു. പുക പിടിച്ചു തെളിമ നശിച്ച ആറെട്ടു ഫോട്ടോകൾ അവിടെ നിരന്നിരിക്കുന്നുണ്ടു്. മങ്ങിമങ്ങി മിന്നിത്തെളിയണമോ എന്നു സംശയിച്ചു നില്ക്കുന്ന നക്ഷത്രങ്ങളെപ്പോലെ. ഞാൻ അവ ഓരോന്നിലും കണ്ണോടിച്ചു. കണക്കില്ലാതെ വെള്ളവും പേറി എപ്പോഴാണു് ചൊരിയേണ്ടതെന്നു കരുതി നില്ക്കുന്ന മഴക്കാറു പോലെ വിങ്ങിപ്പൊട്ടാറായ യൗവനവും പേറിനില്ക്കുന്ന പാർവ്വതി സാറിന്റെ പടങ്ങളാണതെല്ലാം. ചിരിച്ചും ചിന്താക്രാന്തയായും പ്രേമം പൊഴിക്കുന്ന നോട്ടങ്ങളോടുകൂടിയ അന്നത്തെ യൗവനത്തിന്റെ ആ നിറകതിർ. ചുക്കിച്ചുളിഞ്ഞു പല്ലുകളൊക്കെ അടി കവിളൊട്ടി കണ്ണുകൾ കുഴിഞ്ഞു അടുക്കളയിലേക്കു കയറിപ്പോയ ആ രൂപം. അമ്പോ വിധാതാവു നല്ലൊരു ചിത്രകാരനും കൂടിയാണു്. ചലനാത്മകമായ ജീവിതത്തിന്റെ വൈവിധ്യം നിറഞ്ഞ പ്രതീകങ്ങൾ കാലത്തിന്റെ ഓവുചാലിൽ കൂടി അങ്ങനെ ഒലിച്ചൊലിച്ചു പോവുന്ന ഒരു യാഥാർത്ഥ്യം—അതൊരു ഭാവനാകാരന്റെ മൃദുത്വം നിറഞ്ഞ ഹൃദയത്തിനു് എന്നും ഒരു നൂതനപാഠം തന്നെ ആയിരിക്കും. വലത്തുനിന്നും ഇടത്തേക്കു ചാഞ്ഞ ആ ജീവിതത്തിന്റെ അകവശത്തേക്കു് അവൻ അറിയാതെ കടന്നുപോയ എന്റെ ചിന്ത അല്പനേരത്തേക്കു സ്തംഭിച്ചുപോയി.

ഞാൻ ചുറ്റുപാടും ഒന്നു കണ്ണോ

---

ബ്യൂട്ടീഷ്യനും പഠിക്കണം വിദൂരപൗരസ്ത്യരാജ്യത്തു് സഞ്ചരിക്കണം ഇറ്റലിയും സ്പെയിനും ഈജിപ്തും കാണണം. ഇങ്ങനെ പോകുന്നു അവളുടെ അഭിലാഷങ്ങളുടെ പട്ടിക.

പഞ്ചാബി വേഷമാണു അവൾക്കു് പ്രിയംകരമായ വസ്ത്രധാരണരീതി. സാരി അത്ര ഇഷ്ടമില്ല. ‘ജിപ്സി’ കർണ്ണാഭരണമാണു് ആഭരണങ്ങളിൽ നല്ലതു്, ലിപ്സ്റ്റിക്ക് മാത്രമാണു് സൗന്ദവർദ്ധനസ്സുള്ള ഉപകരണം.

അവളുടെ നീണ്ടിരുണ്ട കേശഭാരം അതിൽതന്നെ ഒരു സൗന്ദര്യമാണു്. തലമുടി അഴിച്ചിട്ടിരിക്കുന്നതിൽ അവൾക്കു് കൗതുകമുണ്ടു്. ബാസിയിലെ അഭിനയത്തിന്റെ ആവശ്യത്തിനുവേണ്ടി ഈ തലമുടി അല്പം മുറിക്കേണ്ടി വന്നപ്പോൾ കണ്ണാടിയുടെ മുമ്പിൽ വന്നു് തന്റെ മുറിഞ്ഞ തലമുടി കണ്ടു് അവൾ വാവിട്ടു കരഞ്ഞുപോയി. തലമുടിയോടു് അവൾക്കു് അത്രയ്ക്കു സ്നേഹമാണു്.

കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ അവളെപ്പറ്റി ഒരു ഇംഗ്ലീഷ് മാസികയിൽ ഇങ്ങനെയെഴുതിയിരുന്നു “എന്നോ ഒരു ദിവസം ഒരുത്തനെ അവൾ മഹാഭാഗ്യവാനാക്കിത്തീർക്കും. ഇപ്പോൾ അവൾ അതിനെപ്പറ്റിയും ചിന്തിച്ചു തുടങ്ങിയിട്ടില്ല. അവൾ സ്വയം സന്തുഷ്ടയാണു്. പക്ഷേ, അവൾ അന്നു തന്നെ ആലോചിച്ചിരുന്ന വിവരം ആ ലേഖകൻ അറിഞ്ഞില്ലെന്നു മാത്രമേയുള്ളു. പ്രേമത്തിനെ മൃദുരഹസ്യമെന്നും കവികൾ വിളിക്കാറുണ്ടു്.

ടിച്ചു. വാളുകൾ പൊട്ടിവീണ ഗോപുരങ്ങളുള്ള കിണറും, മുറ്റത്തിനു താഴെ അല്പം കിഴക്കുമാറി പടർന്നുനിൽക്കുന്ന കാട്ടുചെടികളും ഭയാനകതയിൽ നിൽക്കുന്ന കോട്ടാരവും അന്നത്തെപ്പോലെ ഇന്നും നിൽക്കുന്നുണ്ട്. ഉയരത്തിൽ കുടപിടിച്ചു നിൽക്കു താഴെ നിന്നിരുന്ന മുണ്ടുപുന്നയുടെ പൊട്ടുപിടിച്ച കറുപ്പിൽ ഭൂതകാലത്തെ നോക്കി കണ്ണു ചിമ്മാതെ നിൽക്കുന്നുണ്ട്. അന്നത്തെ പ്രകൃതിക്ക് ഇന്നും വലിയ മാറ്റങ്ങൾ ഒന്നും വന്നിട്ടില്ല. പഴയ കാറ്റും പഴയ മഴയും. അന്നത്തെ ചെടികൾ ഇന്നും പൂവിടുന്നുണ്ട്. പന്തലിച്ചു നിൽക്കുന്ന മാവിൻ്റെ പച്ചിലപ്പടർപ്പിൽ നിന്നും മഞ്ഞുതുള്ളികൾ ഇറ്റിറ്റു വീഴാറുണ്ട്.

പക്ഷേ പാറൂസ്സോ.

ദ്രവിക്കാത്ത ഭൂതകാലങ്ങളെ നോക്കി കണ്ണുനീർ പൊഴിച്ചുകൊണ്ട് അവൾ ഭാവിയെ സ്വപ്നം കാണുകയാണ്.

എന്തൊരു ജീവിതം. രസങ്ങളും തണലുമില്ല. അത്യുഗ്രമായ ചൂടിൻ്റെ ഒരു പ്രവാഹം. അവൾ കൈത്തോട്ടു നോക്കിയാലും ഏകാന്തതയാണ്. മനുഷ്യത്വത്തെ മരവിപ്പിക്കുന്ന മൂകത.

എങ്ങനെ ഇവൾ ജീവിക്കുന്നു. എൻ്റെ അന്തരാത്മാവ് എന്നോടു തന്നെ ചോദിച്ചുപോയി. നീണ്ടു പരന്ന പസഫിക്കിൻ്റെ വിരിമാറു പോലെ കിടക്കുന്ന സഹാറായിലെ ജീവിതം ഇതിലും കാമ്യമല്ലേ? കാരണം ചുറ്റുപാടാണവിടത്തെ ഏകാന്തതയ്ക്കുത്തരവാദി. ഇവിടോ? ശുഷ്കിച്ചുപോയ അവളുടെ ജീവിതം തന്നെ. ആ ജീവിതത്തിൻ്റെ ഗതിയിൽ വന്ന വ്യാകരണത്തെറ്റിനുത്തരവാദിത്വം മറ്റാരുടെ ചുമലിലും കെട്ടിവയ്ക്കാൻ സാദ്ധ്യവുമല്ല. ജീവിതം ഏതുവിധമായിരിക്കണമെന്നു വിധിച്ചതും അതനുസരിച്ചു ജീവിച്ചതും അവൾ തന്നെയാണ്.

സമയത്തെ ശപിച്ചുകൊണ്ടു പടിഞ്ഞാറോട്ടു സൂര്യൻ പതുക്കെപ്പതുക്കെത്താണു. അന്തിക്കാറു ചെടികൾക്കു താലപ്പൊലിയും പാട. വൃക്ഷത്തലപ്പുകളിൽ തങ്ങിനിന്ന അന്തിച്ചോപ്പ് പാതിരാപ്പൂക്കാരിയുടെ തുടുത്തുപോയ കവിൾത്തടം പോലെ ശോഭിച്ചു. ഗോപുരത്തിനു താഴെ പാടക്കരിഞ്ഞ പൂക്കളെ പോറ്റിനിന്ന പന്തലിച്ച കാട്ടുചെടിയിലിരുന്നുകൊണ്ടു ഒരു മൈനാ അതി നീട്ടി നീട്ടി ചിലച്ചു.

കാപ്പിയും പലഹാരവുമായി പാറൂസ്സു വന്നു.

പിന്നെന്തൊക്കെ വിശേഷങ്ങൾ? വെളുക്കെ ചിരിച്ചുകൊണ്ടവൾ ചോദിച്ചു. ആ ചിരിയിൽ കട്ടപിടിച്ച കദനത്തിൻ്റെ കനത്തുരുണ്ട വേരുകൾ തെളിഞ്ഞുകാണാമായിരുന്നു.

ഇങ്ങനെയൊക്കെയങ്ങു കഴിയുന്നു.

കുഞ്ഞുങ്ങൾ.

രണ്ട്.

ഹോ കാലം പോയ പോക്കേ. ഇന്നലത്തെപ്പോലെ ഞാനോർക്കുന്നു. കുട്ടിയുടുപ്പുമെളിയിലെടുത്തുകൊണ്ടു താഴത്തെ മാഞ്ചോട്ടിലേയ്ക്കു മാമ്പഴം പെറുക്കുന്നത്. ആ തഴമ്പിന്നുമുണ്ട്. ഒക്കത്തു നോക്കിക്കൊണ്ടു പാറൂസാറു പറഞ്ഞു.

ഞാൻ വല്ലാതെ പുറകോട്ടു പോയി. കൂമ്പെട്ടുനിന്ന ആശകളും പ്രതീക്ഷ വിരിയുന്ന ഹൃദയവും. പുഞ്ചിരിതൂകുന്ന പ്രകൃതിയും അക്കാലം എന്നേ പോയി. ഇനി വരുമോ? വടക്കെ ഉത്തരത്തിലിരുന്നു കൊണ്ട് ഒരു പല്ലി കരഞ്ഞു.

സാറ്—ഞാൻ മൂകത ഭഞ്ജിച്ചു.

ഓ എന്തു പറയാനാ? താളം തെറ്റിയ ഒരു നൃത്തം. പകല് കഴിഞ്ഞാ രാത്രി. രാത്രി കഴിഞ്ഞാ പകല്. അത്ര തന്നെ. ശ്ശോ കാപ്പി ആറുന്നല്ലോ.

തന്നെ ഒള്ളോ?

കാപ്പി ഒറ്റവലിക്കു കുടിച്ചു.

അതേ ഉള്ളൂ.

കുഞ്ചി—,

അവള് മരിച്ചുപോയി.

പ്രകാശം നശിച്ച ആ കണ്ണുകളിൽ നിന്നും തുടിപ്പില്ലാത്ത അവളുടെ കവിൾത്തടങ്ങളിൽ കൂടി രണ്ടു തുള്ളി കണ്ണുനീർ ഒഴുകി.

അച്ഛനോ.

വല്യമ്മച്ചൻ വന്നു കാശിക്കുപോയി. ഉന്നാലു കൊല്ലമായി. പിന്നെ ഇതുവരെ വിവരമൊന്നുമറിയുന്നില്ല.

അയ്യോ കഷ്ടം.

പടർന്നു കയറാൻ മരമില്ലാതെ നിലത്തു വീണു പഴകി മുരടിച്ച ആ മുല്ലവള്ളിയുടെ ഇഴഞ്ഞ ഗതിയിൽ ഞാൻ സഹതപിച്ചു.

വിധിയോ എന്നാ ചെയ്യാം. അവസാനകാലത്തു കുഞ്ചി എനിക്കും ഞാനവർക്കും താങ്ങും തണലുമായിരിക്കുമെന്നോർത്തു. എന്നാൽ ...

അവൾ പൊട്ടിക്കരഞ്ഞു. തകർന്ന കാൽച്ചിലമ്പിൻ്റെ താദാത്മ്യം നശിച്ച സീൽക്കാരം പോലെ.

ഇപ്പം കൂട്ടത്തിലാരൊണ്ട്.

ഞാൻ മാത്രമിങ്ങനെ ഏകയായി കഴിയുകയാ. ഒരു കുറ്റസമ്മതം ആ വാക്കുകളിൽ മുഴച്ചുനിന്നു. മനുഷ്യർക്കു പോലും എന്നോടു വെറുപ്പാ. അവൾ തുടർന്നു പറഞ്ഞു.

അതെന്താ?

അതെ, അതെന്താ. എനിക്കും അറിയാൻ വയ്യാത്ത ഒരു ചോദ്യമാ. ഒരു കുഞ്ഞു പോലും ഈ പടിക്കപ്പുറം കാലു കുത്തുകയില്ല. എന്തുകൊണ്ടാണ്. ലോകം അത്രയ്ക്കെന്നെ വെറുത്തു. എൻ്റെ ജീവിതം നിന്നാടുകയാണീലോകത്തിൻ്റെ മുമ്പിൽ. ഒരു വലിയ സംശയം. എനിക്കീ ലോകത്തിൽ ഇനിയും ജീവിക്കാനർഹതയുണ്ടോ? ഒരു ചത്ത വീടിൻ്റെ പ്രതീതിയുണ്ടായി എനിക്കവിടെ. പഴയ കാലങ്ങൾ ഉതിർത്തുവിട്ട പാറൂസാ

റെൻെറ ജീവിതം എൻെറ ഹൃദയത്തെ വല്ലാതെ കടന്നുപിടിച്ചു; ഒരു മിന്നൽപിണർപോലെ.

അന്നവളൊരായിരുന്നു. അഴകാർന്നിണങ്ങിയ ഒരു ദേവകന്യക. നന്മയും പ്രതീക്ഷയും നിറഞ്ഞ ഒരു യുവതി, സാമാന്യ വിദ്യാഭ്യാസം, ചേരുന്ന സൌന്ദര്യം. തുടിക്കുന്ന യൌവനം. ലഹരി നശിക്കാത്ത മദ്യമാണു് ജീവിതമെന്നവൾ കരുതി. ഒരു പുരുഷൻെറ അടിമയായിരിക്കുക അല്ല സ്ത്രീത്വത്തിനൊരു കുറവാണെന്നു പാറുസാറു വിചാരിച്ചു. ഇന്നാ ആ കാറ്റു് അവളുടെ ജീവിതത്തെ ഇട്ടുപന്താടുകയാണു്. ചുറ്റുപാടുകളെ മറന്നു ഞാൻ കണ്ണീരു കടഞ്ഞെടുത്ത ആ ജീവിതത്തിൻെറ മുമ്പിൽ ഒരു മരപ്പാവയായി.

എനിക്കീ ലോകത്തിൽ ജീവിക്കാനർഹതയുണ്ടോ?

ആ ചോദ്യം എൻെറ തലച്ചോറിൽ വീണ്ടും ചുററിത്തിരിഞ്ഞു.

ഇല്ല, ഇല്ല എന്നുള്ള മറുപടി പറയണമെന്നെനിക്കു തോന്നി;

"ഇന്നെങ്ങനെ കഴിയുന്നു."

"പെൻഷൻ കിട്ടുമല്ലോ. പിന്നെ പറമ്പീന്നു കിട്ടും വല്ലോമൊക്കെ, അതുകൊണ്ടൊക്കെ അങ്ങനെ കഴിയുന്നു. പക്ഷെ അകഴിച്ചിലിനെന്താണു രസമുള്ളതു്"

നിഷേധാർത്ഥത്തിൽ ഞാൻ തല കുലുക്കി.

"പക്ഷെ അന്നു ഞാൻ പറഞ്ഞതു് ഓർമ്മയുണ്ടോ. സാറിൻെറ ജീവിതത്തിൻെറ ഗതി എന്താണെന്നു ചോദിച്ചപ്പോൾ പറഞ്ഞില്ലേ എന്നെ കാത്ത്യായനിയുടെ മകൾ നോക്കിക്കൊള്ളാമെന്നു് ഇന്നോ:"

"എല്ലാം ഒരു വ്യാമോഹമാണു ചിലതെല്ലാം കണ്ടു. അതിൽ പലതും വിശ്വസിച്ചു. അന്നത്തെ ആ വിശ്വാസവും ഇന്നത്തെ ഈ യാഥാർത്ഥ്യങ്ങളും തമ്മിൽ ഒരു പൊരുത്തവുമില്ല.

എന്നാലെൻെറ കുട്ടിയപ്പോ കാത്ത്യായനിയുടെ മോളെ ഞാൻ പെററില്ലെന്നും മൊല കൊടുത്തില്ലെന്നുമേ ഉള്ളൂ. ഞാനെൻെറ ഹൃദയത്തെപ്പോലെ അവളെ ലാളിച്ചു. എന്നെപ്പോലെ ഞാൻ സ്നേഹിച്ചു. അവസാനം അവളും അവളുടെ കടമ നിറവേററി കാലം അവളെ ഒരു യുവതിയാക്കിയപ്പോൾ അവളുടെ ഭാവനയും രൂപം കൊള്ളേണ്ടതല്ലേ. ആടാനും പാടാനും ജീവിതത്തെ നുകരാനും അവൾക്കും അവകാശമില്ലേ ഇന്നവൾ ഒരു കൊച്ചു ഭാഗ്യവതി. വൃക്ഷത്തോട്ടം കാററിനോടും പച്ചിലത്തഴപ്പിനോടും കുശലം ചോദിക്കുന്ന പൊന്നോമനക്കുഞ്ഞുങ്ങളുടെ അമ്മ. കാലം എന്നിൽനിന്നും അവളെയും അകററി ആനന്ദത്തിൻെറ വിരിമാറിലേക്കു പ്രതീക്ഷയുടെ അനന്തതയിലേക്കു്"

വികാരവായ്പേറിയ ഒരു വൃതിയലേകം അവളുടെ സംജാതമായി. അപ്പോൾ ഊതിയ കാററിനും ആ കാററിൽ ഊയലാടിയ ലതകൾക്കും എന്തൊക്കെയോ പറയാനുണ്ടെന്നെനിക്കു തോന്നി.

ഞാനൊരവിവാഹിത. പാറുസാറു് പഴയകാലത്തേക്കു കണ്ണോടിച്ചു. അന്നത്തെ ലോകത്തിൻെറ ഇന്നു വന്നുകൂടിയ ഒരു പാകപ്പിഴ. വികാരം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുകയില്ല ശൂന്യവും ശോകസമ്പൂർണ്ണവും ഭയാനകവുമാണവളുടെ ലോകം. തീച്ചൂളയായിരിക്കും അവളുടെ ഹൃദയം. വെറുപ്പും അസൂയയുമാണവളുടെ കൂടെപ്പിറപ്പു്. അവൾക്കു മരിക്കണമെന്നുണ്ടു്. കുററവാളിയായ ആത്മാവിനു് അനന്തതയിൽ ലയിച്ചാൽ കൊള്ളാമെന്നുണ്ടു്. പക്ഷെ അവളിൽ ചില തെററുതിരുത്തലിനുവേണ്ടി! ആ ജീവിതത്തിൻെറ ഈ വഴുപ്പുകളെല്ലാം മുഴുവൻ കൊണ്ടു പൂന്തോട്ടമൊരുങ്ങുന്നതു്.

എനിക്കു പ്രായമായ അന്നു— അതായതു കണ്ണു തുറന്നു ലോകത്തെ കാണാറായപ്പോൾ ഞാൻ നിശ്ചയിച്ചതാണു് അവിവാഹിതയായി ജീവിക്കാൻ. പുരുഷൻെറ അടിമയായി കഴിയാൻ ഞാൻ കൊതിച്ചില്ല സമാന്യവിദ്യാഭ്യാസവും ചിന്താക്രമങ്ങളുമുള്ള പാറുവും അതാണു് എന്നെ ഇതിലേക്കു പ്രേരിപ്പിച്ചതു് പുരുഷൻെറ ആവശ്യങ്ങളുടെ ഒരു തടങ്കലാണു സ്ത്രീയെന്നു ഞാൻ കരുതി. അന്നത്തെ കാലത്തോളം എല്ലാം ഞാൻ ആദർശത്തിൽ വ്യാപരിച്ചു. അവസാനം ഞാൻ നിശ്ചയിച്ചു കല്യാണമേ വേണ്ടെന്നു്. അങ്ങനെ ലോകത്തിൻെറ ഒരു വഴിതിരിവു് എന്നിൽക്കൂടി ഉണ്ടാവണമെന്നു തന്നെ ഞാൻ നിശ്ചയിച്ചു. അകലത്തിൽ നേർവഴി വിട്ടു അലഞ്ഞിരിഞ്ഞ എൻെറ അന്നത്തെ ചിന്താഗതി ഇന്നെൻെറ ഓരോ രോമകൂപത്തിലും ചുളുചുളെ കുത്തിപറിക്കുകയാണു്. എന്തുചെയ്യാം എല്ലാം തലേലെഴുത്തു. മുജ്ജന്മത്തിലെ സുകൃതക്ഷയം. അമ്മ അന്ത്യശ്വാസം വലിച്ചപ്പോഴും എന്നെ വിളിച്ചുപറഞ്ഞു. പാറുനിൻെറ ജീവിതം പൂർണ്ണമല്ല. പോക്കുവെയിലിൽ നിറപകിട്ടാന്നു് നിൽക്കുന്ന ചെറു പൊന്തകളെ തലോടിവരുന്ന അന്തിക്കാലത്തെ മന്ദസമീരണൻ എൻെറ ചെവിയിൽ ഇന്നും എൻെറ അമ്മയുടെ വാക്കുകളെ പ്രതിധ്വനിപ്പിക്കാറുണ്ടു്.

അന്നൊരിക്കൽ ദേവകി എന്നോടു പറഞ്ഞു.— ഒരു സ്ത്രീ— അവൾ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ഉള്ളവളാണു്. സഹതപിക്കാനും സഹിക്കാനും

ഉള്ളവളാണ്. ആരാധിക്കാനും ആരാധിക്കപ്പെടാനുമുള്ളവളാണ്. ക്ഷമിക്കാനും വഹിക്കാനുമുള്ളവളാണ്. വികാരങ്ങൾ ഉറഞ്ഞു മൃദുത്വം നശിച്ച ഒരു പേക്കിനാവായി കഴിയുന്ന എന്നിൽ മറവിയുടെ മാറാലകൾ നീങ്ങുമ്പോൾ ഇതൊക്കെ ഓർക്കും. സങ്കടപ്പെട്ടും കരയും കണ്ണീരില്ലാത്ത കരച്ചിൽ—അതു ഫലമില്ലാത്ത പ്രാർത്ഥനപോലാണ്. പണ്ട് അനുതാപവിവശയായ ഒരു മഗ്ദലനമറിയം കരഞ്ഞു. അവിടെ പറന്ന ആ കണ്ണുനീർ അവളുടെ പാപങ്ങളെ കഴുകി. എന്നാൽ ഞാൻ ലോകത്തോടു ചെയ്ത പാപം കഴുകിക്കളയാൻ ഇന്നെനിക്കു കണ്ണുനീരു പോലുമില്ല. എനിക്കും കൊതിയുണ്ട്. പ്രേമത്തിന്റെ അനന്തവിഹായസ്സിൽ പ്രണയഗാനം പാടി ചിറകടിച്ച് ഒരു പ്രാവശ്യത്തേക്കെങ്കിലും ഒന്നു ചേക്കേറാൻ ഇനിയും ആവതാകുമോ. അക്കാലങ്ങളൊക്കെ എന്നെ പല്ലിളിച്ചുകാണിച്ചുകൊണ്ടു പറന്നുപോയി.

പാറു സാറു തൽക്കാലത്തേക്ക് ഒന്നു നിറുത്തി. ഒരു ശ്മശാനമൂകത അവിടെ വ്യാപിച്ചു. ഞാൻ പടിഞ്ഞാറോട്ടു നോക്കി. ഇളക്കമില്ലാത്ത കടൽപോലെ നീലാകാശം നിശ്ചലമായിരുന്നു. അതിന്റെ പടിഞ്ഞാറെ അരികിൽ എരിഞ്ഞടങ്ങിയ ഒരു തീക്കനൽ പോലെ സൂര്യൻ ജ്വലിച്ചു. മുറ്റത്തിനു താഴെ അല്പം കിഴക്കുമാറി പന്തലിച്ചു നില്ക്കുന്ന കാപ്പിച്ചെടിയിലെ വാടിക്കരിഞ്ഞ പൂക്കളെ തൊട്ടുരുമ്മിക്കൊണ്ടു കാറ്റടിച്ചു. മണ്ട പോയി പോട്ടു പിടിച്ച ചുണ്ടപ്പനയുടെ മദ്ധ്യഭാഗത്തിരുന്നുകൊണ്ട് ഒരു മരംകൊത്തി വെറുതെ കൊത്തിക്കൊണ്ടിരുന്നു.

'കുട്ടിയപ്പാ' ആവിളിയിൽ മാതൃത്വത്തിന്റെ ഹുങ്കാരം പാകിയിരുന്നു, ആൾക്കുവേണ്ടിയാണ് ഞാനിങ്ങനെ ജീവിക്കുന്നതു്. എനിക്കുവേണ്ടിയോ ലോകത്തിനുവേണ്ടിയോ? ലോകവും ചേർന്നു നടത്തിയ ഈ ജീവിതത്തിന്റെ കൈമാറ്റത്തിൽ എന്തുള്ളു മീതി. തൊണ്ടുപോലുള്ള ഒരു ഹൃദയം. വികാരത്തോടൊത്തു് അതിന്റെ മൃദുത്വവും ചോർന്നുപോയി. മനുഷ്യത്വത്തിന്റെ പേരിൽ. അതിനു സ്പന്ദിക്കുന്നതിനുപോലും ഇന്നവകാശമില്ല.

കള്ളം കാലം ഇട്ടടിച്ചു കപടതയില്ലാത്ത പുഞ്ചിരി പൊഴിക്കുന്ന ശിശുവിനെ എനിക്കു കാണാൻ വയ്യാ. ഓടിനടന്നു തട്ടിയും തടഞ്ഞു വൃക്ഷങ്ങളോടും ഇളംപുല്ലിൻ നാമ്പിൽ പറ്റിപ്പിടിച്ചിരിക്കുന്ന പനിനീർകണങ്ങളോടും ചങ്ങാത്തം പിടിക്കുന്ന അവരാണ് എന്റെ ഏറ്റവും വലിയ ശത്രുക്കൾ. അവരെ കാണുമ്പോൾ ഞാൻ കണ്ണടക്കും. ഹൃദയത്തിന്റെ തുടിപ്പുകൾക്കു ചൂടുപിടിക്കും. പിന്നെ എനിക്കൊരു ശൂന്യതയാണ്. വ്യാഖ്യാനിക്കാൻ വയ്യാത്ത ഒരവ്യക്തത. ഞാൻ വിവാഹിത ആയിരുന്നെങ്കിൽ— —അപ്പുറം കടക്കാനെനിക്കു ധൈര്യം പോരാ.

സ്ത്രീ—അവർ പ്രസവിക്കണം. അല്ലാത്തപക്ഷം അവൾ പെണ്ണല്ല. കുഞ്ഞുങ്ങളെ എടുത്തുകൊണ്ടു പോകുന്ന പെണ്ണുങ്ങളെ കാണുമ്പോൾ മാറിടം വികസിക്കും. ഒരു വല്ലാത്ത ഇക്കിളി തോന്നും. എന്റെ ചുറ്റും ഇരുളിന്റെ ഒരു വൻകോട്ടയുയരും. ഉറക്കെ അലറിക്കരഞ്ഞാലോ എന്നു ഞാൻ ആലോചിക്കും.

ഹാ—ഞാനൊരമ്മയായിരുന്നെങ്കിൽ—എന്റെ ജീവിതത്തിന്റെ കഴിവുകേട് എന്റെ [illegible] വന്നിരിക്കും. ഒരു [illegible] പ്പോലെ [illegible] വൃക്ഷവും പ്രസവിക്കാത്ത പെണ്ണും ശാപകരമാണെന്നാണു [illegible] കൂപ്പാറാണ്. ഒരമ്മയുടെ ഹൃദയം എന്താണെന്നവൾക്കറിഞ്ഞുകൂടാ. മാതൃത്വം അവൾക്കെന്നും കടംകഥയാണ്. സ്ത്രീത്വത്തിന്റെ വ്യാപ്തി അവൾക്കജ്ഞാതമായിരിക്കും. പെണ്ണ്—അവൾ ലോകത്തിന്റെ നട്ടെല്ലാണ്. പക്ഷെ ഞാനോ—വളമില്ലാത്ത പാടം. ഒരു ഭാര്യ ആകുന്നതിനേക്കാൾ ഒരു മാതാവാകാൻ ആണ് കൊതിക്കുന്നു. പക്ഷെ എന്റെ തുളുമ്പിനിന്ന അവസരങ്ങൾ കണ്ണീരു പൊഴിച്ചുകൊണ്ടു വളരെമുമ്പുതന്നെ എന്നെ വിട്ടകന്നുപോയി. ഇന്നാളൊരു ദിവസം അടുത്തെ[illegible]ലെ കൊച്ചുങ്ങൾ അവരുടെ തള്ളയോടു പറഞ്ഞു—'ഈ പാറുസാറിനു പിള്ളാരെ കാണത്തില്ല. കണ്ടാൽ വടിയെടുത്തു തല്ലും. തെറിം പറയും.'

ഇതു കേട്ട അത്തള്ള പറഞ്ഞു:—

"അവർക്കൊരു കൊച്ചുകാല്യ കാണാനില്ലാഞ്ഞാ തെണ്ടി—കല്യാണം വേണ്ടാന്നു പറഞ്ഞു നടന്നതു. മക്കളെ അവിടെങ്ങും കേറിപ്പോവല്ലെ. അവളെ കറുക്കിയെ?"

ആ അമ്മ പറഞ്ഞതു ശരിയല്ലേ? അതെ ഞാനൊരു കിറുക്കിതന്നെയാ. ജീവിതത്തെ മനസ്സിലാക്കാൻ കഴിവില്ലാതെ പോയ ഒരു ഉന്മാദിനി.

അവിവാഹിത ലോകത്തിനൊരധികപ്പറ്റാണ്. അവളോടു സഹതപിക്കാനാളില്ല:

അവിവാഹിത അവളുടെ [illegible] കാരണത്തെ [illegible] ക്കാൻ [illegible] സന്തിന്റെ ഒരു [illegible] ലോകം സന്നദ്ധമല്ല. വിധവ— അവർക്കു ജീവിക്കാൻ സഹതാപത്തിന്റേതായ ഒരു [illegible]. [illegible] സ്ത്രീ—[illegible] ജീവിതത്തിനവകാശിയാണവൾ. [illegible] [illegible] ടെ [illegible] വായം [illegible] ൻ ഭർത്താവുണ്ട്. ഞാനോ—എ

ന്നോട്ടു സഹതപിക്കാനാളില്ല. എന്നെ പരിഹസിക്കാൻ ലോകം മുന്നേറുകയാണു്. ചാകാത്ത പുഴുവും കെടാത്ത തീയുമാണിന്നെനിക്കുള്ള മീതി. ചിന്ത കൂടാത്ത പഠനവും പഠനമില്ലാത്ത ചിന്തയും എന്നെ ചലിക്കുന്ന ഒരു മാംസക്കഷണമാക്കി. പുഴുപാട്ടകൾ പേപ്പട്ടികളെപ്പോലെ നാറ്റംവച്ച ഈ മാംസക്കഷണത്തെ കടിച്ചുവലിക്കുകയാണു്. ഇന്നെനിക്കു നാളെയെപ്പറ്റി ഭയമില്ല. കാരണം നട്ടുമുളയെ നാക്കിനുതക്കു എന്നെനിക്കറിയാം. എങ്കിലും എന്റേതായുള്ള ഇന്നലെകളിലേക്കു ഞാൻ കടന്നുചെല്ലും.

ആകാശത്തിന്റെ പടിഞ്ഞാറെക്കോണിൽ പനിനീർത്തോട്ടങ്ങളും മുന്തിരിത്തോപ്പുകളും ഉയർന്നുവന്നു. അനന്താകാശത്തിൽ വെള്ളിമേഘങ്ങൾ തത്തിക്കളിച്ചു, ഓമനത്വം തുളുമ്പുന്ന ശിശുക്കളെപ്പോലെ. ചൂട്ടുപിടിച്ച ആ കഥാകഥനത്തിലൂടെ ഉരുകുന്ന ഒരു ഹൃദയത്തിന്റെ തേങ്ങിക്കരച്ചിൽ കേൾക്കാമായിരുന്നു.

"പാവം" എന്റെ ചുണ്ടുകൾ അനങ്ങി. വസന്തകാലത്തിൽ ഇളമണം പരത്തേണ്ടതായ ഒരു കുറുമൊഴിപ്പൂവ് മൊട്ടിൽ വാടിദ്രവിച്ചുപോയല്ലോ എന്നു ഞാനോർത്തു.

"ചിന്ത കൂടാത്ത പഠനവും പഠനം കൂടാത്ത ചിന്തയും ദോഷക്കാണു്" എന്റെ മുമ്പിൽക്കൂടി ആ വാക്കുകൾ കടന്നുപോയി.

"ഒരു പെണ്ണിനു ചില ചുമതലകളുണ്ടു്." പീറുസാറു് കൊരണ്ടിവലിച്ചു് ഒന്നുകൂടെ അടുപ്പിച്ചുകൊണ്ടു തുടർന്നു. അവൾ അവൾക്കുള്ളതായ ലോകത്തിലെ ജീവിക്കാവൂ. അവൾക്കവിടെ അടാം ഭ്രംശങ്ങൾ പലതാ. ജീവരവും ജ്വലിതമാക്കേണ്ടുന്ന — ഒന്നോടൊന്നു ലയിച്ച ജീവിതത്തിന്റെ അനന്തമായ നീലാകാശത്തിൽ പൂമ്പാറ്റകളായി പറക്കാം.

രണ്ടാമത്തു് അവൾ ഒരു ഭാര്യയാകുകയെന്നതാണു്. ബലിഷ്ഠമായ രണ്ടു കൈകൾ അവളെ തഴുകി തിലോലിക്കാനുണ്ടു്.

അവളുടെ ചിന്തകൾക്കും വികാരങ്ങൾക്കും പതിഛായ കൊടുക്കാനൊരാളുണ്ടു്. അങ്ങനെ അവളുടെ ജീവിതം ദാമ്പത്യത്തിൽനിന്നും ആരംഭിക്കുന്നു.

അവസാനം അവൾ ഒരമ്മയാകുകയെന്നുള്ളതാണു്. അവളുടെ ജീവിത പരിണാമമാണതു്. എന്നുവെച്ചാൽ അവളുടെ ജീവിതം അപൂർണ്ണതയിൽനിന്നും പൂർണ്ണതയിലെത്തിച്ചേരുന്നുവെന്നർത്ഥം. ഒരു പിഞ്ചുപൈതലിന്റെ അമ്മ എന്നുള്ള വിളിയിൽത്തന്നെ അവളുടെ സ്വർഗ്ഗാനന്ദം തുള്ളിത്തുളുമ്പുന്നുണ്ടു്.

പക്ഷേ ഞാനോ?

ഒരു വന്ധ്യ ആയിരുന്നെങ്കിൽ എനിക്കു സമാധാനിക്കാമായിരുന്നു. സ്ത്രീത്വം പുഷ്പിക്കുന്നതിനു വേണ്ട കഴിവു എന്നിലില്ലെന്നു്.

പക്ഷേ ഞാനൊരു മച്ചിയല്ല. എന്നിരുന്നാലും സ്ത്രീത്വം എന്നിലില്ല. അതു വെള്ളവും വളവുമില്ലാത്ത ചെടിപോലെ മുരടിച്ചുപോയി.

ഇന്നെനിക്കു മരിച്ചാൽ കൊള്ളാമെന്നുണ്ടു്. ആശ്വാസത്തിന്റെ ആ അത്താണിയിൽ കൂലിയില്ലാത്ത ചുമടായ ഈ ജീവിതം ഇറക്കിവെച്ചു വാടാത്ത വസന്തം മുല്ലപ്പൂമാല ചാർത്തുന്ന ശൂന്യതയുടെ ലോകത്തിന്റെ ചക്രവാളസീമയിൽ പോയി ഒളിച്ചാൽ കൊള്ളാമെന്നു ഹൃദയപൂർവ്വമായി കൊതിക്കുന്നു. എന്തിനാണെന്നോ? എന്നിൽ വളർന്നു പന്തലിച്ചുനിൽക്കുന്ന കുറ്റബോധം ഒന്നു മറക്കാൻ. മുമ്പും പിമ്പുമില്ലാതെ, ആനന്ദവും ശോകവുമില്ലാതെ ഇന്നും ജീവിക്കുവാൻ ഒരു ചെറുകാററായിട്ടെങ്കിലും."

ചൂട്ടുപിടിച്ച ഒരു ദീർഘനിശ്വാസം. പാറുസാറിൽനിന്നും പുറത്തേക്കു പോയി. പുതുമഴ കഴിഞ്ഞു ഭൂമിയിൽനിന്നും പാറുന്ന ആവിപോലെ. മൂളിപ്പാട്ടും പാടി എങ്ങുനിന്നോ ഒരു വണ്ടു വന്നു. 'കത്തുന്ന ദീപം ശിഖപ്രഭ വീശുന്ന കുസുമമാണെന്നു് എനിക്കു തോന്നി. ഓരോ ജീവിതവും വരുത്തിവെക്കുന്ന വിന അതത ജീവിതത്തെത്തന്നെ കാലാന്തരത്തിൽ ഏതെല്ലാം വിധത്തിൽ തിരിച്ചുവിടുന്നുണ്ടെന്നു്.

"എങ്കിലും ഞാൻ ലോകത്തിന്റെ നേരെ നോക്കിപ്പോവുംനാളെ ആരുണ്ടെനിക്കു്. അന്ത്യശ്വാസം വലിക്കുമ്പോൾ. എന്റെ നാവിനകത്തു ചെറുവിരൽകൊണ്ടു് ഒരു തുള്ളി വെള്ളം തൊട്ടുതരാനാരുണ്ടെനിക്കു കുട്ടിയപ്പാ, ജീവിതം ഒരു കടംകഥയാണു് എന്നെ സംബന്ധിച്ചിടത്തോളം."

വികാരം തുളുമ്പിനിന്ന ആ ജീവിതകഥനം നിറുത്തി. നീലത്താലത്തിലെ മുല്ലപ്പൂക്കൾപോലെ ആകാശം നക്ഷത്രങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു, കിഴക്കുനിന്നും പച്ചിലത്തഴപ്പിനു നിറംകൊടുത്തുകൊണ്ടു ചന്ദ്രൻ പതുക്കെ ഉയർന്നു. ഘനഗംഭീര്യമുള്ള ആ മൂകത അവിടെ വ്യാപിച്ചു.

ആരുണ്ടെനിക്കു് എന്റെ ഹൃദയം പുറകോട്ടു പോയി.

മുറ്റത്തിനു താഴെ മണ്ട ഉണങ്ങിയ ചുണ്ടപ്പനയുടെ തൊട്ടുകിഴക്കായി പന്തലിച്ചുനിൽക്കുന്ന കാപ്പിച്ചെടിയിൽനിന്നും ഒരു മരംകൊത്തി ചിലച്ചുകൊണ്ടു പറന്നുപോയി.

ആരുണ്ടെനിക്കു്,

ഒരു പക്ഷേ ആ മരംകൊത്തി പറഞ്ഞതു് ഇതായിരിക്കാം.

# മരണവുമായുള്ള ഏററുമുട്ടൽ.

## രാഷ്ട്രപിതാവിൻെറ ജീവിതത്തിലെ പരീക്ഷണഘട്ടങ്ങൾ.

ദക്ഷിണാഫ്റിക്കയിലെ ഇൻഡ്യാക്കാർ അനുഭവിച്ചിരുന്ന ചുരുങ്ങിയ അവകാശങ്ങളെപ്പോലും ഇല്ലാതാക്കുന്ന 1907-ലെ ബ്ളാക്ക് ആക്ട് രൂപമെടുത്തുകൊണ്ടിരുന്ന അവസരത്തിൽ ഗാന്ധിജി അടിയന്തിരമായി മീററിംഗുകൾ വിളിച്ചുകൂട്ടുകയും ഒരു സത്യാഗ്രഹത്തിനു കളമൊരുക്കുകയും ചെയ്തു.


ഇൻഡ്യക്കാർ ഭീരുക്കളല്ലെന്നും തങ്ങളുടെ ആത്മാഭിമാനത്തിനുവേണ്ടി സമരം ചെയ്യുവാൻ അവർ തയ്യാറാണെന്നും തെളിയിക്കയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. ഒരിക്കൽ ജോഹന്നാസ് ബെർഗിൽ ഒരു വമ്പിച്ച യോഗം ചേർന്നു. ഗാന്ധജിയായിരുന്നു പ്രധാന പ്രാസംഗികൻ. പ്രസംഗാനന്തരം അദ്ദേഹം സംഗത്തിൽനിന്നു നിഷ്ക്രമിച്ചു. തൻെറ സ്നേഹിതൻെറ ഭാര്യയായ മിസ്സസ് പോളാക്കും അദ്ദേഹത്തോടുകൂടിയുണ്ടായിരുന്നു. ഈ അവസരത്തിൽ ഒരുവൻ ഇരുളിൽ മറയുന്നതു കണ്ട ഗാന്ധിജി അയാളുടെ സമീപത്തേക്കു ചെന്നു. അദ്ദേഹം അയാളോടു എന്തോ മന്ത്രിച്ചു. അനന്തരം അയാൾ അവരോടു ചേരുകയും ചെയ്തു. അല്പദൂരം നടന്നശേഷം അയാൾ എന്തോ ഒരു സാധനം ഗാന്ധിജിയുടെ കൈയിൽ ഏല്പിച്ചിട്ടു തിരിച്ചുപോയി.

മിസ്സസ് പോളാക്ക ചോദിച്ചു "ആ മനുഷ്യനു എന്താണാവശ്യം പ്രത്യേകിച്ചു വല്ലതുമുണ്ടോ."

ഗാന്ധിജി ശാന്തമായി പ്രതിവചിച്ചു "അതേ അയാൾ എന്നെ കൊല്ലുവാനാണു വന്നതു്."

വധിക്കുവാനാണോ! ഭയങ്കരം! അയാൾക്കു ഭ്രാന്തോ! മിസ്സസ് പോളാക്ക ചോദിച്ചു.

ഗാന്ധിജി മറുപടി പറഞ്ഞു:—ഞാൻ ഗവർമ്മെണ്ടുമായി ജനങ്ങൾക്കെതിരായി ഗൂഢാലോചന നടത്തുന്നുവെന്നും അവരുടെ നേതാ



വാണെന്നു ഭാവിക്കുകയും ദ്രോഹം ചെയ്യുന്നതെന്നും അയാൾ വിശ്വസിച്ചു. അയാൾ പേനാക്കത്തി തിരിച്ചേല്പിക്കുകയും ചെയ്തു. അയാളെ എന്തിനു വിട്ടയച്ചു എന്ന ചോദ്യത്തിനു ഗാന്ധിജി പറഞ്ഞ മറുപടി അയാൾ ഭാവിയിൽ തന്നോടു സ്നേഹമായിരിക്കുമെന്നാണു്.

എല്ലാ ഇൻഡ്യാക്കാരും തങ്ങളുടെ വിരലടയാളങ്ങളുള്ള ഓരോ റെജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ കൈക്കലാക്കണമെന്നു് ആജ്ഞാപിക്കുന്ന ഒരു നിയമം ആഫ്റിക്കയിലുണ്ടായി. ഇതിനെതിരായി ഗാന്ധിജി പ്രക്ഷോഭണം നയിച്ചു. എന്നാൽ എല്ലാവരും സ്വമനസ്സാലെ സർട്ടിഫിക്കറ്റുകൾ റെജിസ്റ്റർ ചെയ്താൽ നിയമം പിൻവലിക്കാമെന്ന ജനറൽ സ്മട്ട്സിൻെറ നിർദ്ദേശം അദ്ദേഹം സ്വീകരിക്കയുണ്ടായി. ഒരു സംഗതി സ്വയം ചെയ്യുന്നതിലും മററുള്ളവരുടെ ആജ്ഞാനുസരണം ചെയ്യുന്നതിലും ഗാന്ധിജികാണിച്ച ഈ വ്യത്യാസം ചിലരെ അസ്വസ്ഥരാക്കി. ഒരു വ്യവസായമിർ ആലം എന്ന പത്താൻകാരൻ പറഞ്ഞു "വിരലടയാളമിടുന്ന കാര്യത്തിലാണു നമ്മുടെ സമരമെന്നാണു് ഞങ്ങൾ പറയുകയുണ്ടായി. ഇൻഡ്യാക്കാരെ 15000 പവനു തങ്കൾ സ്മട്ട്സിനു വിററുകഴിഞ്ഞിരിക്കുന്നു! അള്ളാ സാക്ഷിയായി ഞാൻ പറയുന്നു റെജിസ്ട്രേഷനു് അപേക്ഷിക്കുന്നയാളെ മുൻകൈ എടുക്കുന്നവനെ ഞാൻ കൊല്ലുന്നതാണു്."

ഗാന്ധിജി ഈ ഭീഷണിക്കു വഴങ്ങിയില്ല. അദ്ദേഹം പറഞ്ഞു:- രോഗം വന്നു മരിക്കുന്നതിനേക്കാൾ ഒരു സഹോദരൻെറ കയ്യാൽ മരിക്കുന്നതുകൊണ്ടു എനിക്കു ദുഃഖം വരുന്നില്ല. എൻെറ എതിരാളിയോടു എനിക്കു ദ്വേഷമോ വെറുപ്പോ ഇല്ല",

1908 ഫെബ്രുവരി 10-ാനു ഗാന്ധിജി റെജിസ്ട്രേഷൻ ഓഫീസിൽ പോകുന്നവഴിക്കു മീർ ആലി അദ്ദേഹത്തെ ആക്രമിച്ചു. അയാൾ ഒരു വടികൊണ്ടു ഗാന്ധിജിയെ പ്രഹരിക്കുകയാണു ചെയ്തതു്. അദ്ദേഹം "ഹേ! രാമ" എന്നു നിലവിളിച്ചുകൊണ്ടു ബോധശൂന്യനായി നിലംപതിച്ചു. ശിരസ്സു ഒരു

കല്ലിൽമുട്ടി. അധരത്തിലും കപോലത്തിലും മുറിവു പററി.ഒരുപല്ലിനിളക്കം തട്ടി. നെററി ഒരു കല്ലിൽ തട്ടി മുറിഞ്ഞു. കൂട്ടതൽ പത്താൻകാർ വന്നു അദ്ദേഹത്തെ വീണ്ടും ആക്രമിച്ചു. പോലീസു സഹായത്തിനെത്തി അദ്ദേഹത്തെ അവിടെനിന്നു മാററി. ഡോക്ടർമാർ വേണ്ട ശുശ്രൂഷകൾ ചെയ്യുകയും ചെയ്തു. രണ്ടുമാസത്തേക്കു അദ്ദേഹം വിശ്രമമെടുക്കാൻ ആവശ്യപ്പെടുകയുമുണ്ടായി.

ഗാന്ധിജി സുഖമായി തിരിച്ചു വന്നപ്പോൾ ആദ്യം അന്വേഷിച്ചതു മിർ ആലം എവിടെ എന്നാണ്. അയാളുടെ അറസ്റ്റിനെക്കുറിച്ചു പറഞ്ഞപ്പോൾ അയാളുടെ മോചനത്തിനുവേണ്ടി അദ്ദേഹം വാദിച്ചു. അനന്തരം അദ്ദേഹം ഇപ്രകാരം എഴുതി:—ഈ പ്രവൃത്തി ചെയ്യുന്നവർ തങ്ങൾ എന്തു ചെയ്യുന്നെന്നറിയുന്നില്ല. ഒരു മുസ്ലീം ഇതു ചെയ്തതിനാൽ ഹിന്ദുക്കൾ കോപിക്കും. ഇവിടെ ചൊരിഞ്ഞ രക്തം രണ്ടു സമുദായങ്ങളെയും എന്നെന്നേക്കുമായി ഉറപ്പിക്കട്ടെ.

കൂടാതെ അദ്ദേഹം ആദ്യമായി വിരലടയാളം രജിസ്റ്ററിലിടുകയും ചെയ്തു.

പത്തുദിവസത്തോളം അദ്ദേഹം ഒരു സുഹൃത്തായ റവ. ഡോക്കിന്റെ ഭവനത്തിൽ താമസിച്ചു. ആ വസതി ഒരു അഭയസ്ഥാനമായിരുന്നു പിന്നീടു മീർആലം ഗാന്ധിജിയോടു സഹകരിച്ചു. ഗാന്ധിജി അയാളെ സ്നേഹപൂർവ്വം ഹസ്തദാനം ചെയ്യുകയും തനിക്കു അല്പം പോലും വിദ്വേഷമില്ലെന്നു പറയുകയുമുണ്ടായി.

ഗാന്ധിജി ദക്ഷിണാഫ്രിക്കൻ മണ്ണിൽ കാലുകുത്തിയപ്പോൾ മുതൽ അപകടം അദ്ദേഹത്തെ വലയം ചെയ്തു. ഒരു ട്രെയിനിൽനിന്നു അദ്ദേഹം വലിച്ചെറിയപ്പെട്ടു. പ്രസിഡണ്ടു ക്രൂഗോവിന്റെ കാവൽക്കാരൻ അദ്ദേഹത്തെ പ്രഹരിച്ചു. ഒരു സ്റ്റേജ്കോച്ചിൽവച്ചു വെള്ളക്കാരൻ അദ്ദേഹത്തെ കഠിനമായി മർദ്ദിച്ചു. അങ്ങനെ പലതും!!!

## സഹായത്തിനു് ഒരുദ്യോഗസ്ഥന്റെ ഭാര്യ.

ഗാന്ധിജി രാജകോട്ടിലായിരുന്നപ്പോൾ ദക്ഷിണാഫ്രിക്കയെക്കുറിച്ചു ഒരു ലേഖനമെഴുതി. റോയിട്ടരുടെ കേബിൾ സന്ദേശം അതിനെ നേററാളിലെത്തിച്ചു. ഇതു വെള്ളക്കാരെ രോഷാകുലരാക്കി. 1897 ജനുവരി 3-ാനു- ഗാന്ധിജി ഡർബാൻ തുറമുഖത്തെത്തിയപ്പോൾ അദ്ദേഹം ഈ വിവരം മനസ്സിലാക്കിയെങ്കിലും ഇതിനെ അശേഷം വകവെച്ചില്ല. എന്നാൽ ജനക്കൂട്ടം അദ്ദേഹത്തെ വളയുകയും ഇഷ്ടികകളും കല്ലുകളും ചീഞ്ഞ മുട്ടകളുംകൊണ്ടു എറിയുകയും ചെയ്തു. ഈയവസരത്തിൽ പോലീസു സൂപ്രണ്ടിന്റെ പത്നി ആ വഴിക്കു കടന്നുപോയി. അവർ ഗാന്ധിജിയെ രക്ഷിച്ചു. ഉടൻതന്നെ രണ്ടു പോലീസുകാർ വരികയും അദ്ദേഹത്തെ തന്റെ സ്നേഹിതന്റെ വസതിയിലെത്തിക്കുകയും ചെയ്തു.

എന്നാൽ ജനക്കൂട്ടം വസതിവളയുകയും ഗാന്ധിജിയെ വിട്ടില്ലെങ്കിൽ വീടിനു തീ വെയ്ക്കുമെന്നു ഭീഷണിപ്പെടുത്തുകയുമുണ്ടായി. ഒടുവിൽ അദ്ദേഹം ഒരു ഇൻഡ്യൻ പോലീസുകാരന്റെ വേഷത്തിൽ രക്ഷപ്പെടുകയാണുണ്ടായതു്.

1933 നവമ്പർ 7-ാനു- ഗാന്ധിജി വാർദ്ധയിൽനിന്നു തന്റെ ഹരിജൻ പര്യടനം ആരംഭിച്ചു. ഒരു വമ്പിച്ച ജനക്കൂട്ടത്തോടു അദ്ദേഹം പ്രസംഗിച്ചു. ഹിന്ദുവിന്റെ ഹൃദയത്തിൽനിന്നു് അയിത്തം നീക്കിയാൽ അതിനു് ഇൻഡ്യയിലെന്നല്ല ലോകത്തിലാകമാനം പരിണതഫലങ്ങൾ പ്രദാനം ചെയ്യാൻ കഴിയും. ഈ ലക്ഷ്യത്തിനായി ഞാൻ ജീവിതം സമർപ്പിക്കുന്നു. അദ്ദേഹം ക്ഷേത്രപ്രവേശനബില്ലിനെ അനുകൂലിച്ചു. യാഥാസ്ഥിതിക ഹിന്ദുക്കൾ അതിനെ എതിർത്തു. 1934 ഏപ്രിൽ 26-ാനു- ഗാന്ധിജിയെ ബീഹാറിൽവച്ചു കരിങ്കൊടി പ്രകടനക്കാർ വളയുകയും കാറിന്റെ ചില്ലു തകർക്കുകയും ചെയ്തു. ഒറീസായിലെ ജഗന്നാഥ ദേവാലയം മുതൽ അദ്ദേഹം കാൽനടയായാണു സഞ്ചരിച്ചതു്.

## ബോംബു പൊട്ടി ഏഴു പേർക്കു പരുക്കേററു.

രണ്ടു മാസത്തിനുശേഷം ഗാന്ധിജി പൂനായിലെത്തി അയിത്തത്തിനെതിരായി പ്രക്ഷോഭണം നയിച്ചു. ജൂൺ 25-ാനു- ഗാന്ധിജി സഞ്ചരിക്കുമെന്നുദ്ദേശിച്ചിരുന്ന കാറിൽ ഒരു ബോംബു എറിയപ്പെട്ടു.

7 പേർക്കു പരുക്കേററു. "എനിക്കു, ബോംബെറിഞ്ഞവരോടു സഹാനുഭൂതിയാണുള്ളതു്. എനിക്കു നിവൃത്തിയുണ്ടായിരുന്നെങ്കിൽ ഞാനവരെ മോചിപ്പിക്കുമായിരുന്നു. ഞാൻ രക്തസാക്ഷിത്വത്തിനാഗ്രഹിക്കുന്നില്ല. എന്നാൽ എന്റെ കർത്തവ്യനിർവ്വഹണത്തിൽ അതു വരുന്ന പക്ഷം ഇൻഡ്യയിലെ പരസഹസ്രം ഹിന്ദുക്കളോടൊപ്പം ഞാനതു സ്വീകരിക്കും. ശരിയായ വിധത്തിൽ ഞാൻ അതിനെ സ്വീകരിക്കും.

## രാജകോട്ടിലെ കുഴപ്പങ്ങൾ.

രാജകോട്ടു സംസ്ഥാനത്തിലെ ജനങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ചു 1939-ൽ അവിടെ കുഴപ്പങ്ങൾ ആരംഭിച്ചു. മദ്ധ്യസ്ഥനെന്ന നിലയിൽ സർദാർ പട്ടേൽ നോമിനേററു ചെയ്ത രാജകോട്ടു കൗ

റിയുടെ തീരുമാനങ്ങൾ വിദ്ധ്വംസക പ്രവർത്തകർക്ക് ഇഷ്ടപ്പെട്ടില്ല. ഏപ്രിൽ 1-ാംനു- അവർ ഗാന്ധിജിയെ കരിങ്കൊടികളും ചെരുപ്പുമാലകളും കൊണ്ടു സ്വീകരിക്കുവാൻ ഒരുങ്ങിയിരിക്കുന്നതായി അദ്ദേഹം അറിഞ്ഞു. ഗാന്ധിജി ഇതും വകവെച്ചില്ല. അദ്ദേഹം പ്രാർത്ഥനാസ്ഥലത്തു കാറിലെത്തിയപ്പോൾ ജനങ്ങൾ വളഞ്ഞു. പ്രാർത്ഥനാസമയത്തു ജനങ്ങൾ ക്രൂക്കു വിളിക്കുകയും മററും ചെയ്തുകൊണ്ടിരുന്നു. പ്രാർത്ഥന കഴിഞ്ഞു ഗാന്ധിജി പ്രക്ഷുബ്ധമായ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ നടന്നുപോയി. തന്നെ അനുയാത്ര ചെയ്യാൻ മററുള്ളവരെ അദ്ദേഹം അനുവദിച്ചില്ല. ഇടയ്ക്കു അരക്കെട്ടുഭാഗത്തു ഒരു അടികിട്ടി. അദ്ദേഹത്തിന്റെ തലചുററുന്നുണ്ടായിരുന്നു. ഒരു എതിരാളിയോടു അദ്ദേഹം പറഞ്ഞു "ഞാൻ നിങ്ങളുടെ സംരക്ഷണയിൽ പോകുവാനാഗ്രഹിക്കുന്നു ഈ വിദ്യ ഫലിച്ചു." ഇതു ഞങ്ങളുടെ സത്യാഗ്രഹത്തിന്റെ മാർഗ്ഗം ഗാന്ധിജി പറഞ്ഞു."

ഒരു കവചിതസേന തന്റെ രക്ഷക്കു കാവൽ നിർത്തുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു ശത്രുവിനെ വിശ്വസിക്കുവാൻ ഒരു സത്യാഗ്രഹി ഒരിക്കലും ഭയപ്പെടരുതെന്നുള്ളതായിരുന്നു ഗാന്ധിജിയുടെ സിദ്ധാന്തം. മനുഷ്യസ്വഭാവത്തിൽ ഉള്ള ഉറച്ച വിശ്വാസമായിരുന്നു ആ സിദ്ധാന്തത്തിന്റെ കാതൽ. ഒരിക്കൽ ജിന്നായെ സന്ദർശിക്കുവാൻ അദ്ദേഹം പോകുന്നുവെന്നറിഞ്ഞപ്പോൾ ഹിന്ദുക്കൾ കുപിതരായി. അവർ അദ്ദേഹത്തെ എതിർക്കാൻ ശ്രമിച്ചു അവരിലൊരുവന്റെ കൈവശം ഒരു കാരിരി ഉണ്ടായിരുന്നുവെന്നറിഞ്ഞപ്പോൾ ഗാന്ധിജി പറഞ്ഞതു അതു ഗാന്ധിക്കൊരു ബഹുമതിയാണു് എന്നാണു്.



## വീണ്ടും വിഷമങ്ങൾ.

1946-ൽ വീണ്ടും വിഷമങ്ങൾ തലപൊക്കി. ജൂൺ 29-ാംനു- ഗാന്ധിജി ഒരു സ്പെഷ്യൽ ട്രെയിനിൽ പൂനായിലേക്കു പോകുകയായിരുന്നു. രാത്രിയിൽ ട്രെയിൻ എന്തിലോ മുട്ടി. എഞ്ജിൻ തകർന്നു. രണ്ടു മണിക്കൂർ നന്നാക്കിയശേഷം ട്രെയിൻ യാത്ര തുടർന്നു. എന്നാൽ ഗാന്ധിജിയാകട്ടെ ഈ ഭയങ്കരശബ്ദകോലാഹലങ്ങൾക്കിടയിലും സുന്ദരമായ ഒരു സുഷുപ്തിയുടെ അങ്കതലത്തിൽ തന്നെയായിയിരുന്നു. അടുത്തദിവസം താൻ ഉറങ്ങുന്ന ഫോട്ടോ പത്രങ്ങളിൽ കണ്ടു് അദ്ദേഹം പറയുകയാണു് "ഞാൻ എന്റെ മരണശേഷം എപ്രകാരമായിരിക്കുമെന്നു ഇതിൽനിന്നു മനസ്സിലാക്കാം." അദ്ദേഹത്തിനു ഈശ്വരനിൽ അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. "രാമനാമം മാത്രമാണു എന്റെ ശക്തിയും ആശ്രയകേന്ദ്രവും ഞാൻ ഒരു പാപവും ചെയ്യുന്നില്ല. എനിക്കു് ആരോടും പിണക്കവുമില്ല."

1945-ൽ ഗാന്ധിജി കൽക്കട്ടായിൽ ഒരു മുസ്ലിമിന്റെ വസതിയിൽ താമസിച്ചതു് ഹിന്ദുക്കളെ കുപിതരാക്കി. ആഗസ്റ്റ് 31-ാംനു- അവർ ആ വസതി ആക്രമിച്ചു് കതകുകൾ തല്ലിപ്പൊളിക്കുകയും ജനലുകൾ തകർക്കുകയും ചെയ്തു. ഗാന്ധിജി ഉറക്കമുണർന്നു ശാന്തനായി അവരുടെ മുമ്പിലെത്തി. ജനക്കൂട്ടം കൂടുതൽ പ്രക്ഷുബ്ധമായി. ലാത്തികൊണ്ടുള്ള അടിയിൽനിന്നും ഇഷ്ടികക്കട്ടയിൽനിന്നും മഹാത്മജി ഭാഗ്യവശാൽ രക്ഷപ്പെട്ടു. പിന്നീടു് പോലീസ് വന്നു കണ്ണീർഗ്യാസു് പ്രയോഗിച്ചു ജനക്കൂട്ടത്തെ പിരിച്ചുവിട്ടു.

## അഭയാർത്ഥി ബോംബെറിയുന്നു.

1948—ൽ ഗാന്ധിജിയുടെ അവസാന സത്യാഗ്രഹത്തിനുശേഷം 2ദിവസം കഴിഞ്ഞിരിക്കുന്നു. ജനുവരി 28—ാംനു- ഒരു ഹിന്ദു അഭയാർത്ഥി അദ്ദേഹം പ്രാർത്ഥനയ്ക്കുശേഷം പ്രസംഗിക്കുമ്പോൾ ഒരു ബോംബെറിഞ്ഞു. അതു ഭാഗ്യവശാൽ ലക്ഷ്യം തെററി 150 വാര മാറിയാണു് വീണതു്. ഒരു ഭയങ്കര ശബ്ദത്തോടുകൂടി. ഭിത്തിയുടെ ഒരുഭാഗം തകർന്നു: ഗാന്ധിജി അല്പംപോലും കുലുങ്ങിയില്ല. "ഇതൊരു പട്ടാള മുറയാണു്" ഗാന്ധിജി പറഞ്ഞു.

"ആങ്ങയുടെ പ്രാർത്ഥനാവസരത്തിൽ എന്തെങ്കിലും ശബ്ദമുണ്ടായോ? ഒരാൾ ചോദിച്ചു"

"ഇല്ല" ഗാന്ധിജി തുടർന്നു "നിങ്ങളെന്നെക്കുറിച്ചു് വിഷമിക്കുന്നുവെന്നല്ലേ ആ ചോദ്യം കൊണ്ടു് മനസ്സിലാക്കേണ്ടതു്? ഒരു ഭ്രാന്തന്റെ വെടിയുണ്ടയേററു മരിച്ചാൽ ഞാനതിനെ പുഞ്ചിരിയോടുകൂടി സ്വാഗതം ചെയ്യും. ദൈവം എന്റെഹൃദയത്തിലും അധരപുടങ്ങളിലും സ്ഥിതിചെയ്യുന്നു.!!


# ക്രൂരിരുട്ടിനെ തുളച്ചുകയറിവന്ന പ്രകാശരശ്മി

## മഹാത്മജിയെപ്പററി പണ്ഡിതജവഹരലാൽ നെഹ്റു

**പണ്ഡിതജവഹർലാൽ നെഹ്റു ഗാന്ധിജിയെപ്പററി ചെയ്തിട്ടുള്ള കാവ്യസുന്ദരമായ ഒരു പ്രസ്താവന ഇങ്ങനെയാണു്.—**

"പിന്നെ ഗാന്ധിജി വന്നു ശുദ്ധവായുവിന്റെ ശക്തിയേറിയ ഒരു പാച്ചിൽപോലെ നമുക്കു നീണ്ടുനിവർന്നുനിന്നു വായ്പൊളിച്ചു ഗാഢമായി ശ്വാസോഛ്വാസം ചെയ്യാൻ കൊതിതോന്നുന്ന ഒരുപരിശുദ്ധവായു പ്രസരമായിരുന്നു അതു്; കനത്ത ക്രൂരിരുട്ടിനെ തുളച്ചു മുറിച്ചുവന്ന ഒരുതേജോരശ്മിയായിരുന്നു ഗാന്ധിജി. ആ പ്രഭാസ്പർശത്തിൽ നമ്മുടെ കണ്ണുകളെ ആവരണം ചെയ്തിരുന്നതിമിരപടലങ്ങൾതാനെ താഴെ വീണു. അതുമല്ല ഊതിയടിച്ചുവന്ന ഒരു കൊടുങ്കാററുപോലെയാണു ഗാന്ധിജിവന്നതു്. ആ കൊടുങ്കാററു പലതിനേയും തള്ളിമറിച്ചിട്ടു. അക്കൂട്ടത്തിൽ ജനസാമാന്യത്തിന്റെ പഴയ ചിന്താഗതിയേയും അദ്ദേഹം ആകാശമണ്ഡലത്തിൽനിന്നു് അടർന്നുവീണ ഒരു ഗന്ധർവനല്ല. ഇൻഡ്യയിലെ അനേക കോടി ജനങ്ങളിൽനിന്നു് ഉയർന്നുവന്ന ഒരു തനി മനുഷ്യനാണു്. ബഹുജനങ്ങളുടെ അനുകമ്പാർഹമായ ദുരവസ്ഥയെ അവർക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു.

കൃഷകരെയും തൊഴിലാളികളെയും ചൂഷണം ചെയ്തു് ജീവിക്കുന്നവരേ! നിങ്ങൾ അവരുടെ പുറത്തുള്ള ഇരിപ്പുമതിയാക്കി ഒന്നു് ഇറങ്ങിമാറിക്കൊടുക്കുവിൻ. ഈ ദാരിദ്ര്യവും കഷ്ടതയും കൈവരുത്തുന്ന വ്യവസ്ഥിതിതന്നെ ഉപേക്ഷിക്കുവിൻ എന്നു അദ്ദേഹം ഉച്ചൈസ്തരം ആജ്ഞാപിച്ചു.



'നാം എപ്പോഴും നിർഭയത്വവും സത്യവും ദീക്ഷിക്കണം. ഇൻഡ്യയിലെ ബഹുജനങ്ങളുടെ ക്ഷേമത്തെ എപ്പോഴും പരമ പ്രധാനമായി പരിഗണിച്ചുകൊണ്ടു നാം നിർഭയത്വത്തോടും സത്യനിഷ്ഠയോടും പ്രവർത്തിക്കണം"—ഇതായിരുന്നു ഗാന്ധിജിയുടെ ഉപദേശത്തിന്റെ തത്വസാരം.

ഒരു വ്യക്തിക്കൊ രാഷ്ട്രത്തിനൊ ലഭിക്കാവുന്ന ഏററവും വലിയസിദ്ധി "ഭയമില്ലായ്മ"യാണെന്നുനമ്മുടെ പുരാണഗ്രന്ഥങ്ങൾ പറയുന്നു. ശാരീരികധൈര്യം മാത്രമല്ല നമ്മുടെ മനസ്സിലെങ്ങു ഭയത്തിന്റെ നിഴൽപ്പാടുപോലും കാണരുതെന്നാണതിന്റെ വിവക്ഷിതം സർവവ്യാപകമായ ഈ ഭീരുതക്കെതിരായിട്ടാണു ഗാന്ധിജി തന്റെ മുഴുവനെങ്കിലും ഉറച്ച ശബ്ദമുയർത്തിയതു്. തൽഫലമായി ജനതാഹൃദയങ്ങളിൽനിന്നു ഭീരുതയുടെ തമോപടലങ്ങൾ ക്ഷണേന—നിശേഷമല്ലെങ്കിലും—മാറി. ഭീരുത്വം അസത്യത്തിന്റെ സന്തതസഖിയാണു്, അതുപോലെതന്നെ സത്യം നിർഭയത്വത്തെ സദാപി അനുഗമിക്കുകയും ചെയ്യുന്നു."

---

**ആ ദീപം പൊലിഞ്ഞു.**

ഗാന്ധിജിയുടെ ഈ വാക്കുകൾ സഫലീകരിക്കുവാൻ അധികദിവസങ്ങൾ വേണ്ടിവന്നില്ല. സാമുദായിക ലഹളയുടെ ചുഴിച്ചുഴിയിൽ നീറിമരിക്കുന്ന അനേകം ജനങ്ങളെക്കുറിച്ചുള്ള ഉൽക്കണ്ഠ ഗാന്ധിജിയുടെ അവസാനദിവസങ്ങളിൽ അദ്ദേഹത്തിൽ തിങ്ങിനിന്നിരുന്നു. 1948 ജനുവരി 30. അന്നു് കൂപ്പിയകൈകളും ഭക്തിനിർഭരമായ ഹൃദയവും ആയി അദ്ദേഹം പ്രാർത്ഥനാസ്ഥലത്തെത്തി. ഒരു ഹിന്ദുമത ഭ്രാന്തൻ അദ്ദേഹത്തെ വെടിവച്ചു. വെടിയുണ്ടമാറിൽത്തറച്ചപ്പോൾ ആ അധരങ്ങളിൽനിന്നു "ഹേ! രാമ" എന്ന വിളി മുഴങ്ങി! ആ ദീപം എന്നെന്നേക്കുമായി പൊലിഞ്ഞു!!!



# ദേഹം തളരുന്നു ആശകൾ തളിർക്കുന്നു

(കുമരനെല്ലൂർ എ.വി നമ്പൂതിരി)

ബാല്യ. അവൻവിശപ്പാണ്.

ഇരുട്ട്. അതവന്റെ ചങ്ങാതിയാണ്,

വിശപ്പ് മനുഷ്യനെ എന്തും ചെയ്യാൻ പ്രേരിപ്പിക്കുന്നു. ഇരുട്ട് അതിന്നു കൂട്ടുനിൽക്കുന്നു.

ബാല്യ—അവൻനടക്കുകയാണ്.

മനുഷ്യൻ വിചാരശൂന്യനാകുന്നതു രണ്ടു സന്ദർഭങ്ങളുണ്ട്. വയർ വിശക്കുമ്പോൾ. വയർ നിറയുമ്പോൾ

ബാല്യവിന്ന് വിശക്കുന്നുണ്ട്. അതവന്റെ കുറ്റമല്ല. അവൻ വയർ അമർത്തിപ്പിടിച്ചു അവൻ കരയാൻ ശ്രമിച്ചു. അവൻ തോറ്റു. വിശക്കുന്നവർക്കുള്ളതല്ല കരച്ചിൽ കരച്ചിലിന്ന് തന്റേടമുണ്ട്.

ബാല്യവിന്റെ കാൽ കുഴഞ്ഞു. അതു പാടില്ലായിരുന്നു. പക്ഷേ അതുണ്ടായി. അവനതു വിലവച്ചില്ല. നടന്നു. വയർ എരിയുന്നു. വിശപ്പടക്കണം. അതിന്നു ഭക്ഷണമെവിടെ? എല്ലായിടത്തും തിരഞ്ഞു. കാറ്റു ശക്തിയിൽ വീശുന്നുണ്ട്. അവൻ വായുഭക്ഷണം ശീലിച്ചില്ല. അതൊരു തെറ്റായിരുന്നു.

അവൻ ഉറക്കെപ്പറഞ്ഞു ഭക്ഷണം. അവൻ തല തിരിച്ചു മേൽപ്പോട്ടു നോക്കി. നക്ഷത്രങ്ങൾ അമ്പരന്നു. കാർമേഘത്തിൽ അവർ മുഖം മറച്ചു.

അവൻ നടന്നു.

ഇരുട്ട്. ഇരുട്ടുതന്നെ,ഇരുട്ട്

ഗതിവേഗം കുറഞ്ഞു.

അവൻ ഇഴഞ്ഞു. തവളകൾ ഉക്കെക്കരഞ്ഞു. മണ്ണട്ട അട്ടഹസിച്ചു

മേഘങ്ങൾക്ക് അലിവുതോന്നി തണുപ്പുചൂടിനെ വർദ്ധിപ്പിക്കുന്ന ചില സന്ദർഭങ്ങളുണ്ട്.

ചൂട്ടുപിടിച്ച ചില്ലിൽ പെട്ടെന്നു വെള്ളം വീഴ്ത്തുക. അതുടനെ പൊട്ടും.

ബാല്യ തകർന്നില്ല.

കരിയും എണ്ണയും.

ഇഴുക്കം കൂട്ടുകയാണ്.

ചാന്തിൻ പുഴയിലൂടെ അവൻ നീന്തി. കുളിയിട്ടു.

കാല്യകൾ അവൻ പറഞ്ഞതു കൂട്ടാക്കിയില്ല കാലിനു തെറ്റിപ്പോയി.

കാല്യകൾ ഭാരം ചുമക്കുന്നു. ശരിയാണ്.

പക്ഷേ ബാല്യവിന്റെ വയർകാലിനെ ചുമക്കുകയായിരുന്നു.

എടുക്കാത്ത ഒരു നാണ്യം. എല്ലാവരും പുറന്തള്ളുന്നു.

ഈ ലോകത്തിൽ എങ്ങനെ അവൻ വന്നുപറ്റി? ആരാണതു ചെയ്തത്? എന്നിട്ടവർ എവിടെപ്പോയി, അവനെ ഒറ്റയ്ക്കാക്കിയിട്ട്? അവന്ന് ഒന്നും ഓർമ്മയില്ല. പക്ഷേ അവൻ ഉറങ്ങുകയായിരുന്നു. അവൻ ഉണർന്നപ്പോൾ ആരെയും കണ്ടില്ല.

അവൻ എങ്ങിനെയുണ്ടായി? അവന്നച്ഛനില്ലേ അമ്മയില്ലേ? അവനതൊന്നും ആലോചിച്ചില്ല. അതെല്ലാം അവനു പിടിച്ചാൽ കിട്ടാത്തത്ര അകലെയുള്ള കാര്യമാണ്. അടുത്തുള്ളതു കൈക്കലാക്കിയിട്ട് വേണ്ടേ അകലെയുള്ളതിന്നു കൈ നീട്ടാൻ!

അവന്നു വിശക്കുന്നു. എന്താണു പോംവഴി?

ഭക്ഷണം അവൻ കാണുവാൻ ശ്രമിച്ചു. പക്ഷേ, കണ്ടില്ല. കേൾക്കുവാൻ ശ്രമിച്ചു, പക്ഷേ കേട്ടില്ല. അറിയുവാൻ ശ്രമിച്ചു പക്ഷേ അറിഞ്ഞില്ല.

പെട്ടെന്ന്.

അവൻ നിന്നു.

ഒരു ശബ്ദം മനുഷ്യശബ്ദം?

ഒരു കരച്ചിൽ.

ഇരുട്ടിൽ.

വിശപ്പ് വിശപ്പിനെ കണ്ടെത്തുന്നു.

കരച്ചിൽ വീണ്ടും.

എവിടെ നിന്ന്?

എല്ലാ ഭാഗത്തും അവന്റെ കണ്ണും കാതും പരതി നടന്നു. അവൻ സമാധാനിച്ചു. ഇരുട്ടിന്നു വേദനിച്ചു അതു കരഞ്ഞു.

അല്ല വീണ്ടും കരച്ചിൽ

മനുഷ്യ ശബ്ദം

അവൻ ശബ്ദത്തെ ലക്ഷ്യമാക്കി നടന്നു,

മനുഷ്യശബ്ദം. അവൻതൊട്ടു. വാഴപ്പിണ്ടിപോലെ ഒരു സാധനം അനങ്ങുന്നു.

ചലനം ശബ്ദമുണ്ടാക്കുന്നു.

ഈശ്വരനു നന്ദി!

വേദന വേദനയ്ക്ക് അഭയം കൊടുക്കുന്നു.

ഒരു പ്രാവശ്യം കൂടി അവൻ തൊട്ടു. എന്തൊരു തണുപ്പ്.

എന്തൊരു ദീനതയാണാശബ്ദത്തിന്

ഒരു മനുഷ്യശിശു

അവൻ താണു. ആശിശു പൊന്തി.

ബാല്യവിന്റെ കൈക്കുമ്പിളിൽ ഹൃദയം പിടച്ചു.

മുങ്ങിച്ചാകുന്നവനെ വൈക്കോൽത്തുരുമ്പ് രക്ഷിക്കുന്നു. നിഷ്കളങ്കത അവന്നു നേർവഴി കാണിച്ചു.

എറുമ്പ്, ചളി, വെള്ളം, ക്രൂരത

ട്ട് എല്ലാം അവൻ മറന്നു.

ആ ശിശുവിനെ അവൻ എടുത്തു. അവൻ കരഞ്ഞില്ല. വലിയ നീറലിന്നു മുമ്പിൽ ചെറിയ നീറൽ നമസ്കരിക്കുന്നു.

അവൻ ഇഴഞ്ഞു മിടിയ്ക്കുന്നരണ്ടു് ഹൃദയങ്ങളുമായി,

. . . . .

പതിനാറു വർഷം

ഇരുളും വെളിച്ചവും.

ബാല്യ, ആ കുട്ടിയെ ഓമനയെന്നു വിളിച്ചു.

ബാല്യ,ഓമന.

അതു് രണ്ടല്ല.

ഓമന ബാല്യവിനെ അറിഞ്ഞു. ബാല്യ ഓമനയെ മനസ്സിലാക്കി.

ഓമനയ്ക്കു് ബാല്യ എല്ലാമാണു്.ചൂടും വെളിച്ചവും വായുവുംവെള്ളവും എല്ലാം. ബാല്യവിന്നു വേദനിച്ചാൽ ഓമനയ്ക്കു സുഖമില്ല. ഓമന ചിരിച്ചാൽ ബാല്യവും ചിരിച്ചു.

രണ്ടു വേദനകൾ സുഖിച്ചു.

അവൾക്കു ജീവൻ നൽകിയ ആരാദ്ധ്യപുരുഷൻ, ഓമന ഇടയ്ക്കു് വിചാരിക്കും.

അവന്നു വെളിച്ചം നൽകിയ ഈശ്വരി, അവൻ ഇടയ്ക്കിടെ ഓർക്കും.

മനസ്സു് പശിമയുള്ളതാണു്. എന്തും അവിടെ നടാം. എല്ലാം വളരും. ഒന്നാംതരം ഒരുകൃഷി സ്ഥലം. ഓമനയും ബാല്യവും കിട്ടിയ വിത്തെല്ലാം നട്ടു. പിന്നെയും സ്ഥലം. ഓമനയും ബാല്യവും കിട്ടിയ വിത്തെല്ലാം നട്ടു. പിന്നെയും സ്ഥലം ബാക്കിയാണു്. അനന്തത എന്നതു അതിന്റെ മറെറാരു പേരത്രെ.

"ബാല്യ ഇടയ്ക്കവൾ വിളിക്കും. "എന്താ?" അവൻ വിളികേൾക്കും. പിന്നീടവൾക്കൊന്നും പറയാൻ കഴിയില്ല. ഹൃദയം നിറയുമ്പോൾ വാക്കുകൾ കുറയുന്നു. ആയിരത്തൊന്നു രാവുപറഞ്ഞാലും തീരാത്തത്ര അവൾക്കു് പറയാനുണ്ടെന്നുണ്ടു്. പക്ഷെ "ബാല്യ" എന്ന രണ്ടക്ഷരത്തിൽ കൂടുതൽ പുറത്തുവന്നില്ല,, ബാല്യ എന്നതിന്നു ജീവൻഎന്നാണർത്ഥം ഒരിക്കൽ അവൾ വിചാരിച്ചു

ഓമന സുന്ദരിയല്ല; ബുദ്ധിമതിയല്ല. അവൾ സൗന്ദര്യമായിരുന്നു. ബുദ്ധിയായിരുന്നു.

ബാല്യ ശക്തവാനല്ല, ധൈര്യവാനല്ല. അവൻ ശക്തിയായിരുന്നു ധൈര്യമായിരുന്നു.

അവൻ സ്നേഹമായിരുന്നു.

അവൾ സ്നേഹമായിരുന്നു.

അവൻ.

അവൾ.

സ്നേഹം.

വാളിനേക്കാൾ മൂർച്ചയേറിയതാണതു്, പൂവിനേക്കാൾ മാർദ്ദവമേറിയതാണതു്. സ്നേഹം ദുഃഖത്തിൽ മുക്കിയെടുക്കുക. അതിന്നു് ശക്തി കൂടുന്നു. പ്രഭ കൂടുന്നു.

ജ്ഞാനം കണ്ണുതുറന്നു.

മനുഷ്യൻമനുഷ്യനെകണ്ടെത്തി. അവർ ദുഃഖത്തിൽ മുങ്ങിത്തപ്പി മുത്തു കൈക്കലാക്കി.

. . . . . . .

പുതു ജീവൻ

പുതുയുഗം. സ്നേഹം ജനിക്കുന്നു.

ഓമന പ്രസവിച്ചു.

സ്നേഹം.ശിശു കരഞ്ഞു.

മനോഹാരിത

കൃതാർത്ഥത വേദനയെ ജയിക്കുന്നു, അവൾ കരഞ്ഞില്ല.

ബാല്യ

ഓമന.

ഒരു കൊച്ചു മിടുക്കൻ ജീവിതത്തെ മുറുകെക്കെട്ടി.പെയ്തുമഴമാറി. ശുഭ്രമായ ആകാശം ചന്ദ്രികയിൽ കൂടി പുഞ്ചിരിതൂകി. മന്ദമാരുതൻ സാന്ദ്രഗാനം പൊഴിച്ചു. വെളിച്ചം ഇരുട്ടിനെ തുടച്ചു മാററി.

ബാല്യ കരഞ്ഞില്ല. കണ്ണുകൾ നിറഞ്ഞു.

ഓമനകരഞ്ഞില്ല കണ്ണുകൾ നിറഞ്ഞു.

ഒരു ദിവസം അതിന്റെ മുമ്പിലത്തെ ദിവസത്തിന്റെ സന്താനമാണു്. ദിവസം ദിവസത്തിലൂടെ ജീവിക്കുന്നു.

ബാല്യവിനു് എന്തോഒരു വേദന ദേഹത്തിനാണെന്നു്. മനസ്സിനല്ല.

ഓമന കൊച്ചുമിടുക്കനു് മുല കൊടുക്കുകയാണു്. ബാല്യ അടുത്തു തന്നെ കിടക്കുകയാണു്. ദേഹാസ്വാസ്ഥ്യം ദിനംപ്രതി വർദ്ധിക്കുകയാണു്. അത്രയും അവന്റെ മനസ്സു് സാന്ത്വനപ്പെട്ടുവന്നു. ഇനി മരിച്ചാൽതന്നെ എന്തിനു ഖേദിക്കണം.

ചളിയിൽക്കിടന്ന രണ്ടു നക്ഷത്രങ്ങൾ ഒന്നിച്ചു ചേർന്നു. എന്തിനു് ഒരു പൊൻതാരത്തിനു രൂപംകൊടുക്കാൻ ബാല്യവിന്നു് വ്യസനമില്ല. അവൻമരിച്ചാലുംഅവൻജീവിയ്ക്കും തന്റെ മകന്റെ പുഞ്ചിരിയിൽ കഴുകിയാൽ തീരാത്ത എന്തൊരു വേദനയാണു് ഒരച്ഛനുള്ളതു്?

ജീവിതം കുത്തനെ നാട്ടിയിട്ടുള്ള തലകൂർത്ത ഒരു കുന്തമാണു്. അതിനു് ഏതു ഭാഗത്തേയ്ക്കു വേണമെങ്കിലും വീഴാം, എപ്പോൾ വേണമെങ്കിലും.

ഉറക്കത്തിൽ ഓമനഞെട്ടിയുണർന്നു.ബാല്യ ഉണർന്നില്ല. അവന്റെ ഹൃദയം മിടിച്ചില്ല.

ഓമനയ്ക്കു് പൊട്ടിക്കരയാൻ തോന്നി, ജീവിതം ശൂന്യമായ പോലെ ഒരനുഭവം.

ആ കൊച്ചുമിടുക്കൻ കയ്യിട്ടടിച്ചു. കരഞ്ഞു.

അവൾ തിരിഞ്ഞു.

ആകൊച്ചുമിടുക്കന്റെ കരച്ചിൽ ഒരു ലോകത്തെ വീണ്ടെടുത്തു.

തണുത്ത കാററു വീശി.ശാന്തത.

ആശ വിജയിച്ചു. ജീവിതം പുതിയ തളിരും പകത്തിക്കൊണ്ടു് വീണ്ടും വളരുന്നു.

# ജനനനിയന്ത്രണം



(വൈദ്യഭൂഷണം എസ്സ്. കാർത്തികേയൻ, കൊല്ലം)

മനുഷ്യന്റെ ജീവചരിത്രത്തിൽ അവന്റെ ചിന്താവല്ലരിയിൽ മൊട്ടിട്ടു വികസിച്ച ഒരു നൂതന ആശയപ്രസൂനമാണ് ജനനനിയന്ത്രണം. സന്താനവൃദ്ധിക്കു ബദ്ധകങ്കണനായിരുന്നു ഒരുകാലത്തു മനുഷ്യൻ. നിയന്ത്രണോപാധികൾക്കുവേണ്ടി എന്നത്തേക്കാളുമധികം ഇന്നു വെമ്പൽകൊള്ളുകയാണ് അവന്റെ തലമുറ. പുത്രപൗത്രാദികളോടുകൂടി നീണാൾ വാഴട്ടെ! എന്നുള്ളതായിരുന്നു നമ്മുടെ വിവാഹമംഗളാശംസ. ഇക്കാലത്തു ആരെങ്കിലും അങ്ങിനെയൊന്നാശീർവദിക്കുമോ? ദീർഘായുസ്സിന്റെ കാര്യത്തിൽ പഴയ ആശംസ അഭിലഷിക്കുന്നവരാണ് ഇന്നും നാം. സന്താനത്തിൽ നിയന്ത്രണം വേണം പോലും! വിശാലമായ ഈ ലോകത്തു ജനതതി കൂടുതൽ ആവശ്യമായിരുന്നിരിക്കാം ഒരിക്കൽ. ഇന്നവൾക്കു താങ്ങാനാവാത്തവിധം പൃഷ്ട കട്ടത്തുപോയി എന്നാണ് നിയന്ത്രണവാദികളുടെ അന്യായം. ഈ ഭാരം വർദ്ധിപ്പിക്കരുതെന്നും അവുന്നിടത്തോളം ലഘൂകരിച്ചു ഭൂമിദേവിയെ സഹായിക്കണമെന്നുമാണ് നിരൂപണങ്ങൾ.

ഈ പ്രശ്നവും ഇന്നു രാഷ്ട്രീയമായ നിലയിൽ നിറം പകർന്നുകഴിഞ്ഞു. മുതലാളിത്തരാഷ്ട്രങ്ങൾ സന്താനനിയന്ത്രണ വേദോപദേശവുമായി നിലകൊള്ളുമ്പോൾ കമ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ സന്താനവർദ്ധനവിനു വേണ്ടി അനുസ്യൂതം യത്നിക്കുന്നു, കൂടുതൽ പ്രസവിക്കുന്നവളാണ് അവിടെ മഹാരാജ്ഞി. എല്ലാററിനേക്കാളുമധികം സ്വാഗതം അർഹിക്കുന്നുണ്ട് നവജാതനായ ഒരു ശിശു. സന്താനപ്പെരുപ്പംകൊണ്ട് ഒരു മാതാവോ പിതാവോ നിരാശയുടെ കട്ടംചുഴിയിലേക്കു വീഴേണ്ട, ശിശുവിനെ എങ്ങിനെ വിദ്യാഭ്യാസം ചെയ്യിക്കും, എന്തു ജീവിതസൗകര്യം ഉണ്ടാക്കിക്കൊടുക്കും, ഇങ്ങിനെയുള്ള ശോകസങ്കുലമായ ചിന്താപരമ്പരകൊണ്ടു ആരും ഹൃദയം തളരേണ്ട ആവശ്യവും അവിടെ തെല്ലുമില്ല. ഒരു ഭരണക്രമത്തിനുവേണ്ടി എന്നത്തേക്കാളുമധികം രക്തവും മാംസവും വർത്തമാനകാലത്തു സംഭാവനചെയ്യുന്നവരുണ്ടെങ്കിൽ അതിലെന്താണാശ്ചര്യം. കഷ്ടപ്പാടനുഭവിക്കുവാനാണു മനുഷ്യനു മടി. ക്ലേശമില്ലാത്ത ജീവിതമാണ് അവന്റെ ലക്ഷ്യം. അതുതന്നെയാണ് അവന്റെ സ്വർഗ്ഗരാജ്യം. അതുതന്നെ അവനു മോക്ഷം.

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസമൂഹത്തെ സംരക്ഷിക്കുവാനുള്ള ന്യായമായ ചുമതലയുടെ നേരേ ഗവർമ്മെൻറുകൾ അന്ധത ഭാവിച്ചതുകൊണ്ടു ദുരിതംകൊണ്ടു ഞെരിഞ്ഞുപിടയുന്ന മനുഷ്യനു രക്ഷനേടാൻ മറെറാരു സങ്കേതം തോന്നി. അങ്ങനെ കണ്ടെത്തിയതാണ് ജനനനിയന്ത്രണം. വെറും തോന്നലാണ് ഈ ആശയം. ശാസ്ത്രമോ ബുദ്ധിയോ ഒക്കെ കാര്യം ചെയ്തു കണ്ടെത്തിയ ഒട്ടുമല്ല. കേവലം ഒരു ചിന്താപ്രവാഹം. എങ്കിലും പിൽക്കാലത്ത് ഇതിന്റെ പിറകെ പോയി ശാസ്ത്രം. അദ്ധ്വാനിക്കുന്ന മനുഷ്യന്റെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിനും ജനങ്ങൾ രാഷ്ട്രത്തിന്റെ സ്വത്താണെന്നും അവർക്കു ജീവിതസൗകര്യം ഉണ്ടാക്കിക്കൊടുക്കുക ഗവർമ്മെൻറുകളുടെ കർത്തവ്യമാണെന്നുമുള്ള ബോധോദയം ഗവർമ്മെൻറുകൾക്ക് ഉണ്ടാകുകയോ അഥവാ ഈ ആശയംപോലുള്ള ഗവർമ്മെൻറുകൾ രൂപം പ്രാപിച്ചുവരുകയോ ചെയ്യുന്നതോടുകൂടി സന്താനനിയന്ത്രണം എന്ന ദുഷ്പ്രശ്നവും പിന്നെ കാണുകയില്ല.

സന്താനനിയന്ത്രണ പ്രസ്ഥാനത്തിനും ഒരു പൂർവചരിത്രമുണ്ട്. മററു പലതിനുമെന്നപോലെ പല വീരകഥകളും യാതനകളും അനുഭവിച്ചവരുടെ ചിത്രം മുൻപിൽ കാണാം. കുററവാളികൾ ആയവരും ജയിലിലടയ്ക്കപ്പെട്ടവരുമുണ്ട് ആ ഗണത്തിൽ. ആർക്കുവേണ്ടി ഈ കഠിനത്യാഗങ്ങൾ അവർ സഹിച്ചു? സന്താനബഹുലതമൂലം നിത്യനരകം അനുഭവിക്കുന്നവരായിരുന്നില്ല അവരാരും. ഒരു സന്താനംപോലുമില്ലാത്ത മാതൃഹൃദയങ്ങളും ആ സംഘത്തിലുണ്ടായിരുന്നു. എങ്കിലും അവരുടെ ശ്രദ്ധ ഈ വഴിക്കുതന്നില്ലകി. വൈവാഹികജീവിതവുമായി ഒരടുപ്പവുമില്ലാതിരുന്ന മാത്തുസാണ് ഈ പ്രസ്ഥാനത്തിന്റെ ജനയിതാവ്. അങ്ങിനെ ജനനനിയന്ത്രണ പ്രസ്ഥാനത്തിനു കിട്ടിയ പേരാണ് മാർത്തൂസ്യൻചിന്ത.

ഭൂമിയുടെ പരിധിയും അതിൽ

എല്ലാ പ്രസിദ്ധീകരണങ്ങളും വായിക്കുക
ആരാലും സാദ്ധ്യമല്ല
എന്നാൽ
ഈ സാദ്ധ്യതയെ **ലോകവാണി** പരിഹരിക്കുന്നു.
കേരളത്തിലെ പേരുകേട്ട എഴുത്തുകാരുടെ ലേഖനങ്ങൾക്കും കഥകൾക്കും കവിതകൾക്കും പുറമേ വിവിധഭാഷകളിലെ പ്രസിദ്ധീകരണങ്ങളിൽ നിന്നും പ്രധാനമായവ തിരഞ്ഞെടുത്തു സംഗ്രഹിച്ചു് മലയാള വായനക്കാർക്കു നൽകുന്ന ഏക ഡൈജസ്റ്റ് മാസിക
1 വർഷം 4—8—0 6 മാസത്തേക്കു് 2—8—8 ഒറ്റപ്രതി 6 ണ.
**"LOKAVANI" TAMBARAM P. O.**

നിന്നു കിട്ടുന്ന വിഭവങ്ങളുടെ പരിമാണവും മനസ്സിൽ വച്ചുകൊണ്ടു മാൽത്തൂസ് വർദ്ധിച്ചുപെരുകുന്ന ജനാവലിയുടെ ആവശ്യത്തിനുള്ള വിഭവങ്ങൾ എങ്ങിനെയെന്നന്വേഷിച്ചപ്പോൾ ഒന്നും കണ്ടില്ല. ഉള്ളവർക്കു സുഖമായി ജീവിക്കണമെങ്കിൽ കൂടുതൽ ആരും ഉല്പാദിപ്പിക്കരുതെന്നു മാൽത്തൂസിനു തോന്നി. തന്റെ ആശയഗതികൾ പ്രബന്ധമാക്കി അദ്ദേഹം പരസ്യംചെയ്തു. രൂക്ഷമായ എതിർപ്പുകളും കിട്ടി. എങ്കിലും മറ്റൊരു കൂട്ടർ അതേറ്റുപാടി. പ്രസ്ഥാനം വളരാനും, പടരാനും, വീണ്ടും പുഷ്ടിപ്രാപിക്കുവാനും തുടങ്ങി. അനന്തരകാലത്തു് ഡാക്ടർ ആനിബസന്റു തുടങ്ങി പലരും ഈ പ്രസ്ഥാനത്തിൽ പങ്കുചേർന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മാൽത്തൂസ്യൻ പക്ഷത്തു കൂടുതൽ അനുഭാവികളെ കണ്ടു. മിസ്സിസ് മാർഗററ്റ് സാംഗർ എന്നൊരമേരിക്കൻ നാരി പ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ ഒരു ദീപസ്തംഭംപോലെ പ്രകാശിച്ചു. സന്താനനിയന്ത്രണാശയഗതി ചക്രവാളം മുഴുവൻ പരത്തുന്നതിനായിരുന്നു ആ മഹതിയുടെ ഉദ്യമം. പ്രകൃതിവിഭവങ്ങളുടെ ക്ഷാമം കൊണ്ടു ജനനനിയന്ത്രണം വേണമെന്നു പറയുന്നവർ ആധുനികസയൻസിന്റെ വിസ്മയാവഹങ്ങളായ നേട്ടങ്ങളെപ്പറ്റി ആലോചിക്കാതെയാണു് അഭിപ്രായങ്ങൾ തട്ടിവിടുന്നതു്. ജനസംഖ്യ എങ്ങനെ വർദ്ധിച്ചുകേറിയാലും ആധുനിക സയൻസിന്റെ സഹായത്തോടുകൂടി ആവശ്യമുള്ളിടത്തോളം വിഭവങ്ങൾ വർദ്ധിപ്പിക്കാമെന്നുള്ളതിനു മാർഗ്ഗദീപമാണു് റഷ്യ.

സാമ്പത്തികമായ പരാധീനതകൊണ്ടു ഞെരിഞ്ഞുപിടയുന്ന സാധാരണക്കാരനു പ്രകൃതി വരുത്തുന്ന മറ്റൊരു മഹാപിഴയാണു സന്താനാധിക്യം. അവരുടെയിടയിലാണു് അധികവും ഈ ഗ്രഹപ്പിഴ. അതിനു കാരണങ്ങളുമുണ്ടു്. ചില കാഴ്ചകൾ കാണുമ്പോൾ ഈശ്വരനിത്ര കരുണയില്ലയോ എന്നു തോന്നിപ്പോകും.

സമ്പൽസമൃദ്ധിയുള്ളവരുടെയിടയിൽ പ്രായേണ കുറവാണു് സന്താനവർദ്ധനവു്. സന്താനനിയന്ത്രണത്തിനു അവരിലുമുണ്ടു് അത്യാർത്തി. ചികിത്സകന്മാർക്കു സാധാരണ അനുഭവപ്പെടുന്നതാണീ സത്യം. നിയന്ത്രണോപായങ്ങൾ അന്വേഷിച്ചലയുന്നവരുടെ കൂട്ടത്തിൽ സമ്പന്നനെന്നോ ദരിദ്രനെന്നോ, ഡിഗ്രിക്കാരനെന്നോ, നിരക്ഷരനെന്നോ, ഉള്ള ഭേദം കാണുന്നില്ല. അന്ധകാരത്തിൽ എല്ലാ വർണ്ണങ്ങളും ഒരേ നിറത്തിൽ കാണുന്നതുപോലെ എല്ലാവർക്കും നിയന്ത്രണോപായങ്ങൾ അറിഞ്ഞേ തീരൂ. സാധാരണക്കാരന്റെ ആവശ്യം ക്ഷമാപണമാണു്, അനുകമ്പാർഹമാണു്. ഒരേ ഒരു കാര്യസാദ്ധ്യത്തിനാണെങ്കിലും ഒന്നല്ല രണ്ടുപേരെയും പ്രേരിപ്പിച്ചിട്ടുള്ള ചിന്താഗതി. സാധാരണക്കാരനു ഭയമാണു് ജീവിതക്ലേശം. ധനവാനു് തന്റെ മത്തേഭഗാമിനിയെ മാർക്കണ്ഡേയനെപ്പോലെ പതിനാറു വയസ്സിന്റെ സൗന്ദര്യത്തിളപ്പിൽ എന്നും കാണാനാണു് ഈ ചിന്താപാരവശ്യം. പ്രാപഞ്ചികരസങ്ങൾ നുകരാനുള്ള ഹൃദയത്തുടിപ്പാണു് അയാൾക്കു്. പ്രസവിക്കുംതോറും സൗന്ദര്യം വർദ്ധിക്കുമെന്നല്ല അയാളുടെ ഡിക്ഷണറി. പ്രസവിക്കുംതോറും സൗന്ദര്യഗംഗ വറ്റിവരണ്ടുപോകുമെന്നാണാശങ്ക. ഇങ്ങനെ രണ്ടു ചേരിക്കാരും ആഗ്രഹിക്കുന്നതാണു് സന്താനനിയന്ത്രണം. ഒരാൾ ദാരിദ്ര്യത്തെ ഭയപ്പെട്ടു, അപരൻ സൗന്ദര്യത്തെകൊതിക്കുന്നു.

സന്താനനിയന്ത്രണം ആവശ്യമാണെന്നൊരു സമ്മതംമൂളൽ കുറച്ചു വർഷങ്ങൾക്കു മുൻപുതന്നെ കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. മഹാത്മജിയും ഈ പ്രസ്ഥാനത്തിനു് അനുകൂലമായി നിന്നു. മൂന്നു കുട്ടികളിൽ കൂടുതൽ പാടില്ലെന്നുള്ള അഭിപ്രായക്കാരനാണു് ഇൻഡ്യൻ സെൻസസ്സ് കമ്മീഷണർ. മാനസികമായ നിയന്ത്രണം മൂലം സന്താനനിയന്ത്രണം സാധിതപ്രായമാകണമെന്നാണു് മഹാത്മജിയുടെ സൂചന. ആദ്ധ്യാത്മനിയന്ത്രണ സിദ്ധിച്ചിട്ടുള്ളവർക്കല്ലാതെ സാധാരണക്കാർക്കു പ്രയോജനപ്പെടുമോ ഈ മാർഗ്ഗം.

ജനനനിയന്ത്രണത്തിന്റെ സാങ്കേതികമായവശം എത്ര വാച്ചാ

യിരുന്നാലും ഇന്നത്തെ ചുററുപാടുകളിൽ ഭാരതത്തിൽ ഇതു് ഒരു ജീവൽപ്രശ്നം തന്നെ. ജനനിയന്ത്രണം കർശനമായി സാധിക്കേണ്ട സന്ദർഭങ്ങളുണ്ടു്. കുഷ്ഠം, ക്ഷയം, മുതലായ സാംക്രമിക രോഗങ്ങൾ ബാധിച്ചിട്ടുള്ളവരിൽ നിത്യവന്ധ്യാതം സൃഷ്ടിക്കേണ്ടതു് അനിവാര്യമാണു്. പെരുകിവരുന്ന രോഗികളുടെ സംഖ്യയനുസരിച്ചു സാനിട്ടോറിയങ്ങളും കുഷ്ഠരോഗാശുപത്രികളും പണികഴിപ്പിക്കാനല്ല ഗവർമ്മെൻറുകൾ ശ്രദ്ധിക്കേണ്ടതു്. ദുർദ്ദൈവവശാൽ രോഗികൾ താൻ ചെയ്യുന്ന ഘോരാപരാധത്തെപ്പററി ചിന്താശൂന്യരും വംശാഭിവൃദ്ധിയിൽ മാത്രം അതീവോത്സുകരുമാണു്. കർശനമായ നിയമനിർമ്മാണംകൊണ്ടു് ഇങ്ങനെയുള്ള രോഗികളിൽ ഉല്പാദകശക്തി ഇല്ലായ്മ ചെയ്യണം.

നമ്മുടെ പൂർവികർ ജനനനിയന്ത്രണത്തിനു വേണ്ടി പ്രക്ഷോഭണം ഉണ്ടാക്കിയിട്ടില്ല. അറസ്റ്റ് വരിച്ചിട്ടില്ല, തുറുങ്കിൽ പോയിട്ടില്ല എങ്കിലും ആ വിഷയങ്ങൾ, അയശാസ്ത്രങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളതു ധാരാളം കാണാൻ കഴിയും. ഭാരതീയരുടെ ആയുർവേദശാസ്ത്രവും, കാമശാസ്ത്രവും, സന്താനനിയന്ത്രണോപായങ്ങൾ പ്രതിപാദിച്ചിട്ടുള്ളതാണു്. വന്ധ്യകൾ പ്രസവിക്കുന്നതിനുള്ള ഉപാധികൾ, ഗർഭം ഉണ്ടാകാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, ഉണ്ടായാൽ തന്നെ ഇല്ലായ്മ ചെയ്യുന്നതിനുള്ള വഴികൾ, ഋതുകാലം മനസ്സിലാക്കി ഗർഭം ഉണ്ടാകുന്നതിനും ഉണ്ടാകാതിരിക്കാനുമുള്ള നിർദ്ദേശങ്ങൾ ഇങ്ങനെ വിവിധങ്ങളായ കാര്യങ്ങൾ ഭാരതീയ ശാസ്ത്രജ്ഞന്മാർ കൈകാര്യം ചെയ്തിരുന്നു. ആധുനികശാസ്ത്രജ്ഞന്മാരും പ്രസ്തുത വിഷയത്തെപ്പററി സുപരീക്ഷിതങ്ങളായ പല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടു്. ഈ നിമിഷത്തിലും നടത്തിക്കൊണ്ടിരിക്കുന്നു. ജീവികളുടെ ഉൽപ്പത്തി, വളർച്ച മുതലായ ഭ്രൂണവിജ്ഞാനീയത്തിൽ ധാരാളം നൂതന അറിവുകൾ സമ്പാദിക്കാൻ കഴിഞ്ഞു. സ്റ്റീനഖ്, ഓജിനോസ്സ് എന്ന രണ്ടു ശാസ്ത്രജ്ഞന്മാരാണു് ഈ വിഷയത്തിൽ അഭികാമ്യമായ ഗവേഷണം അനവരതം നടത്തിയിട്ടുള്ളതു്. ഈ പരീക്ഷണങ്ങളുടെ ഫലമായി മനുഷ്യന്റെ അന്തഃസ്രാവങ്ങൾ ഗർഭം, ഗർഭനിരോധനം തുടങ്ങിയ സംഗതികളിൽ നവംനവങ്ങളായ വളരെ അറിവുകൾ ആധുനികശാസ്ത്രം കരസ്ഥമാക്കി.

ഭിന്നരുചിയായ ഈ ലോകത്തിൽ സന്താനനിയന്ത്രണം ദാഹിച്ചുവലയുന്ന മനുഷ്യചാതകങ്ങൾക്കു് സ്റ്റീനഖ് ഓജിനോസ്സ് സിദ്ധാന്തങ്ങൾ മഹാമാരിയാണു്. അനുഗ്രഹമാണു്. നിയന്ത്രണത്തിനുവേണ്ടി "റെഡിമേഡ്" യന്ത്രോപകരണങ്ങൾ ശീലിക്കുന്നവരും ഔഷധസമൂഹം ആശ്രയിക്കുന്നവരും അധികവും ഒരു വാസ്തവം അറിഞ്ഞിരിക്കയില്ല. ജീവിതമാകുന്ന കല്പകവൃക്ഷത്തിന്റെ നാരായവേരലച്ചു് മന്ദം മന്ദം താറുമാറാക്കുന്ന ധാരാളം രോഗങ്ങൾ ഭാവിയിൽ ക്ഷണിച്ചുവരുത്തുന്നതാണീ ശീലം.

സന്താനനിയന്ത്രണം മാനസികനിയന്ത്രണംകൊണ്ടു സാധിക്കണമെന്നു പറയുന്നതിന്റെ വാച്യാർത്ഥവും വ്യംഗ്യാർത്ഥവും ഒന്നാണു്. ദൈവദത്തമായ ഒരേ ഒരു വഴി ശരീരഘടനയിൽ തന്നെ ക്രമപ്പെടുത്തിയിട്ടുള്ളതാണു് ഗർഭധാരണവും ഗർഭനിരോധനവും. പരാൽപരമായ ശക്തി തന്നെ ആ കഴിവു മനുഷ്യനു നൽകി ആവുംവിധം അവനെ അനുഗ്രഹിച്ചിട്ടുണ്ടു്. അവനതു ശരിക്കു മനസ്സിലാക്കിയിട്ടില്ല. അതാണവന്റെ കുററം. ഗർഭം ഉണ്ടാകുന്നതു് സ്ത്രീകളുടെ ആർത്തവകാലത്തെ ആശ്രയിച്ചാണു്. പ്രഥമ ആർത്തവദർശനം തുടങ്ങി ഗർഭോല്പത്തികരമായ ആർത്തവം അവളിൽ പൂർണ്ണവളർച്ച പ്രാപിച്ചുകൊണ്ടിരിക്കും.

അന്നു തുടങ്ങി മാസോടൊത്തുവളർന്ന് മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവൾ പുതുപൂഞ്ചിരി തൂകിയും, സൂക്ഷിക്കേണ്ടവളും ഭയപ്പെടേണ്ടവളും ആയി മാറും. ഇരുപത്തേഴു ദിവസമാണു് ഒരു ആർത്തവകാലം ഭാരതീയരുടെ നക്ഷത്രസംഖ്യ 27 ആണു്. അതാണു് ഒരു ചന്ദ്രമാസം. ഇതിനെ ആർത്തവചക്രം എന്ന പേരിൽ ആധുനികശാസ്ത്രജ്ഞന്മാർ വ്യവഹരിക്കുന്നു. ഈ ഇരുപത്തേഴുദിവസങ്ങളിലുള്ള ഏതാനും ദിവസങ്ങളാണു ഗർഭം ഉണ്ടാകുന്നതിനുള്ള അപകടദിനങ്ങൾ അഥവാ ആനന്ദദിനങ്ങൾ. എല്ലാസ്ത്രീകൾക്കും ആർത്തവകാലദൈർഘ്യം ഒരുപോലല്ല. പല രൂപത്തിലാണു് പലർക്കും. കുറഞ്ഞതു ഇരുപത്തിഒന്നു ദിവസമായും ഏറിയാൽ 32 ദിവസമായും ആധുനികശാസ്ത്രജ്ഞന്മാർ കണക്കാക്കിയിട്ടുണ്ടു്. ഈ കാലയളവിന്റെ ഹ്രസ്വദൈർഘ്യം അനുസരിച്ചു ഗർഭമുണ്ടാകാവുന്ന ദിവസങ്ങളും മനസ്സിലാക്കാവുന്നതേയുള്ളു. ആർത്തവകാലത്തിന്റെ ആദ്യത്തെ ഏതാനും ദിവസങ്ങളും അവസാനത്തെ ചില ദിവസങ്ങളും ഒരു സ്ത്രീയെസംബന്ധിച്ചിടത്തോളം ഭയപ്പെടാനൊന്നുമില്ല. സൂക്ഷ്മമായി മനസ്സിലാക്കിയിരുന്നാൽ ജനനനിയന്ത്രണം ദാഹിച്ചുവലയുന്നവർക്കു കാമധേനുവായിരിക്കും ആ വിജ്ഞാനം.

ആർത്തവകാലത്തിന്റെ ആരംഭത്തിലും അവസാനത്തിലും ഉള്ള ഗർഭമുണ്ടാകാത്ത ദിവസങ്ങൾക്കു വന്ധ്യദിനങ്ങൾ എന്നാണു പേരു്. മദ്ധ്യത്തിലുള്ള ഗർഭം ഉണ്ടാകാവുന്ന ദിനരാത്രങ്ങൾക്കു് ഉല്പാദകദിനം എന്നാണു വ്യവഹാരഭാഷ. വ

ന്ധ്യദിനങ്ങളിലുള്ള ചേർച്ചകൊണ്ടു് ആപൽശങ്ക വേണ്ട. മറിച്ചു് ഉല്പാദകദിനങ്ങളിലായാലോ വിശദമായ ഒരു പട്ടികയുണ്ടു്.

ആർത്തവകാലവന്ധ്യഉല്പാദകവന്ധ്യ ദൈർഘ്യം

| | | ദിനം | ദിനം | ദിനം |
|---|---|---|---|---|
| 21 | ദിവസം- | 2 | 8 | 11 |
| 22 | ടി | 8 | 8 | 11 |
| 23 | ടി | 4 | 8 | 11 |
| 24 | ടി | 5 | 8 | 11 |
| 25 | ടി | 6 | 8 | 11 |
| 26 | ടി | 7 | 8 | 11 |
| 27 | ടി | 8 | 8 | 11 |
| 28 | ടി | 9 | 8 | 11 |
| 29 | ടി | 10 | 8 | 11 |
| 30 | ടി | 11 | 8 | 11 |
| 31 | ടി | 12 | 8 | 11 |
| 32 | ടി | 13 | 8 | 11 |

ഭ്രൂണവിജ്ഞാനീയത്തിൽ അനുസ്യൂതഗവേഷണങ്ങൾ നടത്തി പ്രഥിതയശസ്വികളായ ഗ്ലൂഗിനാഖ് ഓജിനോസിദ്ധാന്തങ്ങളാണു് ഈ പട്ടിക. സാമാന്യമായി ആർക്കും മനസ്സിലാക്കത്തക്കതും എന്നാൽ ദുർഗ്രാഹങ്ങളുമായ കാര്യങ്ങളുമാണിതു്. ഇതുകൊണ്ടുമാത്രം പോരാ. സന്താനനിയന്ത്രണത്തിനുവേണ്ടി മനസ്സിലാക്കേണ്ട അന്യകാര്യങ്ങളുമുണ്ടു്. അതു ആർത്തവചക്രത്തെപ്പററിയുള്ള വിജ്ഞാനമല്ലാതെ മറെറാന്നുമല്ല. ക്ലിപ്തമായ ദിനങ്ങളുള്ള ഓരോ ആർത്തവചക്രവും അവ്യവസ്ഥിതമായി പല സന്ദർഭങ്ങളിലും പ്രവർത്തിക്കും. ഇതു സർവസാധാരണമാണെന്നു പറഞ്ഞാൽതന്നെ അതിൽ ലവലേശമില്ല അതിശയോക്തി. എത്ര ക്ലിപ്തക്കാരിക്കും പലപ്പോഴും അക്ലിപ്തം പിശകും. ഒരു സമയത്തും ഈ ക്ലിപ്തം അനുഗ്രഹിച്ചിട്ടില്ലാത്ത ശീലാവതികളും കണക്കെടുത്താൽ കൂടും. രോഗം ആഹാരവിഹാരാദികളിൽ വരുന്ന പരിവൃത്തങ്ങൾ പ്രകൃതിദത്തമായ മററു കാരണങ്ങൾ ഇതിലേതെങ്കിലുമായിരിക്കും അതിനു ഹേതു. കുജൻ ചന്ദ്രൻ എന്ന രണ്ടു ഗ്രഹങ്ങളാണു പ്രതിമാസാർത്തവം ഉണ്ടാകുന്നതിനും ഉണ്ടാകാതിരിക്കുന്നതിനും സർവാധിപതികൾ എന്നാണു ജ്യോതിശാസ്ത്രജ്ഞന്റെ ഭാഷ്യം. അതെങ്ങനെയെങ്കിലുമാകട്ടെ.

ക്രമഭംഗത്തിനും ഒരു പരിധി ശാസ്ത്രം നിർദ്ദേശിക്കുന്നു. ഒരു ക്രമത്തിനു ആ ക്ലിപ്തദിവസം കഴിഞ്ഞു അതിനോടു ചേർന്നുള്ള അഞ്ചു ദിവസങ്ങളാണു് ക്രമഭംഗത്തിനുള്ള അവസരം. 21 ദിവസം ക്ലിപ്തസംഖ്യയുള്ള ഒരാർത്തവചക്രത്തിനു 21-ാമത്തെ ദിവസം അതിന്റെ ക്രമീകൃതദിവസവും അതുകഴിഞ്ഞു 5 ദിവസം (22, 23, 24, 25, 26) അക്ലിപ്തദിവസങ്ങളുമാകുന്നു. 22 മുതൽ 32 വരെയുള്ള ഓരോ ക്ലിപ്തത്തിനും ഇതുപോലെ 5 ദിവസംവീതം അക്ലിപ്തത്തിനുള്ള സമയങ്ങളാണു്. സമീകൃത ആർത്തവചക്രത്തിനുള്ള പരമാവധി 32 ദിവസവും അതിന്റെ ക്രമഭംഗത്തിനുള്ള 5 ദിവസവും കൂടി ചേർക്കുമ്പോൾ 37 ദിവസമാണു്. കൂടിയാൽ ഒരാർത്തവത്തിനുള്ള പരമാവധി ദൈർഘ്യം. സന്താനനിയന്ത്രണത്തിനു പ്രകൃതിദത്തമായ മാർഗ്ഗം അനുഗ്രഹിക്കുന്നവർ ആർത്തവചക്രത്തിലുള്ള ഈ വ്യത്യാസങ്ങളുടെ സമഷ്ടിയായ ജ്ഞാനം അറിഞ്ഞേ മതിയാവൂ.

ആർത്തവചക്രത്തിന്റെ പ്രാരംഭത്തിലുള്ള ചില ദിവസങ്ങൾ കഴിഞ്ഞു പിന്നീടുള്ള എട്ടോ അഥവാ പതിമൂന്നുവരെയോ ഉള്ള ദിവസങ്ങളാണു് ഉല്പാദകസന്ധി. അതു കഴിഞ്ഞുള്ള ദിവസങ്ങൾ ഗർഭശങ്ക കരുതി ഭയപ്പെടാനുള്ള അവസരങ്ങളല്ല. ഉല്പാദകവന്ധ്യദിനങ്ങളെപ്പററിയുള്ള സൂക്ഷ്മമായ ജ്ഞാനവും അതനുസരിച്ചു ജീവിക്കുവാനുള്ള മനശ്ശേഷിയും ഹസ്തഗതമാണെങ്കിൽ സന്താനനിയന്ത്രണത്തിനു് അതു ധാരാളം മതി.

ക്രമീകൃത ആർത്തവമായാലും അസമീകൃത ആർത്തവമായാലും ആർത്തവചക്രത്തിന്റെ അവസാനത്തെ ദിവസം മുതൽ പുറകോട്ടുള്ള 11 ദിവസം ഈശ്വരൻ മനഃപൂർവം വിചാരിച്ചാലും ഗർഭം ഉണ്ടാകുന്ന അവസരങ്ങളേയല്ല. ഈ 11 ദിവസങ്ങൾ കഴിഞ്ഞു് പുറകോട്ടുള്ള ദിവസങ്ങളാണു ഉല്പാദകദിനങ്ങൾ. ക്രമീകൃതവും അക്രമീകൃതവും പരിച്ഛേദിച്ചു മനസ്സിലാക്കാൻ കഴിയുന്നവർ അവസാനത്തെ 11 ദിവസം കഴിഞ്ഞു പുറകോട്ടുള്ള 13 ദിവസങ്ങൾ ഒഴിഞ്ഞുമാറുകയാണു ഭേദം.

ഈ സിദ്ധാന്തങ്ങളെല്ലാം ആധുനികമാണെന്നാണു പാശ്ചാത്യരും പൗരസ്ത്യരിൽ ചിലരും വിചാരിക്കുന്നതും വിശ്വസിക്കുന്നതും. ഭ്രൂണവിജ്ഞാനീയത്തിൽ ക്രിസ്തുവിനു് ആയിരമായിരം വർഷങ്ങൾക്കു മുമ്പുതന്നെ ഭാരതീയർ സമഗ്രമായ ജ്ഞാനം സമ്പാദിച്ചിരുന്നു എന്നു പാശ്ചാത്യവും പൗരസ്ത്യവുമായ അഭിപ്രായങ്ങൾ യോജിപ്പിച്ചു നോക്കുമ്പോൾ ബുദ്ധിഗോചരമാകും. ഭാരതീയശാസ്ത്രങ്ങളിൽ ഒരു മാസമാണു് ആർത്തവകാലദൈർഘ്യം. ഇതു പാശ്ചാത്യസിദ്ധാന്തവുമായി യോജിക്കുന്നുണ്ടു്. ഗർഭോല്പാദനദിനങ്ങൾക്കു ഋതുകാലം എന്ന സംജ്ഞ നൽകി ഭാരതീയശാസ്ത്രങ്ങളിൽ വ്യവഹരിക്കുന്നു. പന്ത്രണ്ടു ദിവസമാണു് ഒരു ഋതുകാലം. അതിൽ ആദ്യത്തെ 5 ദിവസം മുല്ലബാണവിലാസങ്ങൾ വർജ്ജിക്കണമെന്നും വിശ്വസിക്കുന്നു. 11-ാമത്തെ ദിവസവും നന്നല്ല. ബാക്കിയുള്ള എട്ടു ദിവസങ്ങളിൽ ഇരട്ടസംഖ്യയുള്ള ദിവസങ്ങളിൽ പുരുഷനും ഒററ സംഖ്യയുള്ള ദിവസങ്ങളിൽ സ്ത്രീയും ജനിക്കുമെന്നു് ആ

ധുനികശാസ്ത്രജ്ഞന്മാർക്കു ചിന്താകുഴപ്പം ഉണ്ടാക്കുന്നതാകു ഋതുപത്ഥ്യലാണ ആയുർവേദത്തിലെ നിർദ്ദേശം. തന്ത്രാന്തരങ്ങളിൽ ഋതുകാലം പതിനാറു ദിവസമായും അംഗീകരിച്ചുകാണുന്നുണ്ടു്. ഇങ്ങനെ രണ്ടഭിപ്രായം ഉല്പാദകകാലത്തെപ്പററി പൗരസ്ത്യശാസ്ത്രങ്ങളിൽ കാണാൻ കഴിയും. ഈ നിർദ്ദേശങ്ങൾ മുഴുവനായിട്ടല്ലെങ്കിലും ഭാഗികമായിട്ടെങ്കിലും ആധുനിക സിദ്ധാന്തങ്ങളുമായി ഇണങ്ങി യോജിക്കുന്നുണ്ടു്. ഋതുകാലം 12 ദിവസമെന്നുള്ള സംഖ്യ നോക്കുക. വർജ്യങ്ങളായ 4 ദിവസങ്ങൾ കഴിച്ചാൽ ഉൽപാദകകാലം 8 കിട്ടുന്നു. ഋതുകാലം 16 ദിവസമെന്നുള്ള കണക്കു നോക്കാം. വർജ്യങ്ങളായ 3 ദിവസങ്ങൾ കഴിച്ചാൽ ഉൽപ്പാദകദിനം 13 വരും. 27 ദിവസമുള്ള ചന്ദ്രമാസത്തിൽ അങ്ങനെ 16 ദിവസം കഴിച്ചാൽ അവസാനത്തു 11 വന്ധ്യദിനങ്ങൾ എന്നുള്ള ആധുനികസിദ്ധാന്തവുമായി അഭേദ്യമാംവണ്ണം യോജിക്കുന്നു. ആർത്തവ ചക്രത്തിൻെറ ആദ്യമുള്ള ഉൽപാദകവന്ധ്യദിനങ്ങളെ സംബന്ധിച്ചിടത്തോളം സ്റ്റീനഖ് ഓജിനോസിദ്ധാന്തങ്ങൾ പൗരസ്ത്യസിദ്ധാന്തങ്ങളുമായി വിയോജിക്കുന്നതും നമുക്കു കാണാം. 27 ദിവസമെന്നുള്ള ആർത്തവചക്രത്തിനു നാലാമത്തെ ദിവസം പാശ്ചാത്യസിദ്ധാന്തമനുസരിച്ചു ഉൽപ്പാദകദിനമല്ല. ഒമ്പതാമത്തെ ദിവസംമുതലാണു ഉൽപ്പാതകദിവസങ്ങൾ. പാശ്ചാത്യസ്ത്രീകളുടെ കഥ നമുക്കറിഞ്ഞുകൂടായെങ്കിലും ഭാരതീയസ്ത്രീകൾ ഈ ആധുനിക സിദ്ധാന്തത്തിൻെറ നേരെ ഒരു ചോദ്യചിഹ്നമാണു്. സ്റ്റീനിഖ് ഓജിനോസിദ്ധാന്തങ്ങൾ ഇവിടെ തെററുന്നു എന്നുള്ളതു ഭാരതീയസ്ത്രീകൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. ഈ സംഗതി പാശ്ചാത്യർ ഇനിയും കൂടുതൽ മനസ്സിലാക്കേണ്ടതാണു്. പൗരസ്ത്യസിദ്ധാന്തങ്ങൾ മനസ്സിലാകുമ്പോൾ അഥവാ മനസ്സിലാക്കുമ്പോൾ രംഗം അറിഞ്ഞ നടി സഭാതലത്തിൽനിന്നും അപ്രത്യക്ഷയാകുന്നതുപോലെ സ്റ്റീനിക്കു് ഓജിനോസിദ്ധാന്തങ്ങൾ മങ്ങും. എങ്കിലും ഈ വിഷയത്തിൽ അവർ നടത്തിയിട്ടുള്ള ചിരകാലഗവേഷണങ്ങൾ ലോകം ഒരിക്കലും വിസ്മരിക്കയില്ല.




ക്രമഭംഗമുള്ള ആർത്തവചക്രത്തിലെ ഉൽപാദകദിനങ്ങൾ മനസ്സിലാക്കുന്നതിനുണ്ടൊരു എളുപ്പവഴി ക്രമഭംഗം ഒരു ദിവസമാണെങ്കിൽ ഉൽപാദകദിനം 8+1 ആണു്. ഇതുപോലെ ഓരോ ക്രമഭംഗത്തിനു 8 + 1, 8+2, 8 + 3, 8 + 4, 8 + 5, ഇങ്ങനെ മനസ്സിലാക്കേണ്ടതാണു്. ക്രമീകൃത ആർത്തവചക്രത്തിനു അവസാനത്തെ 11 ദിവസംകഴിച്ചു പുറകോട്ടുള്ള 8 ദിവസവും ഓരോ ക്രമഭംഗത്തിനും 8 + 1 ഇങ്ങനെ മനസ്സിലാക്കിക്കൊണ്ടാൽ മതി. സൂക്ഷ്മമായി മനസ്സിലാക്കാൻ പ്രാഗൽഭ്യമുള്ളവർക്കു ക്ലിപ്തദിവസങ്ങൾതന്നെ തേടിപിടിക്കാം. അതിനു പരുങ്ങുന്നവർ അവസാനത്തെ 11 ദിവസം കഴിഞ്ഞുള്ള 13 ദിവസങ്ങൾ സന്താനനിയന്ത്രണത്തിനുവേണ്ടി ആത്മനിയന്ത്രണം ശീലിച്ചാൽ കൊള്ളാം. ഈ സിദ്ധാന്തവും ആയുർവേദസിദ്ധാന്തവുമായി ഒക്കാറുണ്ടു്. ആദ്യമുള്ള ഉൽപാദകവന്ധ്യദിനങ്ങളിൽ ആധുനികർ വന്ധ്യദിനങ്ങളായി പഠിക്കുന്നതു ഭാരതീയർക്കു ഉൽപാദകദിനങ്ങളാണു്.

സന്താനനിയന്ത്രണം കാംക്ഷിക്കുന്നവർക്കു ഈ നിർദ്ദേശം സഹായകരമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. പ്രകൃതിദത്തമായ നിയന്ത്രണവിദ്യകൾ നമ്മളിൽതന്നെ സ്ഥിതി ചെയ്യുന്നു. ആ മംഗലമഹാശക്തിയെ മനസ്സിലാക്കിയാൽ മതി. കേവലം വികാരതരളിതരും ഭോഗോപസേവികളുമായവർക്കു വിലപ്പെടാത്തതായിരിക്കും ഈ നിർദ്ദേശങ്ങളെല്ലാം. ദൈവദത്തമായ നിയന്ത്രണത്തിനു മാനസികമായ പരിശുദ്ധിയും ആത്മനിയന്ത്രണവും അത്യാവശ്യമാണു്. അതിനുള്ള കഴിവു കുറയുന്നവർ ഔഷധയോഗങ്ങളോ അന്യമാർഗ്ഗങ്ങളോ സ്വീകരിക്കയേ ഗത്യന്തരമുള്ളു. നിരുപദ്രവവും ശ്രമരഹിതവും അത്യന്തം ഫലപ്രദവുമായ അനവധി ഔഷധയോഗങ്ങളും ശാസ്ത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ടു്. വളരെ പ്രയാസക്കുറവുള്ളതും ഏറെ പ്രയാസമുള്ളതുമായ വിധികൾ ശാസ്ത്രങ്ങളിൽ കാണാം. അതെല്ലാം ചികിത്സകന്മാരിൽനിന്നും നേരിട്ടു മനസ്സിലാക്കേണ്ടതാണെന്നു തൽക്കാലം പറഞ്ഞാൽ മതി.

## ചിന്താവിഷയം

സ്വന്തം വികാരങ്ങൾക്കു് അടിമപ്പെടുന്നവരാണു്. അടിമകളിൽ വച്ചു് അധമന്മാർ,



# ഹിപ്നോട്ടിസം

(ടി. ആർ. നാരായണൻ)

ഹിപ്നോട്ടിസവും ടെലിപതിയെപ്പോലെ മാനസികമായ ചില ലാഘവനാരുകളെ സംബന്ധിക്കുന്നതാണ്. ടെലിപതി സംബന്ധമായ പ്രവൃത്തികൾ വഴി ഒരു മനുഷ്യന്റെ ചഞ്ചലിതവും പ്രേമം മുതലായവ നിറഞ്ഞതുമായ മനസ്സിനെ താൻ ഇച്ഛരിക്കുന്ന മറ്റൊരു വ്യക്തിയുടെ മാനസികാതിർത്തിയിലേയ്ക്കു് എത്തിക്കുന്നു. ഹിപ്നോട്ടിസവും ടേലിപേഥിയും തമ്മിലുള്ള വ്യത്യാസം ഇതുതന്നെയാണ്. ഹിപ്നോട്ടിസത്തിൽ ഒരു വ്യക്തി സാവധാനപരമായ ചേഷ്ടകൾ വഴി, ഇച്ഛാശക്തിയുടെ പ്രയോഗത്താൽ അന്യവ്യക്തിയിൽ, തന്റെ വിചാരങ്ങളും അഭിലാഷങ്ങളും ആരോപിക്കുകയാണ് ചെയ്യുന്നത്. ടേലിപതിയിൽ മനസ്സിന്റെ ഉച്ചശബ്ദങ്ങളിൽക്കൂടി സഞ്ചലിതമായ സന്ദേശം ആയിരം നാഴിക ദൂരത്തിൽ സ്ഥിതിചെയ്യുന്ന വ്യക്തിവരെ എത്തിയ്ക്കുന്നുണ്ട്. എന്നാൽ, ഹിപ്നോട്ടിസംവഴി മാനസിക പ്രഭാവം ഉണ്ടാകണമെങ്കിൽ ആ വ്യക്തി അടുത്തുതന്നെ ഉണ്ടായിരിക്കണം.

## യോഗവും ഹിപ്നോട്ടിസവും

ആയിരം സംവത്സരങ്ങൾക്ക് മുമ്പുള്ള ഭാരതീയർപോലും ഹിപ്നോട്ടിസ കലയോടു പരിചിതരാണ്. നമ്മുടെ രാജ്യത്തുണ്ടായിരുന്ന യോഗികളും താന്ത്രികരും പുരാതന കാലം മുതൽക്കുതന്നെ ഈ സമ്മോഹന വിദ്യ പ്രയോഗിക്കാറുണ്ടായിരുന്നു. താന്ത്രികരുടെ ഗാന പ്രയോഗം, വശീകരണം, മുതലായ വിദ്യകൾ പണ്ട് ഈ രാജ്യത്തിൽ വളരെ പ്രചാരമേറിയവയായിരുന്നു. ഹിപ്നോട്ടിസം, സമ്മോഹനത്തിലും വശീകരണത്തിലും അന്തർലീനമായികിടക്കുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ ഈ വിദ്യ കണ്ടുപിടിച്ചിട്ട് വളരെ കുറച്ചുനാളുകളേ ആയിട്ടുള്ളൂ. ആദ്യമായി 18-ാം നൂറ്റാണ്ടിൽ മേസ്മർ എന്നു പേരായ ഒരു ആസ്ത്രിയക്കാരനാണ് ഇതു അവിഷ്ക്കരിച്ചതു്. അദ്ദേഹത്തിന്റെ പേരിൽ മേസ്മറിസം പ്രചാരമായി. ചില രോഗങ്ങൾ ഭേദമാക്കുവാൻ മരുന്നുകൾക്കു പുറമെ മാനസികമായ 'തോന്നിപ്പിക്കൽ' വളരെ ഉപയോഗപ്രദമാണെന്ന് ചികിത്സാസംബന്ധമായ വിവിധ പ്രയോഗങ്ങൾക്കു ശേഷം ഡാക്ടർ മേസ്മറിനു് അനുഭവപ്പെട്ടു. സൂക്ഷ്മതയാലും കാര്യകുശലതയാലും അന്യവ്യക്തികളിൽ പോലും പ്രഭാവമുണ്ടാകുന്ന ഒരു സ്പർശനശക്തി മനുഷ്യനിൽ ഉണ്ടെന്നു അദ്ദേഹത്തിനു് വ്യക്തമായി മനസ്സിലാക്കുവാൻ സാധിച്ചു. ഇപ്രകാരം ചികിത്സകനിൽ നിന്നു് രോഗിവരെ എത്തിയ ആ ശക്തി തന്റെ അദൃശ്യപ്രഭാവത്താൽ രോഗത്തെ ഉന്മൂലനാശം ചെയ്യുന്നു. ഈ സ്പർശനശക്തി എല്ലാ മനുഷ്യരിലും ഉണ്ടെന്നും, പക്ഷേ അന്യ വ്യക്തികളിൽ എത്തിച്ചേരുവാനുള്ള കലയുടെ ജ്ഞാനം ഉണ്ടാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. ഇപ്രകാരം സ്പർശന ശക്തിയുടെ പ്രഭാവത്താൽ രോഗികളുടെ രോഗത്തെ ഭേദമാകുവാൻ അദ്ദേഹം ഒരു ചികിത്സാലയം ആരംഭിച്ചിരുന്നു. ആ ഉദ്യമത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു.

ആരംഭത്തിൽ വൈജ്ഞാനികർ ഈ സിദ്ധാന്തങ്ങളെ അന്ധവിശ്വാസമെന്നു പറഞ്ഞ് പരിഹസിച്ചു. എന്നാൽ പിന്നീട് ക്രമേണ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളുടെ മഹത്വം വൈജ്ഞാനിക ക്ഷേത്രങ്ങളിലും സ്വീകരിക്കുവാൻ തുടങ്ങി.

ഇതേ മേസ്മറിസത്തിന്റെ പേർ, പിന്നീട് പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ ഹിപ്നോട്ടിസമെന്നാക്കി. ഹിപ്നോട്ടിസമെന്ന ശബ്ദം ഗ്രീക്കു ഭാഷയിലെ "ഹിപ്നോസ്" എന്ന പദത്തിൽ നിന്നുണ്ടായതാണ്. സംസ്കൃതത്തിലെ "സ്വപ്നം" എന്ന പദത്തിന്റെ മറ്റൊരു രൂപമാണ് 'ഹിപ്നോസ്' ആയതുകൊണ്ട് ഹിപ്നോട്ടിസത്തെ സ്വപ്ന സമ്മോഹനം എന്നു പറയുകയാണെങ്കിൽ അത്ര ശരിയല്ല. എന്തുകൊണ്ടെന്നാൽ ഹിപ്നോട്ടിസം അനുഭവപ്പെടുന്ന ഒരു വ്യക്തിയിൽ ആദ്യമായി വിശേഷതരത്തിലുള്ള സ്വപ്ന-നിദ്രപോലെ ഒരവസ്ഥ ഉണ്ടാക്കപ്പെടുന്നുണ്ട്. അതിനെ ഒരു തരത്തിലുള്ള യോഗ—നിദ്രയെന്നും പറയപ്പെടാവുന്നതാണ്. അതിൽ

മഗ്നനായ ഒരു വ്യക്തിയുടെ വിചാരങ്ങൾ ഹിപ്നോട്ടിസം നടത്തുന്ന വ്യക്തിയുടേതുപോലെയായിരിക്കും എന്നതാണ് ആ നിദ്രയുടെ വിശേഷം. സമ്മോഹകൻ (ഹിപ്നോട്ടിസ്റ്റ്) സമ്മോഹിത (ഹിപ്നോട്ടിസം ചെയ്യപ്പെട്ട—അനുഭവപ്പെട്ട) വ്യക്തിക്ക് അയാളുടെ ആ വിശേഷരീതിയിലുള്ള നിദ്രാവസ്ഥയിൽ; കൊടുത്ത വിചാരങ്ങൾ(തോന്നിപ്പിക്കൽ) അയാൾ പാലിക്കും, അല്ലെങ്കിൽ പ്രത്യേക രീതിയിൽ അനുഷ്ഠിക്കേണ്ടി വരും അങ്ങിനെ വന്നാൽ അയാൾ ഉണർന്നയുടനെ അപ്രകാരംതന്നെ പ്രവർത്തിക്കുവാൻ തുടങ്ങുന്നതാണ്—തന്റെ ഇച്ഛയാലോ അറിവാലോ അല്ല—പക്ഷെ തന്റെ ജ്ഞാനത്തിന്റെ വിവശതയാലാണ്. അങ്ങനെ ചെയ്യുന്നതു്. അയാൾ എന്തുകൊണ്ടാണ് ആ പ്രവൃത്തിയെടുക്കുന്നതെന്നുകൂടി അയാൾക്കറിഞ്ഞുകൂടാ. ഹിപ്നോട്ടിസനിദ്രയിൽനിന്ന് ഉണരുന്ന ഒരു സമ്മോഹിത വ്യക്തിക്ക് താൻ ഹിപ്നോട്ടിസം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും, തന്റെ മനസ്സിൽ ചില വിശേഷ വിചാരങ്ങൾ ഉണ്ടായെന്നും അയാൾക്ക് എന്തെല്ലാം ആദേശങ്ങൾ കൊടുത്തിരുന്നുവെന്നും അറിയുവാൻ സാധിക്കുന്നതല്ല. എങ്കിലും ആ വ്യക്തി ഉണരുമ്പോൾ താൻ അറിയാതെതന്നെ തന്റെ മനസ്സിൽ തോന്നിയിരുന്ന (സമ്മോഹനാവസ്ഥയിൽ) വിചാരങ്ങൾ അനുഷ്ഠിക്കുവാൻ തുടങ്ങാറുണ്ട്. ഉദാഹരണമായി, ഒരിസ്ക്കൂൽ ഒരു ഹിപ്നോട്ടിസ്റ്റ് ഒരു വ്യക്തിയെ ഹിപ്നോട്ടിസനിദ്രയിൽ മഗ്നനാക്കുകയും ആ അവസ്ഥയിൽ അയാൾ നിദ്രയിൽ നിന്നും എണീററ് രണ്ടാമത്തെ മുറിയിൽ പ്രവേശിക്കുമ്പോൾ വഴിയിലുള്ള ഒരു കസേലയെടുത്ത് ആ മുറിയുടെ മൂലയിൽ കൊണ്ടുപോയി വെക്കുവാനുള്ള ആദേശം കൊടുക്കുകയും ചെയ്തു. അയാൾ നിദ്രയിൽനിന്ന് ഉണർന്നു ഉടനെതന്നെ ആ കസേലയെടുത്ത് മുറിയുടെ മൂലയിൽ വെയ്ക്കുകയാണുണ്ടായതു്. എന്തുകൊണ്ടാണ് അങ്ങിനെ ചെയ്തതു് എന്ന് ആ വ്യക്തിയോടു് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു—'ആ കസേല അവിടെയിരിക്കുന്നതു് എനിക്ക് നന്നായി തോന്നിയില്ല. അതിനാൽ അങ്ങു് ഞാനതു മാററിവെച്ചതു്.' തന്നിൽ എന്തൊരു പ്രേരണയാണ് സ്ഥിതി ചെയ്യുന്നതെന്നുകൂടി ആ വ്യക്തിക്ക് അറിവില്ലായിരുന്നു.

ഈ ക്രമത്തിൽ, സമ്മോഹിത വ്യക്തി തന്റെ സ്വപ്നസമ്മോഹനാവസ്ഥയിൽ, സമ്മോഹ വ്യക്തിയുടെ മാത്രം വിചാരങ്ങൾക്കു വിധേയനായിരിക്കുകയും അന്യ വ്യക്തികളുടെ വിചാരങ്ങളിൽ അശ്രദ്ധനായിരിക്കയും ചെയ്യുമെന്നോർക്കണം.

## ദുരുപയോഗം

ഡാക്ടർ മെസ്മർ രോഗികളെ ചികിത്സിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇതു് ആവിഷ്കരിച്ചതു്. പിന്നീട് യൂറോപ്പിലെ ഹിപ്നോട്ടിസ വിദഗ്ദ്ധന്മാർ രോഗനിവാരണത്തിനു വേണ്ടിത്തന്നെയാണു് അതു് ഉപയോഗിച്ചിരുന്നതു്. ഈ കലയുടെ ദുരുപയോഗത്തിൽ അനുചിതലാഭം എടുത്തിരുന്നവരുടെ എണ്ണം അക്കാലത്തും കുറവായിരുന്നില്ല. ഉത്തമകുലത്തിൽ ജനിച്ച പെൺകുട്ടികളെ, അറിവില്ലായ്മയിൽ സമ്മോഹിതരാക്കി, ഈ കലയിൽ സമർത്ഥരായ ചില ദുഷ്ടന്മാർ, അവരുടെ ചാരിത്രത്തിൽ കളങ്കം പടർത്തുവാൻ മടിച്ചില്ല. ഇത്തരത്തിലുള്ള ഒരു പ്രയോജനമാണു്, യൂറോപ്പിലെയും അമേരിക്കയിലെയും ചിലർ ഈ കലയ്ക്കു പ്രദാനം ചെയ്തതു്. ഹിപ്നോട്ടിസത്തിന്റെ സഹായത്താൽ കളവുകൾ ചെയ്യപ്പെടുന്നതിന്റെ ഉദാഹരണങ്ങളും അവിടങ്ങളിൽ തീരെ കുറവല്ല.

കേവലം വ്യക്തിപരമായ ഹിപ്നോട്ടിസം മാത്രമല്ല, സാമൂഹ്യ സമ്മോഹന കലയും പാശ്ചാത്യർക്കു വളരെ പരിചിതമാണു്. അമേരിക്കയിലെ ഒരു പട്ടണത്തിലെ ഒരു ഹിപ്നോട്ടിസ്ററ് ഒരിസ്ക്കൂൽ പതിനൊന്നു പേരടങ്ങിയ ഒരു ഫുട്ബോൾ ടീമിനെ സമ്മോഹിതരാക്കി. ജയിക്കുമെന്ന ആശയോടുകൂടി കാത്തിരുന്ന ആ ടീം എതിരാളികളെ തോല്പിച്ചു.

ഒരിസ്ക്കൂൽ 'ഫിലാഡൽഫിയാ' എന്ന സ്ഥലത്തു് ഒരു സ്കൂളിലുള്ള സർവ്വ കുട്ടികളെയും ഒരു ഹിപ്നോട്ടിസ്റ്റ് സമ്മോഹിതരാക്കുകയും അങ്ങിനെ അവരിൽ ഒരു പരിഭ്രാന്തത ഉല്പാദിപ്പിക്കുകയും ചെയ്തു. തൽഫലമായി അനവധി കുട്ടികൾ തങ്ങളുടെ സമ്മോഹിതാവസ്ഥയിലെ പരിഭ്രാന്തിയുടെ പെരുമാററത്താൽ മുറിവേററവരായി അയാൾ പക്കത്തുള്ളവരെ തല്ലുവാനും ഉപദ്രവിക്കുവാനും തുടങ്ങി. പോലിസിന്റെ സഹായം ആവശ്യമായിരുന്നു. മുറിവേററവരെ സഹായിക്കുവാൻ ഡാക്ടരും നേഴ്സും എത്തി

## റേഡിയോ

മേൽ ഉദ്ധരിച്ചപ്രകാരം, സാധാരണയായി, സമ്മോഹകവും സമ്മോഹിതവുമായ വ്യക്തിയോ സമൂഹമോ അരികെയരികെയായുള്ള അവസ്ഥയിലാണു് ഹിപ്നോട്ടിസം ചെയ്യപ്പെടുന്നതു്. എന്നാൽ ചിലപ്പോൾ റേഡിയോവഴി വ്യക്തിയേയോ സമൂഹത്തേയോ ഹിപ്നോട്ടിസാവസ്ഥ ചിലവാക്കുവാൻ കഴിയുന്നതാണു്. പോൾഗർ എന്നുപേരായ പ്രസിദ്ധ ഹിപ്നോട്ടിസ്റ്റ് ഒരിക്കൽ ലിങ്കാറിയിലെ ഒരു റേഡിയോവഴി 3000 വ്യക്തികളെ സമ്മോഹിതാവസ്ഥയിലാക്കി. ഇതേ ഉപായത്താൽ അദ്ദേഹം മറെറാരവസരത്തിൽ

# നിങ്ങൾക്കറിയാമോ?

## ഫൂൾസ്‌ക്യാപ്പ് പേപ്പർ എന്നു പറയുന്നതെന്തുകൊണ്ട്?

ഇതു പഴയകാലം മുതൽക്കേ പറഞ്ഞുവരുന്നതാണ്. അക്കാലത്ത് ഫോളിയോ സൈസിലുള്ള കടലാസിൽ ഇപ്പോൾ ആനമാർക്കും മററും കാണാറുള്ളതുപോലെ മണികൾ കെട്ടിയ തൊപ്പിധരിച്ച ഒരു കോർട്ടുഫൂളിന്റെ ഛായ കാണാമായിരുന്നു. 13—ാം ശതാബ്ദം മുതൽ 17-ാംശതാബ്ദംവരെ ഇത്തരത്തിലുള്ള കടലാസുകളായിരുന്നു അധികം പ്രചാരത്തിലിരുന്നവ. കൂടാതെ ഇററാലിയൻ ഭാഷയിൽ ഫോളിയോ സൈസിലുള്ള പേപ്പറിനു "foglicape ഫോളിയോ സൈസിലുള്ള പേപ്പർ എന്നർത്ഥമുള്ള ഈ പദവും ഉപയോഗിച്ചിരുന്നു. അതുകൊണ്ടുകൂടെയാണ് അ സൈസിലുള്ള കടലാസിനു ഫൂൾസ്‌ക്യാപ്പ് പേപ്പർ എന്ന പേരിൽ ഇത്ര പ്രസിദ്ധി കിട്ടിയതു്.

## കടലിൽ ശുദ്ധജലം കിട്ടുമോ?

സമുദ്രത്തിൽ ഉപ്പിന്റെ ലവലേശംപോലുമില്ലാത്ത ശുദ്ധജലം കിട്ടുമെന്നുള്ളതു് ഏവർക്കും വിശ്വസിക്കാൻ വളരെ പ്രയാസംതന്നെ. എന്നാൽ ചില സ്ഥലങ്ങളിൽ ഇതു ലഭ്യമാണെന്നുള്ള വസ്തുത ഒരു സത്യമാണ്

അററ്‌ലാന്റിക്ക മഹാസമുദ്രത്തിൽ അമേരിക്കൻ തീരത്തു ആമസോൺ മഹാനദി വന്നു വീഴുന്ന സ്ഥലത്തു് ഏകദേശം 200 മൈൽ വിസ്താരത്തിൽ ശുദ്ധജലം സമുദ്രത്തിൽനിന്നും ലഭിക്കുന്നു. ഇതിന്റെ കാരണം ആമസോൺ നദി ഒരു സെക്കണ്ടിൽ അനേകം കോടി ഘനമാനം വെള്ളം സമുദ്രത്തിലേക്കു വീഴ്ത്തിക്കൊണ്ടിരിക്കുന്നതാണ്. അതുകൊണ്ടു സമുദ്രത്തിന്റെ മുകളിലത്തെ നിരപ്പിൽ ശുദ്ധജലം കിട്ടുന്നു. ഇതു നാവികർക്കും കപ്പൽയാത്രക്കാർക്കും കപ്പലിൽ സംഭരിച്ചുവച്ചിരിക്കുന്ന വെള്ളം തീരുമ്പോൾ വലിയൊരു ഉപകാരമാണ്.

കൂടാതെ വേറെ ചിലയിടത്തും ശുദ്ധജലം ലഭിക്കുന്നു. ആസ്ത്രേലിയായുടെ കിഴക്കേ തീരത്തു സമുദ്രത്തിന്റെ അടിയിൽ (submarine springs) ശുദ്ധജലം ലഭിക്കുന്നതിനു സഹായിക്കുന്നു. ഇതും നാവികർ തൊട്ടിയിട്ടു കോരിയും മററും എടുത്തുവരുന്നു. സൗത്തുസീഐലൻഡ്സിൽ സമുദ്രത്തിന്റെ അടിയിൽ ശുദ്ധജലമുണ്ട്. അന്നാട്ടുകാർ നീർക്കാംകുഴിയിട്ടു അടിയിൽചെന്നു വെള്ളം നിറച്ചെടുക്കുന്നു.

## 'മോണിററർ' എന്ന നാമം എങ്ങനെ വന്നു?

റോമൻ ജനത അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന ആശാന്മാരെ 'മോണിററർ' എന്നാണു വിളിച്ചിരുന്നതു് പട്ടാളക്കാരുടെ ഇടയിലെ മോണിററർ ചെറുപ്പക്കാരായ പട്ടാളക്കാരുടെ തെററും കുററങ്ങളും ചൂണ്ടിക്കാണിക്കുന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു. വീട്ടിലുള്ള അംഗങ്ങളെയെല്ലാം ഊണുസമയവും മററും ആകുമ്പോൾ അറിയിക്കുകയും രാവിലെ വിളിച്ചുണർത്തുകയും മററും ചെയ്തുവന്നിരുന്ന ഒരു അടിമയായിരുന്നു വീടുകളിലെ 'മോണിററർ'. ഇങ്ങനെ മററുള്ളവരുടെ തെററുകളെ വിലക്കുകയും അതാതിന്റെ സമയങ്ങൾ അറിയിക്കുകയും തന്നെയാണല്ലോ നമ്മുടെ സ്കൂളുകളിലെ മോണിററന്മാരുടെ പ്രധാന ചുമതല. അതാണ് അവർക്കു് ആ പേരു കിട്ടിയതു്.

## ലോകത്തിലെ ഏഴു പുരാതന അൽഭുതങ്ങൾ

1. ഈജിപ്തിലെ പിരമിഡുകൾ.

---

3000 പെൺകുട്ടികളെ ഒരേ സമയത്തു് ഉറക്കുകയുണ്ടായി.

എന്നാൽ, ഇത്തരം, ദുരുപയോഗങ്ങളാൽ ഹിപ്നോട്ടിസത്തെ നിന്ദാർഹമാക്കുന്നതു് ഉചിതമല്ല. ആധുനിക ഹിപ്നോട്ടിസകലയുടെ വികാസത്താൽ രോഗസംബന്ധമായ ചികിത്സയ്ക്കു് പ്രയോജനമുണ്ടെന്നു നാം കണ്ടു കഴിഞ്ഞു വല്ലൊ. ഈ ഉപയോഗത്താൽ പാശ്ചാത്യരാജ്യങ്ങളിൽ അനേകം മാറാത്ത മാനസിക രോഗങ്ങളും കായിക രോഗങ്ങളും ഭേദമാക്കിട്ടുണ്ട്. അനേകം ഭ്രാന്തന്മാരെ സ്വസ്ഥമനോഭാവത്തിലാക്കുവാൻ ഹിപ്നോട്ടിസം വളരെയധികം സഹായിച്ചിട്ടുണ്ട്. പഠിക്കുന്നതിൽ മനസ്സിരുത്താത്ത കുട്ടികളെ നിദ്രാവസ്ഥയിൽ പഠിപ്പിക്കുവാനും ഇതിന്റെ സഹായത്താൽ സാധിച്ചിട്ടുണ്ട്. സ്ത്രീകൾക്കു് പ്രസവവേദനകൂടാതെ പ്രസവിക്കുവാനും ഇതിന്റെ സഹായം ആവശ്യമാണ്. സമ്മോഹിതാവസ്ഥയിൽ ഹിപ്നോട്ടിസ്റ്റിന്റെ മാനസികവിചാരങ്ങളോടൊപ്പം പ്രസവവേദന മറന്ന സ്ത്രീ സന്തോഷത്തോടെ പ്രസവിക്കുന്നു. ഹിപ്നോട്ടിസത്തിന്റെ സഹായത്താൽ യുദ്ധക്കളത്തിലെ ഭീരുക്കൾക്കും വീര്യം കൊടുക്കുവാൻ സാധിക്കുന്നതാണ്.

—0—

2. ബാബിലോണിലെ ഉഞ്ഞാൽ തോട്ടം.

3. മാസോൾസിലെ ശവകുടീരം.

4. എഫേസോസിലെ ദേവാലയം.

5. റോഡ്സിലെ കൊളോസസ്.

6. ഫിഡിയാ ഉണ്ടാക്കിയ സിയസിന്റെ ജൂപ്പിററർ പ്രതിമ.

7. ഈജിപ്തിലെ ഫറോ (അല്ലെങ്കിൽ സൈറസിലെകൊട്ടാരം)

## ഹസ്തദാനത്തിന്റെ ഉത്ഭവം എങ്ങനെ

ഇപ്പോൾ നാം കൈക്കൂപ്പി 'നമസ്തേ' പറയുന്നതിനു പകരം ഇടക്കാലത്തു പരിഷ്ക്കാരികളായ സ്നേഹിതന്മാർ തമ്മിൽ കാണുമ്പോൾ ഒരാൾ മറെറാളുടെ വലതുകരം പിടിച്ചു കുലുക്കുക എന്നൊരു പതിവുണ്ടായിരുന്നല്ലോ.

പഴയകാലത്തു യൂറോപ്പിലും മററും എല്ലാവരും ആയുധധാരികളായി നടക്കുന്ന കാലത്ത് ഏതു സ്നേഹിതനായാലും ചിലപ്പോൾ അയാൾ ഒളിച്ചുവച്ചിരിക്കുന്ന ആയുധം പ്രയോഗിച്ചെന്നുവരും. അതു തടയാനായി അക്കാലത്തു സ്നേഹിതർ തമ്മിൽ കണ്ടുമുട്ടുമ്പോൾ സ്വയരക്ഷക്കുവേണ്ടി ആയുധം ധരിക്കുന്ന കൈകൾ പരസ്പരം പിടിക്കുകയും അതിനു തടസ്സമൊന്നുമില്ലെങ്കിൽ സ്നേഹിതൻ തന്നെയാണെന്നു മനസ്സിലാക്കുകയും ചെയ്തിരുന്നു. അതു പിൽക്കാലത്ത് ഒരു ആചാരമായിത്തീർന്നു. ആയുധധാരികളധികമില്ലെങ്കിലും ആചാരം പ്രചാരത്തിൽ തന്നെയിരിക്കുന്നു.

## ആററം ബോമ്പ്

മെക്സിക്കൻ മരുഭൂമിയിൽ ആദ്യമായി നടത്തിയ പരീക്ഷണം ഭൗതികശക്തിയെ മുഴുവൻ തകിടം മറിക്കുന്ന, പ്രകൃതിയെ തരിപ്പണമാക്കുന്ന, മനുഷ്യൻ തന്റെ ബുദ്ധിയും ശക്തിയും വളരെക്കാലമായി ചെലവാക്കി, പ്രകൃതിയോടു പടവെട്ടി തോല്പിച്ചെടുത്ത ആ അമൂല്യനിധി ആദ്യമായി ഒന്നു പരീക്ഷിച്ചുനോക്കാൻ നിശ്ചയിച്ചുവച്ചിരിക്കുന്ന അവസാനതീയതി അടുത്തു വരുന്നു. പരീക്ഷണദിവസം ഇനിയും നീട്ടിക്കൊണ്ടുപോകുവാൻ കാരണമാക്കിയ ആ തോരാതെയുള്ള ഭയങ്കര മഴയൊന്നു ശമിച്ചു. ഇപ്പോൾ അപ്പോഴപ്പോളുള്ള ഒരു ചാററലും മിന്നലുമൊക്കെയെ ഉള്ളു. വിശ്വപ്രഖ്യാതമായ ആ ജൂലൈ 16—ാംതീയതി സമാഗതമായി. സമയം ഏതാണ്ടു വെളുപ്പിനു 4 മണിയായിട്ടുണ്ട്. പട്ടാളക്കാരുടെ അൽമഗാർഡോ വിമാനത്താവളത്തിലെ ഒരു ചെറിയ ഭാഗമാണു നിശ്ചിത സ്ഥലം. അൽബുക്കർക്കിൽനിന്നു 120 മൈൽ അകലെ.

തെരഞ്ഞെടുക്കപ്പെട്ട ഒരുകൂട്ടം ശാസ്ത്രജ്ഞന്മാർ ശാന്തമായിട്ടെങ്കിലും ആശങ്കാകുലഭാവത്തോടെ ജോലിയിൽ വ്യാപൃതരായിരിക്കയാണ്. ആ മരുഭൂമിയിൽ പണിതിരിക്കുന്ന ഒരു ഉരുക്കു ററവ്വറിൽ നിന്നും അതാ തൂങ്ങിക്കിടക്കുന്നു ആ പരീക്ഷണവസ്തു—'ആററംബോംബ്' 2000,000,000 ഡോളർ മുടക്കി, ബ്രിട്ടന്റെയും അമേരിക്കയുടെയും അസാമാന്യതലച്ചോറുള്ള ശാസ്ത്രജ്ഞന്മാരുടെ എത്രയോ വർഷത്തെ ഫലമാണ് ആ തൂങ്ങികിടക്കുന്നത്. ഹോ! ഇതു മനുഷ്യരാശിയുടെ— പ്രകൃതിയുടെ മുഴുവനും തന്നെ ഉന്മൂലനാശത്തിനല്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ബോംബിന്റെ സാമഗ്രികൾ എല്ലാം അടുത്തു കൊണ്ടുവന്നുകഴിഞ്ഞു. ശാസ്ത്രജ്ഞന്മാർ യന്ത്രസഹായത്താൽ ഏററവും സസൂക്ഷ്മം ശ്രദ്ധിച്ച് അളന്നു ചെയ്തിട്ടുള്ള ഓരോ ഭാഗങ്ങളും വിറച്ചുണ്ട കൈകളോടെ കൂട്ടിച്ചേർക്കുകയാണ്. എങ്കിലും ആ പരിജ്ഞാനകൾ എന്തോ ഒരു സാധനം അതിനുള്ളിൽ കടത്താൻ നോക്കിയിട്ട് അതു അനങ്ങുന്ന ലക്ഷണമില്ല. കൂടിയിരുന്ന ശാസ്ത്രജ്ഞന്മാർ വല്ലാതെ അതിശയിച്ചു എന്നാൽ Dr. R. F. Bacher of Corncell University ഒട്ടുംതന്നെ ചഞ്ചലനായില്ല. കുറച്ചു സമയം കഴിയുമ്പോൾ ഇതിനൊരു പരിഹാരം കാണും എന്നു ഖണ്ഡിതമായി പറഞ്ഞു. അതുപോലെതന്നെ ഒരു മൂന്നു മിനിട്ടു കഴിഞ്ഞപ്പോൾ ആ വലിയ കഷണം അതിനുള്ളിലേക്കു പരിചേരദം അർന്നു ചേർന്നു. അങ്ങനെ ആററം ബോംബിന്റെ സർവ്വഭാഗവും കൂട്ടിയിണക്കികഴിഞ്ഞു.

ബോംബ് തൂക്കിയിട്ടശേഷം ശാസ്ത്രജ്ഞന്മാർ രണ്ടുകൂട്ടമായി തിരിഞ്ഞു. Zero hour 5. 30 a. m. ആ നിശ്ചിതസമയത്തിനുവേണ്ടി നോക്കിയിരിക്കയാണ്. ഒരു കൂട്ടർ ററവ്വറിൽനിന്നും 6 മൈൽ അകലെ തടികൾക്കും ഭൂമിക്കും ഉണ്ടാകുന്ന ഭാവഭേദങ്ങളുടെ സൂക്ഷ്മപരിശോധനക്കുവേണ്ടി പ്രത്യേകം സജ്ജീകരിച്ചിരുന്ന ഷെൽട്ടറിൽ സ്ഥാനം പിടിച്ചു. മററെ കൂട്ടർ 10 മൈൽ അകലെ നിന്നുകൊണ്ടു വീക്ഷണം നടത്താൻ നിശ്ചയിച്ചിരുന്ന സ്ഥാനത്തു പോയി. മിലിററി പോലീസിന്റെ ലഫ്ററനന്റായിരുന്ന ആളാണ് അവസാനം ആററംബോംബ് പരിശോധിച്ചു തൽസ്ഥാനത്തുനിന്നും പോയതു. (Dr. K. T Bain Bridge of the Massachusetts Institute of Technology) അദ്ദേഹമാണ് ആററംബോംബ് പൊട്ടിക്കുന്നതിനു നിയുക്തനായിരുന്നതു. എല്ലാം നിർവ്വഹിച്ചശേഷം, റേഡിയോമാർഗ്ഗം ബന്ധിച്ചിരുന്ന വീക്ഷണകേന്ദ്രങ്ങളും ചിക്കാഗോ യൂ

ണിവേഴ്സിററിയിലെ Dr. S. K. Allison ഉം തമ്മിൽ സമയവിവരം അറിയിച്ചുകൊണ്ടിരുന്നു.

"20 മിനിററുകൂടിയുണ്ട്" അദ്ദേഹം പറഞ്ഞു. കൂട്ടംകൂടിയിരുന്ന ശാസ്ത്രജ്ഞന്മാർ കാത്തിരിക്കയാണ്. നാം ഇത്രയും നാൾ കഷ്ടപ്പെട്ടുണ്ടാക്കിയതു് ജയത്തിൽ കലാശിക്കുമോ? ഈ മാരകയുദ്ധം അവസാനിപ്പിച്ചു മനുഷ്യരാശിക്ക് ഇനിയുമെങ്കിലും സമാധാനം കൈവരുത്തുമോ?

"15 മിനിട്ടു മാത്രം" അവർക്കു കേൾക്കാമോ, അതോ നമ്മെക്കൊണ്ടു നിയന്ത്രിക്കാനും ഉപയോഗിക്കാനും സാധിക്കാത്ത ഒരു ഭയങ്കര പെട്ടലായി മാറുമോ ഇങ്ങനെ ഓരോന്നു അവർ ആലോചിക്കയാണ്.

അതാ Dr. S. K. Allison പറയുന്നു "45 സെക്കൻറുമാത്രം". ഇനിയും മാനുഷികശക്തി അതിൽ ഒന്നും പ്രവർത്തിക്കാനില്ല. ഇനിയുമുള്ള ജോലി യന്ത്രമനുഷ്യസഹായത്താലാണു നടത്തുന്നതു്. ഉള്ളിലുള്ള യന്ത്രങ്ങൾ മനുഷ്യസഹായവും നിയന്ത്രണവും കൂടാതെ പ്രവർത്തനം തുടങ്ങി. ഇനിയും മനുഷ്യശക്തിക്ക് ആ ഭീകരവസ്തു നിയന്ത്രണാതീതമായി. ആ 45 സെക്കൻറുകൾ വളരെ നീണ്ടതായി തോന്നി. എല്ലാവരും അക്ഷമരായി നോക്കിയിരിക്കയാണ്. എന്നാൽ പെട്ടെന്നു ജീവജാലങ്ങൾ കേട്ടിട്ടും കണ്ടിട്ടും ഇല്ലാത്തതരം ആ പൊട്ടൽ ഉണ്ടായി.

കണ്ണുപൊട്ടിപ്പോകത്തക്ക മിന്നൽ പോലെയുള്ള ഒരു ഭയങ്കരപ്രകാശം ആ പ്രദേശം മുഴുവൻ ആവരണംചെയ്തു. ഒരു വലിയ കൂട്ടം പല നിറത്തിലുള്ള മേഘങ്ങൾ ആകാശത്തേക്ക് ഉരുണ്ടുകൂടി അടിച്ചുലഞ്ഞു തകർത്തുമറിഞ്ഞു ഭയങ്കര ശക്തിയോടെ ഏകദേശം 40,000 അടി ഉയരത്തിൽ തിളച്ചുരുകി പൊങ്ങിക്കൊണ്ടിരുന്നു. ഒരു അഞ്ചുമിനിററു നേരത്തേക്ക് ഇപ്രകാരം കണ്ണുപൊട്ടിക്കുന്ന പ്രകാശത്തോടെ ആ മേഘപടലം ഉയർന്നുകൊണ്ടിരുന്നു.

X X X

ഉരുക്കുസൗധം, അതവിടെ കാണാൻപോലുമില്ല. ആ പൊട്ടലിൽ നിശ്ശേഷം ലയിച്ചുപോയി. അതു നിന്ന സ്ഥാനത്തു് ഒരു കുനചാമ്പൽമാത്രം ശേഷിച്ചിട്ടുണ്ട്.

പരീക്ഷണം കഴിഞ്ഞു. ബോംബ് ഒരു ജയംതന്നെ തീർച്ച. എന്നാൽ 1945 ജൂലൈ 16....ാം തീയതി 5. 30 എ. എം.നു് വിജയിച്ച ഈ നശീകരണവസ്തു ഒരു വിജയംതന്നെയാണോ മനുഷ്യരാശിക്കു തന്നതു്? ഇതുകൊണ്ടു മേലാൽ യുദ്ധത്തെ തടയാൻ സാധിച്ചോ. ചിന്തിച്ചുനോക്കൂ. അവിശ്രമപരിശ്രമഫലമായി ശാസ്ത്രജ്ഞന്മാർ നിർമ്മിച്ച ഈ ആറേറാമിക് ബോംബ് ഇപ്പോൾ ഓരോ രാഷ്ട്രീയചിന്തകന്മാരെയും ഈ ശാസ്ത്രലോകത്തെത്തന്നെയും നടുക്കിക്കൊണ്ടിരിക്കുന്നില്ലയോ. (അച്ചാമ്മ)

# അടുക്കളയിൽ

## വെർമിസല്ലിമിൻസ്

| | |
|---|---|
| എല്ലില്ലാത്ത ഇറച്ചി | 1 റാ. |
| ചുവന്നുള്ളി | ¼ റാ. |
| സവോള | ¼ റാ. |
| പച്ചമുളക് | 8 റാ |
| ഇഞ്ചി | 1 കഷണം |
| നെയ്യ് | 11/2 തുടം |
| ഇറച്ചി മസ്സാലയും കുരുമുളകുപൊടിച്ചതു് | 1 1/2 ചായക്കരണ്ടി |
| വെർമിസല്ലി | നാഴി |

### മാർഗ്ഗം

ഇറച്ചി പച്ചയോ പുഴുങ്ങിയോ കൊത്തിയരിയണം (മിൻസിംഗ് മെഷീനിലിട്ട് അരയ്ക്കുന്നതാണ് ഏററവും നല്ലതു്) കട്ട്ലററ്സിനു ചേർക്കുന്നതുപോലെ ഉള്ളി ഇഞ്ചി പച്ചമുളക് ഇവ പൊടിയായി അരിഞ്ഞതു് നെയ്യിൽ വഴററുക. വഴന്നു കഴിയുമ്പോൾ ഇറച്ചി അരിഞ്ഞതും ഇട്ടു ഇളക്കണം. പുഴുങ്ങിയ ഇറച്ചിയാണെങ്കിൽ മൂന്നാലു മിനിട്ടു ഇളക്കി മസ്സാലപൊടിയും വിതറി ഇളക്കിയ ശേഷം ഇറച്ചിയുടെ നടുവിൽ വെർമിസല്ലി ഇട്ട് ഇറച്ചികൊണ്ടു മൂടണം. വെർമിസല്ലി വേവുന്നതിനു് 1 തുടം വെള്ളവും തളിക്കണം. ഒരു 10 മിനിട്ടിനകം വേവും. വെന്തു കഴിയുമ്പോൾ ഇളക്കി പോരാത്ത ഉപ്പും തളിച്ച് ഇറക്കണം. പച്ചയരിഞ്ഞ ഇറച്ചിയാണെങ്കിൽ പകുതി ഉള്ളി മാററിവച്ച ശേഷം ബാക്കി നെയ്യിൽ വഴററണം. വഴലുമ്പോൾ ഇറച്ചിയും മാററിവച്ച ഉള്ളിയും ഇട്ട് വേവാനുള്ള വെള്ളമൊഴിച്ച് വയ്ക്കുക. തീ അധികമാകരുതു്. ഇറച്ചി മസ്സാലപ്പൊടിയും കറിവേപ്പിലയും മററും ചേർത്തു് ആവി പോകാതെ നല്ലപോലെ അടച്ചുവെയ്ക്കണം. ഇറച്ചി വെന്തു് അധികം പാറുന്നതിനു മുമ്പ് വെർമിസല്ലിയും ചേർത്തു് മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ഉണ്ടാക്കുക.

ബദാം അരിഞ്ഞതും കുരുവില്ലാത്ത മുന്തിരിങ്ങയും നെയ്യിൽ വറുത്തു് ഇട്ടാൽ കൂടുതൽ രുചിയായിരിക്കും.

# ആൽബർട്ട് ഐൻസ്റ്റീൻ

൧൦

## ലോകത്തിലെ ഏററവുംവലിയ ശാസ്ത്രജ്ഞൻ.

ന്യൂയോർക്കിലെ റിവർസൈഡ് പള്ളിയുടെ വെൺഭിത്തികളിൽ ലോകാരംഭം മുതൽ ജീവിച്ചിരുന്നിട്ടുള്ള 600 മഹാന്മാരുടെ രൂപങ്ങൾ കൊത്തിയിട്ടുണ്ട്. ആ കൂട്ടത്തിൽപെട്ട 14 ശാസ്ത്രജ്ഞന്മാരിൽ ഒരാൾ ആൽബർട്ട് ഐൻസ്റ്റീൻ ആണ്. ഐൻസ്റ്റീന്റെ 75 ാമത്തെ ജന്മദിനം മാർച്ച് 14 ാം തീയതി ആണ്.

ഐൻസ്റ്റീൻ ഇപ്പോൾ അദ്ദേഹത്തിന്റെ യൂണിഫൈഡ് ഫീൽഡ് സിദ്ധാന്തം സംബന്ധിച്ച പഠനങ്ങളും ഗവേഷണങ്ങളും നടത്തിക്കൊണ്ടിരിക്കയാണ്. ഈ സിദ്ധാന്തംകൊണ്ട് ആപേക്ഷികപൊതുസിദ്ധാന്തവും ക്വാണ്ടം മെക്കാനിക്സും തമ്മിലുള്ള വിടവ് നികത്താമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു. ഐൻസ്റ്റീൻ ജീവിതം ആരംഭിച്ചപ്പോൾ തന്റെ മുമ്പിലുള്ള മഹത്തായ ഭാവിയെപ്പററി അദ്ദേഹത്തിനു യാതൊരു അറിവുമില്ലായിരുന്നു.

അദ്ദേഹത്തിനു വളരെ താല്പര്യമുള്ള മറെറാരു കാര്യം ലോകസമാധാനത്തിനുള്ള ഒരു മാർഗ്ഗമായി ഒരു ലോകഗവണ്മെൻറു സ്ഥാപിക്കുക എന്നതാണ്.

1879—ൽ ജർമ്മനിയിൽ ഉൾം എന്ന സ്ഥലത്തു ജനിച്ച ഐൻസ്റ്റീൻ തന്റെ ശൈശവകാലം കഴിച്ചുകൂട്ടിയതു് മ്യൂണിച്ചിലാണ്. സ്കൂളിലെ കഠിനമായ നിയമങ്ങളും ചിട്ടകളും പാലിക്കുന്നതിനു ആൽബർട്ടിനു് കഴിഞ്ഞിട്ടില്ല. അതിനാൽ അദ്ദേഹം കുട്ടിക്കാലത്തു ഒരു മന്ദബുദ്ധിയായിട്ടാണ് കരുതപ്പെട്ടതു്. എന്നിരുന്നാലും അദ്ധ്യാപകന്മാർക്കു് ഉത്തരം നൽകാൻ സാധിക്കാത്ത പല ചോദ്യങ്ങളും ചോദിച്ചു. ഐൻസ്റ്റീൻ അവരെ വിഷമിപ്പിക്കുമായിരുന്നു. പതിനാലാമത്തെ വയസ്സിൽ അദ്ദേഹം പാഠപുസ്തകങ്ങളിൽ നിന്നു ഇൻറഗ്രൻ കാൽക്കുലസ്സും ഡിഫറൻഷ്യൽ കാൽക്കുലസ്സും അനാലറിക്കൽ ജ്യോമട്രിയും തന്നെത്താൻ പഠിച്ചു.

1901—ഐൻസ്റ്റീൻ അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു ആദ്യം വിൻറർതറിലെ സാങ്കേതിക സ്കൂളിലും പിന്നീട് ഷാഫോസനിൽ ഒരു പ്രൈവററ് ട്യൂട്ടറായും അദ്ദേഹം പഠിപ്പിച്ചു.

1902—ൽ അദ്ദേഹം ഒരു പേറൻറ് ഓഫീസ്സ് എക്സാമിനർ ആയി ജോലി ആരംഭിച്ചു. ഈ കാലഘട്ടത്തിലായിരുന്നു ആപേക്ഷിക സിദ്ധാന്തത്തിന്റെ കണ്ടുപിടുത്തത്തിനു വഴിതെളിച്ച ഗവേഷണങ്ങളും പഠനങ്ങളും ഐൻസ്റ്റീൻ ആരംഭിച്ചതു. "ഇലക്ട്രോ ഡൈനാമിക്സ് ഓഫ് മൂവിംഗ് ബോഡീസ്" എന്ന വിഷയം അധികരിച്ച് സർവകലാശാലയിൽ നിന്ന് പി എച്ച് ഡി. ബിരുദം നേടിയശേഷം അദ്ദേഹം അവിടെ ഒരു ഊർജ്ജതന്ത്രപ്രൊഫസറായിത്തീർന്നു ഇതേസമയം ബേൺ സർവകലാശാലയിലും ഒരു ലക്ചറർ ഉദ്യോഗം ലഭിച്ചു.

ആസ്ത്രിയായിലെ സാൽസ്ബർഗ്ഗിൽ 1908-ൽകൂടിയ ശാസ്ത്രജ്ഞന്മാരുടെ ഒരു ഔദ്യോഗിക സമ്മേളനത്തിൽ പ്രസംഗിക്കാൻക്ഷണിക്കപ്പെട്ടപ്പോഴാണ് ഐൻസ്റ്റീന്റെ സിദ്ധാന്തങ്ങൾക്കു് ആദ്യമായി അംഗീകാരംസിദ്ധിച്ചതു്. ഇതു അദ്ദേഹത്തെ പ്രേഗിലെ ജർമ്മൻ യൂണിവേഴ്സിററിയിൽ ഫിസിക്സ് പ്രൊഫസ്സറായി (1911-12) നിയമിക്കുന്നതിനു ഇടയാക്കി. എന്നാൽ ഒന്നരക്കൊല്ലം കഴിഞ്ഞ് അദ്ദേഹത്തെ സൂറിച്ചിലേക്കു തിരികെ വിളിച്ചു. ഇത്തവണ കോൺഫഡറേറ്റ് പോളിടെക്നിക്ക് അക്കാഡമിയിലാണദ്ദേഹം പ്രൊഫസ്സറായതു്.

1914 ആയപ്പോഴേക്കു് ഐൻസ്റ്റീൻ ലോകപ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. ഈ കൊല്ലം മറെറാരു ഊർജ്ജതന്ത്രജ്ഞനായ മാക്സ് പ്ലാങ്കിന്റെ പരിശ്രമഫലമായി അദ്ദേഹത്തിനു ബർലിനിലെ പ്രഷ്യൻ സയൻസ് അക്കാഡമിയിൽ പ്രൊഫസ്സർ ഉദ്യോഗം ലഭിച്ചു. ജർമ്മനി വിടുന്നതിനു നാസികൾ നിർബന്ധിക്കുന്നതുവരെ ഐൻസ്റ്റീൻ ഈ ഉദ്യോഗം തുടർന്നു.

1921—ൽ നോബൽസമ്മാനം കിട്ടിയതോടുകൂടി ഐൻസ്റ്റീന്റെ സിദ്ധാന്തങ്ങൾക്ക് സാർവ്വദേശീയാംഗീകാരം സിദ്ധിച്ചു. തനിക്കു ലഭിച്ച സമ്മാനങ്ങളുടെയും ഓണററി ഡിഗ്രികളുടെയും എണ്ണം ഐൻസ്റ്റീനു് തന്നെ ഓർമ്മയില്ല. എന്നാൽ അവയിൽ അദ്ദേഹം ഏററവും വിലമതിക്കുന്നതു 1925—ൽ റോയൽ സൊസൈററിയിൽ നിന്നു ലഭിച്ച കോപ്ലീ മെഡലും 1935—ൽ ലഭിച്ച ഫ്രാങ്ക്ലിൻ ഇൻസ്റ്റിട്യൂട്ട് മെഡലുമാണ്,

നാസികളുടെ മർദ്ദനം മൂലം 1933—ൽ ഐൻസ്റ്റീൻ ജർമ്മനി വിട്ട് അവിടെ നിന്നദ്ദേഹം ഫ്രാൻസ്, ബെൽജിയം, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ പോയി താമസിച്ചു. ഈ അവസരത്തിൽ പ്രിൻസ്റ്റണിലെ ഉപരിപഠന ഇൻസ്റ്റി



ഒരു ഭാവന

# മോഡേൺ ലാത്തികൾ

(ക്ളാപ്പന ജോസ്)

"എന്റെ ദൈവമേ, എന്നെ ഈ ഭൂനിയാവിൽ നിന്നും അങ്ങെടുക്കണമേ."

ഇങ്ങനെ പറയേണ്ടിവരുന്ന സന്ദർഭങ്ങൾ നമുക്ക വരാറുണ്ട്. ഇതു പറയാത്തവർ വളരെ ചുരുക്കമാണ്. ഈ യാചന കേൾക്കുമ്പോൾ കരുണാനിധിയായ ദൈവം നമ്മളെ അങ്ങെറെടുക്കുന്ന സ്വഭാവക്കാരനായിരുന്നുവെങ്കിൽ ആരെങ്കിലും ഇതു പറയുമായിരുന്നോ എന്നും സംശയമാണ്. അതെന്തെങ്കിലുമാകട്ടെ. രണ്ടുമൂന്നു സന്ദർഭങ്ങളിൽ ഞാനിതു തട്ടിമൂളിക്കേണ്ടിവന്നിട്ടുണ്ട്. ആദ്യത്തെ സന്ദർഭം ഒരു നാടകക്കൊട്ടകയിൽ വച്ചാണുണ്ടായതു്.

എന്റെ ഒരു സ്നേഹിതനാണെന്നു നടിക്കുന്ന ഒരു ക്രൂരാച്ചിയാണ് എന്നെക്കൊണ്ടതു പറയിച്ചതു്. ആൾ ഒരു നാടകകൃത്താണ്. രാഷ്ട്രീയനാടകങ്ങൾ എഴുതുന്നതിൽ തനിക്ക വലിയ കഴിവുണ്ടെന്നാണു അയാളുടെ ഭാവം. മുത്തശ്ശിക്കഥകളിൽ കാണാറുള്ള "ഒററമുലച്ചികളുടെ" (Amazons) ശല്യങ്ങളെക്കാൾ ഭയങ്കരമായ ശല്യങ്ങളാണു നാട്ടുകാരുടെ ഇടയിൽ ഇയാളെപ്പോലുള്ളവർ ചമച്ചുവിടുന്നതു്. 'ഒററമുലച്ചികൾ' സാധാരണ രക്തം കുടിക്കുന്ന കൊള്ളരുതാത്ത ക്രൂരങ്ങളാണ്. പക്ഷെ, രാഷ്ട്രീയ നാടകകൃത്തുക്കളായി ഇറങ്ങിയിരിക്കുന്ന കുറെ ഈനാംപേച്ചികൾ അതിലും ഭയങ്കരന്മാരാണ്. ഇവരുടെ പ്രകൃതം നമ്മുടെ ചോരകുടിക്കുക മാത്രമല്ല, നമ്മുടെ കർണ്ണങ്ങളിൽ ഇരുമ്പുസൂചികൾ ഓരോന്നായി കുത്തിയിറക്കി, കഴുത്തിനു പിടിച്ചു ഞെക്കി, കണ്ണുനീരെല്ലാം നക്കിക്കുടിച്ചു ഇരുത്തി കൊന്നുകളയും.

അന്ന്, വൈകുന്നേരം അഞ്ചുമണിക്ക് ആഫീസിലെ ജോലിയും തീർത്തു പുറത്തു വന്ന എന്നെയും കാത്തു അയാൾ നിൽക്കുകയായിരുന്നു.

"എന്താ ഇഷ്ടാ, വിശേഷം?"

ഒന്നു ചിരിക്കുവാൻ ശ്രമിച്ചുകൊണ്ടു ഞാൻ ചോദിച്ചു.

"ഓ! ഒന്നുമില്ല. വൈകുന്നേരം ഒന്നു നടക്കാനിറങ്ങിയതേയുള്ളൂ." അയാൾ പറഞ്ഞു.

എന്താ ഇപ്പോൾ നാടകമൊന്നും എഴുതാറില്ലേ? വീണ്ടും ഞാൻ ചോദിച്ചു.

ഉണ്ടു്. എന്റെ ഒരു നാടകം നാളെ ........ ടാക്കീസിൽ വച്ച് ഉത്ഘാടനം ചെയ്യുന്നുണ്ടു്. അതിനു സാറിനെക്കൂടി ക്ഷണിക്കുവാനാണു ഞാൻ വന്നതു്. കലാപ്രേമികളെക്കൊണ്ടു് ഒരു നല്ല സദസ്സു വേണമെന്നാണ് എന്റെ അഭിപ്രായം. ഇതാ, ഇത്രയും പറഞ്ഞുകൊണ്ടു് ഒരു റിസർവ്വ്ഡ് ടിക്കറ്റ് എന്റെ നേർക്ക നീട്ടി. അതു വാങ്ങി ഞാൻ പോക്കററിൽ നിക്ഷേപിച്ചു.

സാർ തീർച്ചയായും വരണം.

ആ ബോറൻ വീണ്ടും അപേക്ഷിച്ചു. വരാം. ഇത്രയും പറഞ്ഞുകൊണ്ടു് അടുത്ത ചായക്കടയിലേക്ക ഞാൻ കയറി. യാതൊരു സ്വീകരണത്തിനും കാത്തുനിൽക്കാതെ അയാളും എന്റെ കൂടെ വലിഞ്ഞുകയറി. ഞാൻ വാങ്ങിക്കൊടുത്ത ചായ കുടിക്കുന്നതിനിടയിൽ പോക്കററിൽ നിന്നും ഒരു മഞ്ഞക്കടലാസ്സു വലിച്ചു പുറത്തെടുത്തിട്ട് അയാൾ പറഞ്ഞു:—"ഇതാ നാടകത്തിന്റെ നോട്ടീസ്സാണ്." ചായ കുടിച്ച കാശു കൊടുത്തതിനു ശേഷം ശരണം വാങ്ങി അയാളോടു ഞാൻ പറഞ്ഞു!—

തനിക്ക ധൃതിയായി ഒരിടംവ

---

ട്ടു' അദ്ദേഹത്തിനു ജീവകാല പ്രൊഫസർ ഉദ്യോഗം വാഗ്ദാനം ചെയ്യുകയും അദ്ദേഹം അതു സ്വീകരിക്കുകയും ചെയ്തു. 19°3—ൽ അദ്ദേഹം പ്രിൻസ്റ്റണിൽ എത്തി. അതിനുശേഷം അദ്ദേഹം അവിടെത്തന്നെയാണു ജീവിതം നയിക്കുന്നതു്. 1950 ഒക്ടോബറിൽ ഐൻസ്റ്റിൻ ഒരമേരിക്കൻ പൗരനായി. 1945—ൽ അദ്ദേഹം തന്റെ ഉദ്യോഗത്തിൽനിന്നു വിരമിച്ചു എങ്കിലും 1905-ൽ ആരംഭിച്ച ഗണിതശാസ്ത്ര സിദ്ധാന്തങ്ങൾ പൂർത്തിയാക്കുന്നതിനു ഇപ്പോഴും ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്.

19 8—ൽ 'ഏകലോക സമ്മാനം' സ്വീകരിച്ചുകൊണ്ടു് ഐൻസ്റ്റിൻ പറഞ്ഞു. "സമാധാനവും ഭദ്രതയും കൈവരുത്തുന്നതിനു ഒരു മാർഗ്ഗമേയുള്ളൂ ദേശീയാതീത സംഘടന"

ഐൻസ്റ്റിന്റെ ഗ്രന്ഥങ്ങളെല്ലാം ജർമ്മൻഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. പക്ഷെ അവയിൽ മിക്കതും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ടു്.

# എം. എം. മാണി മാളിയേക്കൽ

## സ്വർണ്ണ വ്യാപാരം

**കെ. കെ. റോഡ് — കോട്ടയം.**

**ഏററവും നവീനമാതൃകയിലുള്ള എല്ലാത്തരം സ്വർണ്ണാഭരണങ്ങൾക്കും**

**പ്രസിദ്ധി ആർജ്ജിച്ച ഏക സ്ഥാപനം.**

**കമ്പോളനിരക്കനുസരിച്ചുള്ള വിലക്ലിപ്തം. ഓർഡറുകൾ അനുസരിച്ച**

**കൃത്യസമയത്ത് ആഭരണങ്ങൾ നൽകപ്പെടും**

**ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക.**


രെ ഒന്നു പോകണം.

നാളെയാണു നാടകം. വരാൻ മറന്നുപോകരുത്.

ഒരുവിധത്തിൽ ഞാൻ രക്ഷപെട്ടു.

അടുത്ത ദിവസം സന്ധ്യയോടുകൂടി ബീച്ചിൽനിന്നും ഞാൻ എന്റെ മുറിയിൽ എത്തി. തലേ ദിവസം കൊണ്ടുവന്നു മേശപ്പുറത്തിട്ടിരുന്ന ആ നോട്ടീസ് എടുത്തു നിവർത്തി വായിക്കാൻ ആരംഭിച്ചു. ആദ്യമായി എന്റെ കണ്ണിൽപെട്ടതു വെണ്ടയ്ക്കാ അക്ഷരത്തിൽ എഴുതിയിരുന്ന "വിജയാട്ടഹാസം" എന്ന വാർത്തയാണ്. വല്ല ഡിസ്റ്റിയുമായിരിക്കും എന്നു സംശയിച്ചുകൊണ്ടു വീണ്ടും നോക്കി. അതിന്റെ അടിയിൽ "എന്ന മലയാളസംഗീത രാഷ്ട്രീയ നാടകം" എന്നുകൂടി കണ്ടപ്പോഴാണ് ആ സംശയമങ്ങു മാറിയത്.

ഓസ്സിനു് ഒരു നാടകം കാണാൻ സൗകര്യം കിട്ടിയാൽ പോയിക്കൂടേ? പ്രത്യേകിച്ചും അടുത്ത ദിവസം ഞായറാഴ്ചയുമാണ്. സുഖമായി കിടന്നുറങ്ങാം. ഊണു കഴിച്ചു ഞാൻ പുറത്തേക്കിറങ്ങി. രാഷ്ട്രദശയുടെ മൂർദ്ധന്യാവസ്ഥയിലേക്കാണു ഞാൻ ഇറങ്ങിയിരിക്കുന്നതെന്നു് ഒരു സംശയം പോലും എനിക്കില്ലായിരുന്നു.

കൃത്യം 9 മണിക്കു തന്നെ കൊട്ടകയിൽ ഞാൻ എത്തി. മുൻവരിയിൽ മദ്ധ്യഭാഗത്തു കിടന്ന കസേരയിൽ സ്ഥലവും പിടിച്ചു. എന്റെ ഇടത്തു വശത്തും ഒരാൾ ഇരിപ്പുണ്ട്. മിക്കവാറുമുള്ള കസേരകൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു. കൃത്യം ഒൻപതര മണിക്കാണ് ആരംഭം എന്നു നോട്ടീസിൽ ഉണ്ടായിരുന്നു. ഒൻപതരയും പോയി, പത്തും പോയി, പത്തരവരെ ആയി. എനിക്കുറങ്ങിയാൽ കൊള്ളാമെന്നായി. അപ്പോഴേക്കും കർണ്ണം ഭേദിക്കുമാറുള്ള കൊട്ടുകളും, ജംബുകക്രീഡയും പുറകിൽനിന്നും ആരംഭിച്ചു. വെളുന്ന നമ്മുടെ പഴയ ഈനാംപേച്ചി —നാടകകൃത്ത്— മുൻകർട്ടന്റെ ഒരു വശത്തുകൂടി വലിഞ്ഞിറങ്ങി സ്റ്റേജിലെത്തി വിളിച്ചു പറഞ്ഞു: ഉൽഘാടകർമ്മനിർവഹണത്തിനു വേണ്ടി ശ്രീമാൻ കണ്ണേശ്വരൻ നായരെ സാദരം ക്ഷണിച്ചുകൊള്ളുന്നു. വിദ്വാൻ വന്നതുപോലെ തന്നെ അകത്തേക്കു വലിഞ്ഞുകയറി. അതിനായി ക്ഷണിക്കപ്പെട്ട

ആ മഹാ ബോറൻ എന്റെ ഇടത്തുവശത്തുനിന്നും എഴുന്നേററു തണ്ടാം മുണ്ടെല്ലാം ഒന്നു ശരിപ്പെടുത്തി വലിഞ്ഞു മേല്പോട്ടൊരു കയററം. എന്നിട്ടു "മാന്യമഹാജനങ്ങളേ! കലാപ്രേമികളേ!! (അല്ലയോ മഹാ പാപീ! അവിടെ ഇരുന്നവരെല്ലാംകൂടി 'എന്തോ' എന്നുവിളി കേട്ടിരുന്നുവെങ്കിൽ......?) എന്നു തുടങ്ങി, അഭിനവകേരളബർണാഡ്ഷാ, കാളിദാസൻ,....ഒക്കെത്തന്നെയാണു ഞങ്ങൾ കാണുവാൻ പോകുന്ന നാടകത്തിന്റെ കർത്താവെന്നെല്ലാം തട്ടിമൂളിച്ചു. അതങ്ങനെ നീണ്ടുപോയി. കാണികളുടെ ക്ഷമയെല്ലാം കെട്ടു. കൊട്ടകയെ തകർക്കുമാറുള്ള കൊട്ട്ളാ അടികൾ, അട്ടപ്പിച്ചട്ടപ്പിച്ചുള്ള തുമ്മൽ—ഉത്ഘാടകൻ തൊഴുതുകൊണ്ടു നിറുത്തുവാൻ പറഞ്ഞിട്ടും നിറുത്താത്ത ഹസ്തതാഡനം—അതും നീണ്ടുനീണ്ടു താളത്തിൽ അവസാനിച്ചതു്—ആകെ ഇൻക്വിലാബായി. ഒരു കൂട്ടർക്കു് ഉത്ഘാടകൻ ഒരു ദേശീയഗാനം പാടിയേ കഴിയൂ. ഒരുകൂട്ടർക്കു് അതും പോരാ, ഭരതനാട്യത്തിൽ ഒരു താളം ഒന്നു ചവിട്ടണം. മഹാപാപികളിൽ വേറെ ചിലർക്കു വാഴക്കുല കഥാപ്രസംഗംപോലെ അല്പമൊന്നു കേട്ടേ മതിയാവൂ. നമ്മുടെ ഉത്ഘാടകബകൻ ആകെ കുഴങ്ങി. ഒരുവിധത്തിൽ അയാൾ ചാടിയിറങ്ങി പഴയ സ്ഥാനം കരസ്ഥമാക്കി. കൊട്ടക കാടന്മാർ ഇളകിയ കാടു പോലെയായി.

ഈ ബഹളത്തിന്റെ ഇടയിൽ അണിയറയിൽ ഓച്ചിറക്കാളയുടെ കൂട്ടമണി കേട്ടു പുറകെ, ശ്വാസം പിടിച്ചു വളരെ ഉച്ചത്തിൽ നീണ്ടു നില്ക്കുന്ന ഒരു സംഗീതകോലാഹലവും ഭയപ്പെടേല്ല! ഇതെല്ലാം നാടകത്തിന്റെ ചിട്ടകളാണു്. 'ഓം' എന്നൊരു അക്ഷരമോ, വാക്കോ മാത്രം പുറത്തു കേൾക്കാം. ബാക്കിയെല്ലാം അറുകൊലവിളിപോലെ. പണ്ടു കഴുതയും പൂവൻകോഴിയും പട്ടിയും കൂടി സംഗീതകച്ചേരി നടത്തിയതു നാം ഏതോ ഒരു ക്ലാസ്സിൽ പഠിച്ചില്ലേ? അതിന്റെ തനി പ്രതീതി. കഴുതയെ പോലെ മോങ്ങുന്നവൻ കഥാനായകനായ, ഗാനഗന്ധർവൻ, സംഗീതലോകസമ്രാട്ട് ശ്രീ മണിനാഥഭാഗവതരാണു്. പൂവൻകോഴിയോ? കഥാനായികയായ സംഗീതകോലാഹല കള കണ്ഠേശ്വരി ശ്രീമതി ആനന്ദവല്ലിയാണു്. പട്ടിയെപ്പോലെ കുരയ്ക്കുന്നവൻ ഉപനായകൻ. ഇതിന്റെ കൂടെ ഹർമ്മോണിയത്തിന്റെ കിണുകിണാ ശബ്ദവും. അവസാനം കർട്ടന്റെ പുറകിൽ വൃത്താകൃതിയിൽ ടോർച്ചു ലൈറ്റാണെന്നു തോന്നുന്നു, ഒരു വെളിച്ചം തെളിയുന്നതു കണ്ടു. ഗണപതിപൂജ അങ്ങനെ കർണ്ണശല്യമായ ഡോലക്മദ്ദളത്തിന്റെ അകമ്പടിയോടുകൂടി അവസാനിച്ചു.

മൂർകർട്ടൻ ഉയർന്നു. ക്ഷയരോഗിയെപ്പോലെ മെലിഞ്ഞു നീണ്ട ഒരു സത്വം ഹർമ്മോണിയത്തിന്റെ പുറകിൽ എഴുന്നേററുനിന്നു ഒന്നു തൊഴുതു. അതിന്റെ അർത്ഥം കൂവിയാലും വേണ്ടില്ലാ, തനിക്കു സുഖമില്ലാത്തതിനാൽ കരിങ്കൽ പ്രയോഗം നടത്തല്ലേ, എന്നൊരു പ്രാർത്ഥനയാണെന്നു തോന്നും. പാവത്തിനെ കണ്ടാൽ കഷ്ടം തോന്നും. ദൈവമേ! ഞെളിഞ്ഞും പിരിഞ്ഞും കൊണ്ടു 'ശ്രീരാമ ഭജേ രാമാ' എന്നൊരു ഭജനപ്പാട്ടു് ഞ്യാവോ ഞ്യാവോ എന്ന ശബ്ദത്തിൽ പാടാൻ തുടങ്ങി. നെഞ്ഞിൽനിന്നും വെള്ളപ്രായത്തിൽ ഉയർന്നു കണ്ഠത്തിൽ വന്നിരുന്ന വലിഞ്ഞുനീളുന്ന കഫക്കട്ടയെ ഇടയ്ക്കിടയ്ക്കു മുരണ്ടിറക്കി അതങ്ങനെ നീണ്ടുപോയി. ഭാഗ്യവശാൽ അടുത്ത കർട്ടനും ഉയർന്നു.

രംഗം 1, (സാമ്പിൾ ലാത്തി

No. 1.

മേക്കപ്പ്കാരന്റെ ഭാവന കാടുകയറി രൂപമെടുത്ത ഒരു ജന്മി. ഒരു സ്വർണ്ണമാല രണ്ടു മടക്കായി ധരിച്ചിരുന്നതു കൊണ്ടു ഒരു ജന്മിയായി നാം ധരിച്ചുകൊള്ളണം. ബാക്കിയെല്ലാം എവറസ്റ്റിന്റെ മുകളിൽനിന്നു നാടു കാണാൻ ഇറങ്ങിവന്ന ഒരു സന്യാസിയുടെ വരവാണു്.

ജന്മി:— (കണ്ണു തെളിച്ചു, മുഖത്തെ മാംസപേശികൾ വലിച്ചിളക്കി, പുരികക്കൊടികൾ വളച്ചു ചുളുക്കി, ഇടവപ്പാതിക്കാലത്തു തവള മുറാമുറാ കരയുന്ന ശബ്ദത്തിൽ (ആത്മഗതം) ഛേ! ഛു!! അഭിമാനത്തിനും അന്തസ്സിനും അനുയോജ്യമാകാത്ത ആ അനുരാഗബന്ധം ഞാൻ അനുവദിക്കുന്നതല്ല. ഛീ! ഛേ!! എന്റെ മകൻ (കണ്ണുനീർപൊഴിക്കുന്നതിനായി കൈയിൽ സൂക്ഷിച്ചിരുന്ന ചെമന്നുള്ളി കണ്ണിൽ പുരട്ടി കരഞ്ഞുകൊണ്ടു്) ഹാ! അവൻ പണത്തിന്റെയും പ്രതാപത്തിന്റെയും പ്രാഗത്ഭ്യത്തിൽ കഴിഞ്ഞുകൂടുന്ന എന്റെമകൻ—അതേ എന്റെ മകൻ (പല്ലുകൾ കടിച്ചു കറുമുറാശബ്ദം കേൾപ്പിക്കുന്നു. കോപരസം) ഒരു പറയപ്പെണ്ണിനെ പ്രേമിക്കുന്നു പോലും ഹാ! ഹീ!! ഹു!!! (ബീഭത്സത) (മകൻ ശശികുമാരൻ പ്രവേശിക്കുന്നു. ജന്മി കോപം കാണിക്കുവാൻ കടുത്ത കോക്രികൾ കാണിക്കുന്നു.)

ജന്മി:—എടാ, കാളക്കൂടമേ, നീ എന്റെ അഭിമാനത്തിൽ ചെളിവാരി എറിയാൻ ഒരുങ്ങുകയാണു്. അല്ലേ? ഛീ! നീ ആ പറയപ്പെണ്ണുമായുള്ള പ്രണയകോലാഹലത്തിനു് ഒരു വിരാമമിട്ടേ മതിയാവൂ.

ശശി:—കൈ ചുരുട്ടി മേലോട്ടുയർത്തി) ഇൻക്വിലാബ് സിന്ദാബാദ്. അച്ഛൻ ഒരു തനി

ബൂർഷ്വാപാർട്ടിയാണ്. റഷ്യയിൽ അച്ഛനു യാതൊരു രക്ഷയുമില്ല. ചൈനയിലാണെങ്കിൽ അച്ഛനെ കണ്ടേക്കൂടാ. അച്ഛൻ ബോളാഷ്വമാർക്കററു നടത്തി ജന്മിമുതലാളിത്വത്തിനു കൂട്ടു നിൽക്കുകയാണ്. ഇല്ലച്ഛാ! അതു ഞാൻ സമ്മതിക്കുകയില്ല. എനിക്കു സ്ഥിതിസമത്വമാണു വലുത്. ആ പറയപ്പെണ്ണിനെ സംബന്ധം ചെയ്യുവാൻ അച്ഛൻ സമ്മതിക്കണം. അല്ലെങ്കിൽ റജിസ്റ്റർവിവാഹം തന്നെ നടത്തിക്കളയും. അച്ഛനു് എൻെറ വിപ്ളവാഭിവാദനങ്ങൾ. ഇൻക്വിലാബ് സിന്ദാബാദ്. (പോകുന്നു.)

കർട്ടൻ

വീണ്ടും ഹർമ്മോണിസ്ററുകാരൻെറ ഞ്യാവോ ഞ്യാവോ വിളി. ആ സമയത്തിനു് ഒന്നു് ഉറങ്ങിക്കളയാമെന്നു കരുതി ഞാൻ കണ്ണടച്ചു.

സാർ എങ്ങനെയിരിക്കുന്നു ഫസ്ററു് സീൻ. ഇതു കേട്ടു ഞാൻ കണ്ണു തുറന്നു. നമ്മുടെ ആ പഴയ അറുകൊലയുണ്ടു്—നാടകകൃത്തു്—എൻെറ മുൻപിൽ. കൊല്ലാക്കുഴിയിൽ വീണതു പോലെയായി വീണ്ടും എൻെറ സ്ഥിതി.

അയാൾ:—ഇന്നത്തെ മുരടിച്ച ജന്മിമുതലാളിത്വ വ്യവസ്ഥിതിയെ വെല്ലുവിളിക്കുകയാണു ഫസ്റ്റ് സീനിൽ കൂടി ഞാൻ ചെയ്തിരിക്കുന്നതു്. വളരെ ഫലിച്ചു അല്ലേ? ഇന്നത്തെ കാലത്തു പഴയതൊന്നും എടുത്താൽ പററുകയില്ല.

ഞാൻ:—ശരിയാണ്. പക്ഷെ ആ മകൻ അച്ഛനെ അടക്കുവാൻ ഒരുങ്ങുന്നതു പോലെയാണ് എനിക്കു തോന്നിയതു്.

അയാൾ:—ഛേയ്! അങ്ങനെയൊന്നുമില്ല. മകൻ തനി കമ്മ്യൂണിസ്റ്റുകാരനാണ്. അതുകൊണ്ടു അല്പമൊക്കെ ഒന്നു കടുപ്പിച്ചേ സാധിക്കൂ. അതൊക്കെ സ്റ്റേജിഫക്ററിനു വേണ്ടിയാണ്.

ഞാൻ:—ഏതായാലും പൊടിപൊടിച്ചു. (എന്തിനാണു ഞാൻ അയാളെ തിരുത്താൻ പോകുന്നതു്. അതെല്ലാം വേറെ വല്ലവരും നടത്തിക്കൊള്ളട്ടെ.)

അയാൾ:—അടുത്തതു ലൗസീനാണ്.

ആ ക്ഷയരോഗിയുടെ ഭജനപ്പാട്ടു നിന്നു.

രംഗം 2. (സാമ്പിൾലാത്തി)

No. 2.

(പറയപ്പെണ്ണായ ചിരുതയും ശശികുമാറും പ്രണയഗോഷ്ഠികൾ കാണിച്ചു കൊണ്ടു നിൽക്കുന്നു.)

ചിരുത:—താമ്പ്രാ,ഏൻ ഒരു പറയപ്പെണ്ണാളല്ലേ?

ശശി:—ഛേ! അല്ല. ഒരിക്കലുമല്ല. ഓമനേ, നീ ഒരു പറയപ്പെണ്ണാകുവാൻ ഒരിക്കലും ഞാൻ സമ്മതിക്കുകയില്ല. നീ കൊച്ചുകൊറിയയാണ്. ഞാൻ മുണ്ടശ്ശേരി കണ്ട ചൈനയാണ്. അല്ലെങ്കിൽ, നീ മുണ്ടശ്ശേരി കണ്ട ചൈനയാണ്. ഞാൻ മസ്ക്രീൻ കണ്ട റഷ്യയുമാണ്. (പാട്ട്.)

(നീയെൻ ചന്ദ്രനെ എന്ന മട്ട്)

നീയെൻ കൊറിയാ–ഞാൻ നിൻ
ചൈനയും ഓ........നീ
മാർക്സിസമാണെ— മാർക്സാ
ണുഞാനും
മാർക്സാണു ഞാനും.

.... .... .... ...

നമ്മുടെ കഥാകൃത്തു് അവിടെ ഇരുന്നു. ഹസ്തതാഡനം ചെയ്യുന്നു. ആരും ഏററടിക്കുന്നില്ല.

കർട്ടൻ

വീണ്ടും ഒരു വല്ലാത്ത ലക്ഷണം. ഇടവപ്പാതിയുടെ വരവായി. രംഗത്തിൽ നിന്നും കോടങ്ങാട്ടികൾ ഒന്നിനു പുറകേ ഒന്നായി ഉയർന്നു. കൂ... കൂ... പ്രേക്ഷകരുടെ കലാബോധം കരയുകയാണ്. വിരലുകൾ വായിൽ തിരുകി കയററി എല്ലാവരും ചീവീടുകളായി. ഇതൊക്കെയെല്ലാം ഉപരിയായി അണിയറയിൽ ഒരു നിലവിളി കേട്ടു. ഒന്നുരണ്ടു നിമിഷം കഴിഞ്ഞു നമ്മുടെ നായകൻ "പക്കാല" വെച്ചു പെരുക്കിക്കൊണ്ടു വരവായി. ആകെ ഒരു വടംവലി. നാടകക്കാരും, ബെഞ്ചുകാരും ഒരുവശത്ത്. നായകനും ഹർമ്മോണിസ്ററും മറുവശത്തു്. ഭയങ്കരമായ വടംവലി. ആരുടെ തൊണ്ടയാണു കൂടുതൽ കീറുന്നതെന്നായി. നായകൻ 'പക്കാല'യുടെ അനുപല്ലവി "ചുക്കാല"യിൽ കയറി പിടികൂടി വെച്ചുകാച്ചി. പുറകിൽ 'കേറിപ്പോണേ!'.... 'നിറുത്തണേ' 'എടാ കിട്ടുവേ, കരിങ്കൽ ഉണ്ടെങ്കിൽ പത്തെണ്ണം എടടാ' .... 'ചാണകം ആയാലും മതി' എന്നെല്ലാമായി. എൻെറ നെഞ്ഞിൽ അഗ്നിപർവ്വതം പൊട്ടുന്നതു പോലെ ഒരു തോന്നൽ. കരിങ്കൽസദ്യ നടത്തിയാൽ മുൻവരിയിൽ ഇരിക്കുന്ന എൻെറ തലയ്ക്കു വല്ല രക്ഷയും കിട്ടുമോ?....നല്ല ഒന്നാംതരം ലിനൻ ഷർട്ടാണു ഞാൻ ധരിച്ചിരുന്നതു്. ചാണകം എന്നു കേട്ടപ്പോൾ തന്നെ എൻെറ ശക്തിയെല്ലാം ക്ഷയിച്ചു. അപ്പോഴാണ് ആ സന്ദർഭം എനിക്കും വന്നതു്.

"എൻെറ ദൈവമേ, എന്നെ ഈ ദുനിയാവിൽ നിന്നും അങ്ങെടുക്കണമേ."

കൊട്ടകയിൽ നിന്നും ഒറെറച്ചാട്ടത്തിൽ ഞാൻ വെളിയിൽ വന്നപ്പോൾ മേൽ ഉദ്ധരിച്ചതിൻെറ അവസാനത്തെ വാക്കും ഞാൻ മന്ത്രിച്ചു കഴിഞ്ഞിരുന്നു.



# കുട്ടികൾ ധൈര്യമുള്ളവരായി തീരുന്നതു് എങ്ങനെ?

**ററി. ചാണ്ടി**

ഏതു മല്ലനോടും അര കൈയ് നോക്കാനുള്ള ഉശിരും തന്റേടവുമുള്ള ഒരു ചെറുപ്പക്കാരനെക്കുറിച്ചു രസകരമായ ഒരു കഥ കേട്ടിട്ടുണ്ട്. അതു് എന്താണെന്നോ! പൂച്ചയെ കണ്ടാൽ അയാൾക്ക് എന്തെന്നില്ലാത്ത പേടിയാണ്. ഒരിടത്തും ഒളിക്കാൻ പററിയില്ലെങ്കിൽ ആ യുവാവ് ഓടി കിണററിലിറങ്ങി ഒളിച്ചിരിക്കുമത്രെ. അത്രയ്ക്ക് ഭയമാണ് അയാൾക്ക് ആ ജന്തുവിനെ. ലോകത്തിൽ മററു യാതൊന്നിനെയും അയാൾക്കു പേടിയില്ല. പിന്നെ എന്തുകൊണ്ടു് ഈ നിസ്സാരജന്തുവിനെ കാണുമ്പോൾ അയാളുടെ മുഖം വിവർണ്ണമാകുന്നു.? ഇതേപ്പററി അന്വേഷിച്ചു. അപ്പോഴാണ് പ്രാപ്തവയസ്കരായ പലരും പലതിനെയും ഇതുപോലെ പേടിയുണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞതു്. പല മാനസിക രോഗികളുടെയും രോഗകാരണമെന്താണെന്ന് അപഗ്രഥിച്ചു നോക്കുമ്പോൾ ഭയമാണ് അതിന്റെ കാരണമെന്നു മനഃശാസ്ത്രജ്ഞന്മാർക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടിക്കാലത്തുണ്ടാകുന്ന ഭയം സ്ഥായിയായി നിൽക്കും. അതിനുത്തരവാദികൾ ഏറെക്കുറെ അച്ഛനമ്മമാരും, അദ്ധ്യാപകരുമാണെന്നു പറയേണ്ടിയിരിക്കുന്നു. ശിശുക്കളുടെ മൃദുലമായ മനസ്സ് കൈകാര്യം ചെയ്യുന്നതു് അത്യന്തം അവധാനപൂർവ്വമായിരിക്കണമെന്നുള്ളതിനെപ്പററി പലരും അത്ര കാര്യമായി ഗൗനിക്കാറില്ല. കുട്ടിക്കാലത്തുണ്ടാകുന്ന ഭയം ശിശുക്കളുടെ കുരുന്നു മനസ്സിനെ എത്രമാത്രം ബാധിക്കുമെന്നോ, ഭാവിജീവിതത്തിൽ അതു് എത്രമാത്രം ദോഷഫലം ചെയ്യുമെന്നോ ആലോചിക്കാതെയാണ് കുഞ്ഞു കരയുമ്പോൾ അമ്മമാരും വളർത്തമ്മമാരും 'ഉമ്മാക്കാൻ' വരുമെന്നും മററും പറഞ്ഞു പേടിപ്പിക്കുന്നതു്. കുട്ടികൾക്കു തൊട്ടിലിൽ വച്ചു തട്ടുന്ന ഭയം പ്രായം ചെന്നാലും മാറാതിരിക്കുന്നതു പലരുടെയും അനുഭവത്തിൽ കണ്ടുവരുന്ന ഒരു കാര്യമാണ്. പാശ്ചാത്യരുടെ കുട്ടികളേക്കാൾ നമ്മുടെ കുട്ടികൾ ആത്മധൈര്യവും ആത്മവിശ്വാസവുമില്ലാത്തവരായും അന്യാശ്രയജീവികളായും ഇരിക്കുന്നതിന്റെ രഹസ്യം എന്താണെന്ന് നാം ആലോചിച്ചിട്ടുണ്ടോ? നിർമ്മാണാത്മകമായ യാതൊരു സംരംഭത്തിലും ഏർപ്പെടുന്നതിനുള്ള ചങ്കുറപ്പില്ലാത്തവരായും അടുത്ത ഭാവിയെക്കുറിച്ച് അത്യന്തം ആശങ്കയുള്ളവരായും പ്രതികൂല സാഹചര്യങ്ങളെ നേരിടാനുള്ള ധൈര്യമില്ലാത്തവരായും ഇന്നത്തെ യുവതലമുറ തീരുന്നെങ്കിൽ അതിനുള്ള കാരണം ആത്മവിശ്വാസത്തെ കെടുത്തിക്കളയുന്ന സാഹചര്യത്തിൽ വളർന്നുവന്നതുകൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു. അതിനാൽ കുട്ടികളെ വളർത്തുന്നവരും അഭ്യസിപ്പിക്കുന്നവരും വളരെ കരുതലോടുകൂടെ വേണം അവരോട് ഇടപെടുന്നതു്. നമ്മുടെ രാജ്യത്തിന്റെ ഭാവിഭാഗധേയം പടുത്തുയർത്തുന്നതിനുള്ള അടിക്കല്ലുകളാണ് നമ്മുടെ സ്വാധീനത്തിലുള്ള കുട്ടികളെന്നു കരുതി അവരുടെ അളത്വങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും അനുയോജ്യമായ സാഹചര്യങ്ങളിൽ അവരെ പരിശീലിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. അതിനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ ചുവടെചേർക്കുന്നു.

1. കുട്ടികളെ അമ്മമാർ അടക്കിപ്പിടിച്ചുകൊണ്ടു് കിടന്നുറങ്ങാതെ അവരെ ജനിക്കുമ്പോൾമുതൽ തന്നെ തനിച്ചു കിടത്തണം.

2. ഒരു വയസാകുമ്പോൾ കുട്ടികൾ പിച്ച നടന്നുതുടങ്ങും. അപ്പോൾ ഉരുണ്ടുവീഴുക പതിവാണല്ലോ. കുട്ടികൾ വീഴുമ്പോഴൊക്കെ ഓടിച്ചെന്നെടുക്കരുതു്. വല്ല മുറിവോ ചതവോ മറേറാ ഉണ്ടാകുന്നപക്ഷം അതിനുവേണ്ട പ്രഥമശുശ്രൂഷകൾ ചെയ്യുകയല്ലാതെ അവർ വീഴുമ്പോഴൊക്കെ എടുക്കാൻ ചെന്നാൽ അവർക്കു് ആത്മവിശ്വാസവും സ്വശക്തിയും ഉണ്ടാകുകയില്ല. തന്റെ കുററംകൊണ്ടാണ് വീണതെന്നുള്ള സംഗതി കുട്ടിയുടെ മനസ്സിലുറയ്ക്കുന്നതിനും ആ ന്യൂനത സ്വയം പരിഹരിക്കുന്നതിനും ഇടയാകണമെങ്കിൽ വീഴുമ്പോഴൊക്കെ എടുക്കാതിരിക്കുകയാണു വേണ്ടതു്.

3. കുട്ടികളെ അമിതമായി ലാളിക്കുകയും താലോലിക്കുകയും ചെയ്യുന്നതും നന്നല്ല. നമ്മുടെ കുട്ടികളെ സംബന്ധിച്ച് അത്യധികമായ വ്യഗ്രതയുണ്ടെന്ന് അവരെ മനസ്സിലാക്കുകയോ എപ്പോഴും മടിയിലെടു

ത്തു വച്ച് ഓമനിക്കുകയോ അത്യാവശ്യമില്ലാത്ത സന്ദർഭങ്ങളിൽ അവരെ സഹായിക്കുകയോ എന്തെങ്കിലും നിസ്സാരമായ ഒരു പരുക്കുപറ്റിയാൽ അതിരുവിട്ടു സഹതാപം പ്രകടിപ്പിക്കുകയോ ചെയ്യുന്നതു് ശരിയല്ല.

അഗതികളോ നിർദ്ധനരോ ആയ ചില കുട്ടികൾ അനാരോഗ്യകരമായ അന്തരീക്ഷത്തിൽ അഭ്യസിപ്പിക്കപ്പെടുന്നതിനാൽ അവരുടെ ജീവിതത്തിൽ അൽഭുതം പ്രവർത്തിക്കുന്നവരായി ഉയർന്നിട്ടുള്ളതിനെപ്പറ്റി നാം കേട്ടിട്ടുണ്ടായിരിക്കുമല്ലോ. എന്താണതിന്റെ രഹസ്യം? അവരെ അധഃപതിപ്പിക്കുന്നതിനു നിദാനമായിത്തീരാവുന്ന അമിതമായ ധനക്കൊഴുപ്പിന്റെ സ്വാധീനമോ, ആഡംബര ജീവിത സൗകര്യമോ, മറ്റുള്ളവരുടെ കരുതലോ, ഇല്ലാതിരുന്നതുകൊണ്ടും ദാരിദ്ര്യത്തിന്റെ സമ്മർദ്ദം കൊണ്ടു കഠിനമായി അദ്ധ്വാനിക്കുന്നതിനു നിർബന്ധിതരായതുകൊണ്ടും അവരുടെ കഴിവിൽ ആശ്രയിക്കുന്നവരായും ആത്മാഭിമാനവും ആത്മവിശ്വാസവുമുള്ളവരായും വികസിക്കുവാനിടയായി എന്നുള്ളതാണവരുടെ വിജയരഹസ്യം. എല്ലാ കാര്യങ്ങളിലും രക്ഷകർത്താക്കൾ അല്പം ഉദാസീനരായിരുന്നാൽ കുട്ടികൾ ആത്മവിശ്വാസവും സ്വാശ്രയശീലവും ഉള്ളവരായിത്തീരുന്നതിനുള്ള സന്ദർഭം ലഭിക്കുമെന്നാണ് സുപ്രസിദ്ധ മനഃശാസ്ത്രജ്ഞനായ വില്യം ജെയിംസ് പറയുന്നതു്. അതു് കുട്ടികളെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമായിരിക്കുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ലോകത്തിലെ പല മഹാന്മാരുടേയും ജീവിതത്തിൽ അച്ഛനമ്മമാരുടെ കരുതലും പരിലാളനയും ലഭിക്കാനിടയാകാതിരുന്നിട്ടുള്ളതു് അവർക്കു വലിയ അനുഗ്രഹമായിത്തീർന്നിട്ടുണ്ടു് മാത്രമല്ല അതാണു് അവരുടെ ജീവിതവിജയ രഹസ്യമായിത്തീർന്നിട്ടുള്ളതും. അക്ബർ രൺജിത്‌സിംഗ് നവറോജി മുതലായവരുടെ ജീവിതം പരിശോധിച്ചാൽ ഈ യാഥാർത്ഥ്യം ബോദ്ധ്യമാകും.

ഒരു പൂന്തോട്ടം പരിപാലിക്കുന്ന തോട്ടക്കാരൻ മാത്രമാണ് നിങ്ങളെന്ന് ഓർക്കണം. ഒരു ചെടിയിൽ മൊട്ടുണ്ടാകുകയും, പൂവ് വിരിയുകയും കായ് ഉണ്ടാകുകയും ചെയ്യുന്ന അത്ഭുതശക്തി തോട്ടക്കാരന്റെ ശക്തിയേക്കാൾ മഹത്തരമാണല്ലോ. മൊട്ടിൽ അന്തർലീനമായിരിക്കുന്ന ജീവാങ്കുരമാണ് അതിന്റെ പരിണാമത്തിനു നിദാനം. തോട്ടക്കാരൻ ഈ ജീവശക്തിയുടെ പ്രവർത്തനത്തിനു സഹായിക്കുക മാത്രമേ ചെയ്യുന്നുള്ളു.

ഒന്നാലോചിച്ചു നോക്കൂ. പൂവിന്റെ സ്രഷ്ടാവും ജീവദാതാവും താനാണെന്ന് തോട്ടക്കാരൻ വിചാരിക്കുന്നെങ്കിൽ അതിനേക്കാൾ ഭോഷത്വം വേറെ വല്ലതുമുണ്ടോ. ഇതുപോലെ ഒരു രക്ഷകർത്താവോ അദ്ധ്യാപകനോ തനിക്കുള്ളതിൽ കവിഞ്ഞ സ്ഥാനമുണ്ടെന്നു കരുതുന്നതു് ഭോഷത്വമാണെന്നു പറയേണ്ടതില്ലല്ലോ.

കുട്ടികളെ വളർത്തുന്നതിനെ സംബന്ധിച്ചിടത്തോളം രക്ഷകർത്താവു ചെയ്യുന്നതു് കുട്ടികളിൽ അന്തർലീനമായിരിക്കുന്ന ശക്തിവിശേഷത്തിന്റെ വികാസത്തിനു സഹായിക്കുക മാത്രമാണ്. മൊട്ടു വളർന്നു പാകമായി വികസിക്കുന്നതിനുള്ള പ്രകൃതിയുടെ പ്ലാനിനു് പിന്തുണ നൽകുകയാണ് രക്ഷകർത്താവിന്റെ കർത്തവ്യം.

ഒരു രോഗിയുടെ രോഗം പൊറുപ്പിക്കുന്നതിനുള്ള പ്രവർത്തനം രോഗിയുടെ ഉള്ളിൽത്തന്നെ നടക്കുന്നതാണ്. പ്രകൃതിയുടെ പ്രമാണമനുസരിച്ചു ആ പ്രവർത്തനം മുറപോലെ നടക്കുന്നു. ഒരു വൈദ്യനോ ഡോക്ടറോ അതിനു വേണ്ട സഹായം നൽകുക മാത്രമാണ് ചെയ്യുന്നതു്.

നമ്മുടെ കുഞ്ഞുങ്ങളെ അമിതമായി ഓമനിച്ചു് അവരുടെ സ്വാഭാവികമായ വളർച്ചയ്ക്കു് പ്രതിബന്ധമുണ്ടാക്കുന്നതു് വലിയൊരപരാധമായിരിക്കും. നമ്മുടെ കുഞ്ഞുങ്ങളെ സംബന്ധിച്ചു് നമുക്കുള്ള ഉത്തരവാദിത്വം അവഗണിക്കുന്നതിനോടു തുല്യമാണതു്. ഒരുവേള അതിലും ഗുരുതരമായ അപരാധമായിരിക്കും അതു്

4. നിങ്ങളുടെ കുഞ്ഞു് ഉരുണ്ടുവീണു മുട്ടുപൊട്ടി എന്നു വിചാരിക്കുക. അതിനെക്കുറിച്ചു വളരെയധികം ഉൽക്കണ്ഠയും സങ്കടവും പ്രകടിപ്പിക്കുകയോ, കുഞ്ഞിനു പറ്റിയ പരുക്കിനെപ്പറ്റി അതിരുകവിഞ്ഞ വ്യഗ്രതയോടുകൂടെ സംസാരിക്കുകയോ ചെയ്തുകൂടാത്തതാണു്. നേരേമറിച്ചു് അതു് ഒരു സർവ്വസാധാരണ സംഭവമാണെന്നു പറഞ്ഞുകൊണ്ടു് ഏറ്റവും ലഘുപ്പെടുത്തി സംസാരിക്കുകയും അതേക്കുറിച്ചു അശേഷം സാരമായി ഗൗനിക്കാതെ ധൈര്യപ്പെടുത്തുകയുമാണ് വേണ്ടതു്. താമസിയാതെ ആ കുട്ടിയിൽ ധൈര്യം വികസിച്ചു വരുന്നതായി നമുക്കു കാണാൻ കഴിയും.

5. സാങ്കല്പികങ്ങളായ പ്രേതകഥകളും മറ്റും പറഞ്ഞു് കുട്ടികളെ ഒരിക്കലും ഭയപ്പെടുത്തിക്കൂടാത്തതാണ്. പേടി എന്താണെന്നു താൻ ഒരിക്കലും അറിഞ്ഞിട്ടില്ലെന്നു് നെൽസൻ തന്റെ മുത്തശ്ശിയോടു് ഒ

അന്തരിച്ചുപോയ വൈദ്യരത്നം പി. എസ്. വാര്യരുടെ

# ആര്യവൈദ്യശാല

**ഹെഡ് ആഫീസ്.— കോട്ടയ്ക്കൽ, തെക്കേമലബാർ.**

**ബ്രാഞ്ചുകൾ—കോഴിക്കോട്, പാലക്കാട്, തിരൂർ & ഈറോട്.**

ഇവിടെ ചിരപരിചയം സിദ്ധിച്ച വിദഗ്ദ്ധന്മാരുടെ മേൽനോട്ടത്താൽ ആയുർവേദവിധിപ്രകാരമുള്ള മരുന്നുകൾ നിർമ്മിച്ചുവരുന്നു.

ധാര, പിഴിച്ചൽ, ഞവരക്കിഴി മുതലായ പ്രത്യേകചികിത്സകൾ പ്രധാനവൈദ്യൻ ശ്രീ പി. എം. വാര്യരുടെ മേൽനോട്ടത്തിൽ കോയ്ക്കൽ വെച്ചു നടത്തുന്നതാണ്.

സർപ്പവിഷം മുതലായ വിഷങ്ങൾക്കുള്ള ചികിത്സക്കും ഇവിടെ ഏർപ്പാടുണ്ട്.

അധിക വിവരങ്ങൾക്കു ഹെഡാഫീസിലേക്ക് എഴുതിച്ചോദിക്കുക,

ഔഷധപ്പട്ടിക സൗജന്യം.

**മാനേജർ.**

രിക്കൽ പറഞ്ഞതായി വായിച്ചിട്ടുണ്ട്. യാതൊന്നിനെക്കുറിച്ചും ഭയപ്പെടാനിടയാകാത്ത ഒരു കുട്ടിയുടെ ദൃഷ്ടാന്തമാണത്. വളരെ നിസ്സാരവും അപ്രധാനവുമായ ഭയം ഒരു കുട്ടിയുടെ മനസ്സിൽ ദൃഢമൂലമാകുന്നതിനാൽ ഭാവിജീവിതം അത്യന്തം ദുരിതസമ്പൂർണ്ണവും പ്രാപ്തിശൂന്യവുമായിത്തീരാവുന്നതാണ്.

ഒരു റഷ്യൻ ഗ്രന്ഥകാരൻ തന്റെ ആത്മകഥാകഥനത്തിൽ ഇപ്രകാരമൊരു കഥ പറഞ്ഞിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം ഒരു പൂച്ചക്കുഞ്ഞിനെ എടുത്ത് ഒരെലിയുടെ മുമ്പിൽ വച്ചു. തന്റെ ശത്രുവായ എലിയെ പിടിക്കുന്നതിനുള്ള സ്വതസ്സിദ്ധമായ സമരവാസന വികസിക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ ആ പൂച്ചക്കുഞ്ഞ് പുറകോട്ട് ഓടിപ്പോയി. വീണ്ടും അതിനെപ്പിടിച്ച് എലിയുടെ മുമ്പിൽ വച്ചെങ്കിലും അതിന് എലിയെ പിടിക്കാനുള്ള ധൈര്യമുണ്ടായില്ല. അതുകൊണ്ട് അതു വീണ്ടും പുറകോട്ട് ഓടുകയാണുണ്ടായത്. ഓരോ പ്രാവശ്യവും അദ്ദേഹം ആ പൂച്ചക്കുഞ്ഞിനു ഓരോ അടി കൊടുത്തു ഒടുവിൽ ഒരു നല്ല അടി കൊടുത്ത് അതിനെ വിടുകയും ചെയ്തു അന്നത്തെ ആ അടിയുടെ കഠിനമായ വേദന ആ പൂച്ചക്കുഞ്ഞിന്റെ കുരുന്നുമനസ്സിൽ നിന്ന് ഒരിക്കലും മാഞ്ഞുപോയില്ല. അതു വളർന്നു ആ തടിയൻ പൂച്ചയായി പക്ഷെ എലിയെ കണ്ടാൽ അതിനെ പിടിക്കാൻ ആ പൂച്ചയ്ക്കു ഭയമായിരുന്നു. അന്നത്തെ ആ അടിയുടെ ഉഗ്രമായ വേദന എലിയെ പിടിക്കാനുള്ള ജന്മസിദ്ധമായ വാസനയുടെ നാമ്പ് കുരുന്നിലെ നുള്ളിക്കളഞ്ഞതിനാൽ എന്നും ആ പൂച്ച ഭീരുവായിത്തന്നെ കഴിഞ്ഞു.

ഇതുപോലെ കുഞ്ഞുങ്ങളിൽ വാസനാജന്യമായുള്ള ധൈര്യത്തിന്റെയും വീര്യത്തിന്റെയും നാമ്പു നുള്ളിക്കളഞ്ഞാൽ അവരുടെ ജീവിതം പാഴായിപ്പോകുമെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിക്കരുത്.

Regd: No. 5595.

ARUNA
Monthly Home Journal in Malayalam


# പ്രതീക്ഷിപ്പിൻ!



കുമാരി, പ്രേംനസീർ, കൊട്ടാരക്കര ശ്രീധരൻനായർ, മുതുകുളം,
നാണുക്കുട്ടൻ, എസ്. പി. പിള്ള മുതലായവർ അഭിനയിച്ച

നീലാ പ്രൊഡക്ഷൻസ്

## "അവകാശി"

മലയാളം

*For Kerala:*

**THE FILM DISTRIBUTING CO.,**
ERNAKULAM, THIRUVALLA, CALICUT, TRIVANDRUM.


Published by Verghese Kalathil M. A., Kottayam, and Printed at the M. M. Press, Kottayam.